# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## www.ksad.kerala.gov.in

## ചാലക്കുടി മുനിസിപ്പാലിറ്റി

## ഓഡിറ്റ് റിപ്പോർട്ട്

## 2022-2023

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

**ജില്ലാ ഓഡിറ്റ് കാര്യാലയം**

**തൃശ്ശൂർ - 680020**

**ഇ-മെയിൽ: dotsr.ksad@kerala.gov.in**

**ഫോൺ : 0487-2331249**

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ടി.എസ്.ആർ.(എം3)102/24.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020
തീയ്യതി: 18/03/2024
ഇ-മെയിൽ: dotsr.ksad@kerala.gov.in
ഫോൺ: 0487-2331249

ജോയിന്റ് ഡയറക്ടർ

ചെയർമാൻ (സെക്രട്ടറി മുഖേന)
ചാലക്കുടി മുനിസിപ്പാലിറ്റി

സർ,

**വിഷയം : ചാലക്കുടി മുനിസിപ്പാലിറ്റിയുടെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചാലക്കുടി മുനിസിപ്പാലിറ്റിയുടെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള മുനിസിപ്പാലിറ്റി നിയമം -പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള മുനിസിപ്പാലിറ്റി പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഇമെയിൽ മുഖേന)
2) ജോയിന്റ് ഡയറക്ടർ,, തദ്ദേശസ്വയംഭരണ വകുപ്പ്, തൃശ്ശൂർ (ഇമെയിൽ മുഖേന)
3) കാര്യാലയ പകർപ്പ്

നമ്പർ: കെ.എസ്.എ.ടി.എസ്.ആർ.(എം3)102/24. തീയ്യതി: 18/03/2024

## തൃശ്ശൂർ ജില്ലയിലെ ചാലക്കുടി മുനിസിപാലിറ്റിയുടെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13** , **1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18**, (**1994** ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് **295(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ ചാലക്കുടി മുനിസിപ്പാലിറ്റിയുടെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 27-03-2023 മുതൽ 31-12-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2022 മുതൽ 31-03-2023 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 71 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 20 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/ പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി സുധ ദാസ് | ജോയിന്റ് ഡയറക്ടർ | 05-01-2024 | 16-01-2024 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 05-01-2024 | 16-01-2024 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീ.ശിവൻ.പി.എ., ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേഡ്)

ശ്രീ.ജയകൃഷ്ണൻ.എസ്.,ഓഡിറ്റ് ഓഫീസർ

ശ്രീ.നിർമ്മൽ.കെ.ജി., ഓഡിറ്റ് ഓഫീസർ

ശ്രീമതി.പ്രവിദ.പി.എ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീ. ജീജോ ജോബ്, സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീമതി.രേഖ.ഇ.സി., ഓഡിറ്റർ

ശ്രീ.രഞ്ജിത്ത്.പി.ആർ, ഓഡിറ്റർ

ശ്രീ.സിജോ തോമസ്, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| വി. ഒ പൈലപ്പൻ | ചെയർമാൻ | 01-04-2022 | 08-07-2022 |
| സിന്ധു ലോജു (ഇൻചാർജ്) | ചെയർമാൻ | 09-07-2022 | 24-07-2022 |
| എബി ജോർജ് | ചെയർമാൻ | 25-07-2022 | 31-03-2023 |
| ആകാശ് എം. എസ്. | സെക്രട്ടറി | 01-04-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| തോമസ് കെ. സി | കൃഷി ഓഫീസർ | 01-04-2022 | 31-03-2023 |
| ഡോ. ഷീജ എൻ. എ | മെഡിക്കൽ ഓഫീസർ (താലൂക്ക് ആശുപത്രി) | 01-04-2022 | 31-03-2023 |
| ഡോ. സിസി എ. എൻ | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2022 | 31-03-2023 |
| പോൾ തോമസ് വി | ഹെൽത്ത് ഓഫീസർ | 01-04-2022 | 31-03-2023 |
| ഡോ. മോളി ആന്റണി | വെറ്ററിനറി സർജ്ജൻ | 01-04-2022 | 31-03-2023 |
| നിത ആർ നായർ | പ്രിൻസിപ്പാൾ, ജി.ബി.എച്ച്.എസ്.എസ് | 01-04-2022 | 30-09-2022 |
| ബിന്ദു എ. എം | പ്രിൻസിപ്പാൾ, ജി.ബി.എച്ച്.എസ്.എസ് | 01-10-2022 | 31-03-2023 |
| രേഖ ഡൊമിനി | പ്രിൻസിപ്പാൾ, വി.എച്ച്.എസ്.എസ് | 01-04-2022 | 31-03-2023 |
| ബിന്ദു ലോനപ്പൻ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2022 | 31-03-2023 |
| മിനി ഇ | വ്യാവസായ വികസന ഓഫീസർ | 01-04-2022 | 31-03-2023 |
| മനോജ് കുമാർ സി. യു | പ്രൊജക്ട് ഓഫീസർ | 01-04-2022 | 31-03-2023 |
| ജുബിന | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 31-03-2023 |
| അശോക് കുമാർ | അസി. എഞ്ചിനീയർ | 01-04-2022 | 31-03-2023 |
| സുഭാഷ് എം. കെ | മുനിസിപ്പൽ എഞ്ചിനീയർ | 01-04-2022 | 31-03-2023 |
| ഷീബ ടി.ബി | പ്രധാന അദ്ധ്യാപിക, ഹൈസ്കൂൾ ചാലക്കുടി | 01-04-2022 | 31-03-2023 |
| സാജി ടി. കെ. | പ്രധാന അദ്ധ്യാപിക, ഹൈസ്കൂൾ ചാലക്കുടി, വി. ആർ. പുരം | 01-04-2022 | 31-03-2023 |
| ശ്രീജ | പ്രധാന അദ്ധ്യാപിക, എൽ.പി സ്കൂൾ , ചാലക്കുടി | 01-04-2022 | 31-03-2023 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | ഇൻവെസ്റ്റ്മെന്റുകൾ ഭൗതിക പരിശോധനക്ക് ഹാജരാക്കിയിട്ടില്ല | 1-1-1 |
| 3 | വായ്പാ വിവരങ്ങൾ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല | 1-1-2 |
| 4 | ഡെപ്പോസിറ്റ് പ്രവൃത്തികൾ - ശീർഷകം തെറ്റിയതിനാൽ ബാലൻസ് ഷീറ്റിൽ ആസ്തിയിനത്തിൽ കുറവ് രേഖപ്പെടുത്തിയിരിക്കുന്നു | 1-1-3 |
| 5 | ബാധ്യതകൾ ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല. | 1-1-4 |
| 6 | ബാധ്യത ശീർഷകങ്ങളും തത്തുല്യമായ ബാങ്ക് അക്കൗണ്ട് നീക്കിയിരിപ്പ് തുകകളും പൊരുത്തപ്പെടുന്നില്ല | 1-1-5 |
| 7 | CFC ഗ്രാന്റ്-സുലേഖ പത്രിക പ്രകാരമുള്ള ചെലവുകളും വാർഷികകണക്കുകളിലെ ചെലവുകളും പൊരുത്തപ്പെടുന്നില്ല | 1-1-6 |
| 8 | റവന്യൂ ചെലവായി രേഖപ്പെടുത്തിയ ശീർഷകങ്ങളിൽ നെഗറ്റീവ് തുക ചേർത്തിരിക്കുന്നു | 1-1-7 |
| 9 | പ്രൊവിഷൻ കണക്കാക്കിയ വർക്ക് ഷീറ്റുകൾ ലഭ്യമാക്കിയില്ല | 1-1-8 |
| 10 | വസ്തു നികുതി-ഡിമാന്റ് എൻട്രി രേഖപ്പെടുത്തുന്നില്ല | 1-1-9 |
| 11 | വാടക-ഡിമാന്റ് സമയബന്ധിതമായി രേഖപ്പെടുത്തുന്നില്ല | 1-1-10 |
| 12 | ജേണൽ വൗച്ചർ മുഖേനയുളള രേഖപ്പെടുത്തലുകൾക്ക് വൗച്ചറുകൾ ഇല്ല | 1-1-11 |
| 13 | കാലാവധി കഴിഞ്ഞ ചെക്കുകൾ " Liability In Respect Of Stale Cheque” എന്ന ബാധ്യത ശീർഷകത്തിലേയ്ക്ക് മാറ്റിയില്ല | 1-1-12 |
| 14 | നിക്ഷേപിച്ച് ദീർഘകാലമായിട്ടും ചെക്കുകൾ അക്കൗണ്ടിൽ ക്രെഡിറ്റ് ആയില്ല | 1-1-13 |
| 15 | Directly Debited By Bank-ഇടപാടുകൾ വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല | 1-1-14 |
| 16 | Directly Credited By Bank-ഇടപാടുകൾ വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല | 1-1-15 |
| 17 | ഡിമാന്റ് രജിസ്റ്ററുകളിൽ സംക്ഷിപ്തം തയ്യാറാക്കിയിട്ടില്ല-വരുമാനങ്ങളുടെ കൃത്യത ഉറപ്പ് വരുത്താനായിട്ടില്ല | 1-1-16 |
| 18 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല | 1-1-17 |
| 19 | ഡെപ്പോസിറ്റ് രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല | 1-1-18 |
| 20 | മുൻകൂർ രജിസ്റ്റർ വാർഷിക ധനകാര്യപത്രികയുമായി പൊരുത്തപ്പെടുന്നില്ല. | 1-1-19 |
| 21 | സ്റ്റോക്ക് രജിസ്റ്റർ വാർഷിക ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുത്തിയിട്ടില്ല | 1-1-20 |
| 22 | അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി - കാഷ് ബുക്ക് വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല. | 1-1-21 |
| 23 | ബജറ്റ് | 1-2 |
| 24 | ഫണ്ട് വിനിയോഗം | 1-3 |
| 25 | പദ്ധതി അവലോകനം | 1-4 |
| 26 | അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി-ഫണ്ട് വിനിയോഗം (കാഷ് ബുക്ക് പ്രകാരം) | 1-5 |
| 27 | ക്ഷേമ പദ്ധതികൾ | 1-6 |
| 28 | ക്യാഷ് ബാലൻസ് പരിശോധന | 1-7 |
| 29 | ആഭ്യന്തരനിയന്ത്രണം | 1-8 |
| 30 | നഗരസഭയുടെ നികുതി-നികുതിയേതര വരവുകൾ -അവലോകനം | 1-9 |
| 31 | വരവ് തുകകൾ ബാങ്കിൽ അടവാക്കുന്നതിൽ കാലതാമസം വരുത്തുന്നു | 1-10 |
| 32 | നഗരസഭാ ഉടമസ്ഥതയിലുള്ള കെട്ടിടമുറികളിൽ ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു. | 1-11 |
| 33 | ലൈസൻസ് ഫീ-സ്ഥാപനങ്ങളിൽ നിന്നും കഴിഞ്ഞ വർഷം ഈടാക്കിയതിനേക്കാൾ കുറവ് ഫീ ഡിമാൻഡ് ചെയ്ത് ഈടാക്കുന്നു. | 1-12 |

| | | |
|---|---|---|
| 34 | തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | 1-13 |
| 35 | തൊഴിൽ നികുതി അടവാക്കിയതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ് | 1-14 |
| 36 | ഒഴിഞ്ഞുകിടക്കുന്ന കടമുറികൾ ലേലം ചെയ്യാനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല | 1-15 |
| 37 | ലേലം നടത്തിയ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ് | 1-16 |
| 38 | ലേലം ഫയൽ ലഭ്യമാക്കേണ്ടതാണ് | 1-17 |
| 39 | വസ്തുനികുതി- ഓഡിറ്റിന് ആവശ്യമായ രേഖകൾ ലഭ്യമാക്കിയില്ല. | 1-18 |
| 40 | വേക്കൻസി റമിഷൻ അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കുന്നില്ല. | 1-19 |
| 41 | അനധികൃത കെട്ടിടനിർമ്മാണം- ചട്ടവിരുദ്ധമായ നിർമ്മാണങ്ങൾക്കെതിരെ നടപടികൾ സ്വീകരിക്കേണ്ടതാണ്. | 1-20 |
| 42 | ഒക്യുപൻസി സർട്ടിഫിക്കറ്റ് അനുവദിച്ചതിൽ അപാകം | 1-21 |
| 43 | പൊതുടാപ്പുകളുടെ കുടിവെള്ള ചാർജ് ഇനത്തിൽ ഭീമമായ കുടിശ്ശിക | 1-22 |
| 44 | തെരുവ് വിളക്കുകളുടെ അറ്റകുറ്റപ്പണികൾ (AMC)-രേഖകൾ ഹാജരാക്കിയില്ല ചെലവുതുക 29,95,771/- രൂപ തടസ്സപ്പെടുത്തുന്നു | 1-23 |
| 45 | എച്ച് എം സി കണക്കുകൾ ഓഡിറ്റിന് സമർപ്പിക്കേണ്ടതാണ് | 1-24 |
| 46 | KMSCL ന് തുക മുൻകൂർ നൽകി-മരുന്നുകൾ ലഭ്യമായിട്ടില്ല | 1-25 |
| 47 | പെൻഷൻ വിഹിതം സെൻട്രൽ പെൻഷൻ ഫണ്ടിൽ ഒടുക്കുന്നില്ല | 1-26 |
| 48 | DLR തൊഴിലാളികളുടെ നിയമനം- സർക്കാർ അനുമതി ലഭ്യമാക്കേണ്ടതാണ് | 1-27 |
| 49 | സുലേഖ സ്റ്റേറ്റ്മെന്റിൽ നിർവഹണോദ്യോഗസ്ഥരെ തെറ്റായി രേഖപ്പെടുത്തി | 1-28 |
| 50 | ഇൻഡോർ സ്റ്റേഡിയം സ്ഥലം ഏറ്റെടുത്തതിലെ വിധിക്കടം നഗരസഭക്ക് ബാധ്യത | 1-29 |
| 51 | അമൃതം ഫുഡ് വാങ്ങിയതിന് ജി എസ് ടി ടി.ഡി.എസ് ഈടാക്കിയിട്ടില്ല. | 1-30 |
| 52 | കന്നുകുട്ടി പരിപാലനം-വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്. | 1-31 |
| 53 | മുൻകൂർ കൈപ്പറ്റിയ ഗുണഭോക്താക്കൾ നാളിതുവരെ പണി പൂർത്തികരിച്ചിട്ടില്ല. | 1-32 |
| 54 | ബാലസഭ:അധികം നൽകിയ 22098/- രൂപ തടസ്സപ്പെടുത്തുന്നു | 1-33 |
| 55 | ഷീസ്കിൽസ്-ചാലക്കുടി വനിതകൾക്ക് നൈപുണ്യ പരിശീലന പരിപാടി:ചെലവ് തുക 977700/-തടസ്സപ്പെടുത്തുന്നു | 1-34 |
| 56 | കിണർ റീച്ചാർജ്ജിംങ്ങ്(മഴപ്പൊലിമ):വിനിയോഗവിവരം ലഭ്യമാക്കാത്തതിനാൽ ₹4,00,000 രൂപ തടസ്സപ്പെടുത്തുന്നു | 1-35 |
| 57 | വയബിലിറ്റി ഗ്യാപ്പ് ഫണ്ട് അനുവദിക്കുന്നത് മാർഗ്ഗരേഖ പാലിക്കേണ്ടതാണ്. | 1-36 |
| 58 | ഹോമിയോ ആശുപത്രിക്ക് മരുന്നു വാങ്ങൽ - അപാകത | 1-37 |
| 59 | പദ്ധതി മോണിറ്ററിംഗ് ചെലവുകൾ -അപാകതകൾ | 1-38 |
| 60 | പതിനാലാം പഞ്ചവത്സര പദ്ധതി രൂപീകരണം സംബന്ധിച്ചുള്ള പഠനം റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല. | 1-39 |
| 61 | എസ്.സി വിദ്യാർത്ഥികൾക്ക് ലാപ്പ്ടോപ്പ് വിതരണം - അപാകതൾ. | 1-40 |
| 62 | വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. | 1-41 |
| 63 | ഹെൽത്ത് വെൽനെസ്സ് സെന്ററുകൾക്ക് തുക നൽകിയത് - രേഖകൾ ഹാജരാക്കിയിട്ടില്ല, | 1-42 |
| 64 | സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം കെൽട്രോണിൽ നിന്ന് തുക തിരികെ ലഭ്യമാക്കുന്നത്. | 1-43 |
| 65 | സാധനസാമഗ്രികളുടെ ഗുണനിലവാരം ഉറപ്പുവരുത്തിയിട്ടില്ല | 1-44 |
| 66 | കുഴിച്ചെടുത്ത മണ്ണിന്റെ വിനിയോഗം വ്യക്തമായി അളവുപുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടില്ല | 1-45 |
| 67 | ടൗൺ ഹാൾ പൂർത്തീകരണം-അളവുപുസ്തകം,ബിൽ എന്നിവ ഹാജരാക്കിയില്ല - 15,93,377 രൂപ തടസ്സപ്പെടുത്തുന്നു | 1-46 |
| 68 | നഗരസഭ ടൗൺഹാളിന്റെ പരിപാലന ചെലവ് പരിമിതപ്പെടുത്തുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ് | 1-47 |
| 69 | പൊതു സ്ഥലങ്ങളിൽ മാലിന്യനിക്ഷേപം തടയുന്നതിന് സി.സി.ടി.വി ക്യാമറ സ്ഥാപിക്കൽ– അപാകങ്ങൾ | 1-48 |

| | | |
|---|---|---|
| 70 | ചാലക്കുടിപ്പുഴ പുനരുജ്ജീവനം-നീക്കം ചെയ്ത എക്കൽ ചെളി കലർന്ന മണ്ണ് നഗരസഭാ ആസ്തി പ്രദേശങ്ങളിൽ നിക്ഷേപിച്ചത്-ഫയൽ ഹാജരാക്കിയില്ല | 1-49 |
| 71 | നഗരസഭയുടെ സ്ഥിരാസ്തികളുടെ എണ്ണം സംബന്ധിച്ച വിവരം, ആധാരങ്ങൾ എന്നിവ ലഭ്യമാക്കിയില്ല | 1-50 |
| 72 | കെട്ടിടങ്ങളുടെ ഫിറ്റ്നെസ്സ് സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കിയില്ല | 1-51 |
| 73 | കേരള വാട്ടർ അതോറിറ്റി നഗരസഭാറോഡുകളിൽ കുഴികളെടുത്തത് - വിശദീകരണം ലഭ്യമായിട്ടില്ല | 1-52 |
| 74 | അമൃത് 2.0 പദ്ധതി - പ്രവർത്തനങ്ങൾ ത്വരിതമാക്കേണ്ടതാണ് | 1-53 |
| 75 | സാമൂഹ്യ സുരക്ഷാപെൻഷനുകൾ– അനർഹമായി തുക കൈപ്പറ്റിയത്-തുടർനടപടി വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്. | 1-54 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് | 4-3 |
| 4 | വായ്പ / വായ്പാതിരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപങ്ങൾ | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 8 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാനവശേഷിക്കുന്ന ഖണ്ഡികകൾ | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | വാർഷിക കണക്കുകളുടെ സംക്ഷിപ്തം | |

# ഭാഗം –1

## പൊതു അവലോകനം

### 1–1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. ചാലക്കുടി മുനിസിപ്പാലിറ്റിയുടെ 2023 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31.03.2023 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 20.06.2023 തീയതിയിലെ 52-ാം നം. തീരുമാനം പ്രകാരം അംഗീകരിച്ച് 15.07.2023 തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994 ലെ കേരള മുൻസിപ്പാലിറ്റി നിയമം വകുപ്പ് 295(4), 2007ലെ കേരള മുൻസിപ്പാലിറ്റി (അക്കൗണ്ട്സ് ചട്ടങ്ങൾ), കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട് 1994, കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് റൂൾസ് 1996, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അദ്ധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/ സംസ്ഥാന സർക്കാർ മാർഗ്ഗനിർദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് നഗരസഭസ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. സി & എ ജി ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ, നഗരപാലിക സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യ പത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷിക ധനകാര്യ പത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യ പത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ നഗരപാലിക സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിംഗ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് റിപ്പോർട്ട് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

**വിശേഷണങ്ങളോട് കൂടിയ അഭിപ്രായം**

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, ചാലക്കുടി മുനിസിപ്പാലിറ്റിയുടെ 2022-23 വർഷത്തേക്കുള്ള വാർഷിക ധനകാര്യ പത്രികകൾ 31.03.2023 ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും 31.03.2023 ലെ സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

**സ്ഥലം : തൃശ്ശൂർ**

**തീയതി: 18.03.2024**

**ജോയിന്റ് ഡയറക്ടർ**
**ജില്ലാ ഓഡിറ്റ് കാര്യാലയം**
**തൃശ്ശൂർ**

## 1-1-1 ഇൻവെസ്റ്റ്മെന്റുകൾ ഭൗതിക പരിശോധനക്ക് ഹാജരാക്കിയിട്ടില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ B12 പ്രകാരം 6,08,957 രൂപയുടെ നിക്ഷേപം കാണുന്നു. എന്നാൽ ഇൻവെസ്റ്റ്മെന്റുകൾ ഭൗതിക പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. ആയതിനാൽ അവയുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

## 1-1-2 വായ്പാ വിവരങ്ങൾ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല

2022-23 സാമ്പത്തിക വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെ വിശദവിവരം താഴെ കൊടുക്കുന്നു. ഈ വിവരങ്ങൾ വാർഷിക കണക്കിലെ ബാലൻസ് ഷീറ്റിലെ B-5 ഷെഡ്യൂളുമായി പോരുത്തപ്പെടുന്നില്ല. ഇത് മൂലം നഗരസഭയുടെ ബാലൻസ് ഷീറ്റ് പ്രകാരമുള്ള ബാധ്യത നഗരസഭയുടെ യഥാർത്ഥ സാമ്പത്തിക നിലയിൽ നിന്ന് വ്യത്യാസപ്പെട്ടിരിക്കുന്നു (യഥാർത്ഥത്തിൽ ഉള്ളതിനേക്കാൾ 1,87,25,231 രൂപ കുറവായി ബാലൻസ് ഷീറ്റിൽ കാണിക്കുന്നു.) അപാകത കണ്ടെത്തി പരിഹരിക്കേണ്ടതാണ്.

| വായ്പയുടെ പേര് / ഉദ്ദേശ്യം | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക | | |
|---|---|---|---|
| | വാർഷിക കണക്കു പ്രകാരം (B-5 ഷെഡ്യൂൾ പ്രകാരം) | വായ്പാ രജിസ്റ്റർ പ്രകാരം | വ്യത്യാസം |
| HUDCO | 99,46,666 | 2,87,46,666 | 1,88,00,000 കുറവ് |
| FEDERAL BANK | 64,41,444 | 63,66,675 | 74769 രൂപ കൂടുതൽ |

2023-24 വർഷത്തെ വാർഷിക കണക്ക് തയ്യാറാക്കുമ്പോൾ സ്ഥാപനത്തിന്റെ യഥാർത്ഥ സാമ്പത്തിക നില ബാലൻസ് ഷീറ്റിൽ പ്രതിഫലിക്കുന്നുണ്ടെന്നു ഉറപ്പ് വരുത്താൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-1-3 ഡെപ്പോസിറ്റ് പ്രവൃത്തികൾ - ശീർഷകം തെറ്റിയതിനാൽ ബാലൻസ് ഷീറ്റിൽ ആസ്തിയിനത്തിൽ കുറവ് രേഖപ്പെടുത്തിയിരിക്കുന്നു

താഴെ ചേർത്തിരിക്കുന്ന ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നിർവ്വഹണ ഏജൻസികൾക്ക് മുൻകൂർ തുക നൽകുമ്പോൾ " Advance To Implementing Agencies" എന്ന ശീർഷകത്തിൽ ചെലവ് രേഖപ്പെടുത്തുകയും ഏജൻസിയിൽനിന്നും വിനിയോഗ പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാകുന്ന മുറക്ക് മാത്രം അതാത് ചെലവ്, ആസ്തി ശീർഷകത്തിൽ ചെലവ് രേഖപ്പെടുത്തുകയും ചെയ്യുന്നതിന് പകരം, മുൻകൂർ നൽകുമ്പോൾ തന്നെ ബന്ധപ്പെട്ട ചെലവ്, ആസ്തി ശീർഷകത്തിൽ രേഖപ്പെടുത്തലുകൾ വരുത്തുന്നതായി കാണുന്നു. മാത്രമല്ല മുൻകൂർ രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ വരുത്തുന്നുമില്ല. ഇപ്രകാരം ചെയ്യുന്നതിനാൽ മുൻകൂർ തുകകളുടെ വിനിയോഗം നിരീക്ഷിക്കാൻ കഴിയാതെ വരുന്നു. ഇപ്രകാരം രേഖപ്പെടുത്തലുകൾ വരുത്തിയതിനുള്ള ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു

| ക്ര.ന | പ്രോജക്റ്റ് | വൌച്ചർ നമ്പർ | ഡെപ്പോസിറ്റ് തുക | ഏജൻസി | ചെലവ് രേഖപ്പെടുത്തിയ ശീർഷകം | ചെലവ് രേഖപ്പെട്ട ത്തേണ്ടിയിരുന്ന ശീർഷകം |
|---|---|---|---|---|---|---|
| 1 | 330/22- അമൃത് നഗരസഭാ വിഹിതം | 2202788/ 16.07.22 | 70,00,000 | KWA | 341300100* | 460..... ൽ തുടങ്ങുന്ന ഉചിതമായ ശീർഷകം |
| 2 | 397/23- | 22202718/ | 77,00,000 | KWA | 250400800 | |

| | | | | | | |
|---|---|---|---|---|---|---|
| | അമൃത് നഗരസഭാ വിഹിതം | 31.03.23 | | | | |
| 3 | 222/23- വിവിധ വാർഡുകളിലെ സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ | 22202726/ 30.03.23 | 4,24,784 | KSEB | 252100101 | |
| | | 22202664/ 08.02.23 | 10,75,216 | | | |
| ആകെ | | | 1,62,00,000 | | | |

*വാട്ടർ അതോറിറ്റിക്ക് ഡെപ്പോസിറ്റായി നൽകിയ തുക, തുക തിരികെ നൽകേണ്ട ബാധ്യതാശീർഷകത്തിൽ വരവായി രേഖപ്പെടുത്തുകയും പിന്നീട് ചെലവു തുക ടി ബാധ്യതാശീർഷക ത്തിൽ നിന്നും കുറവു ചെയ്യുകയുമാണ് ചെയ്തിട്ടുള്ളത്. മേൽ പട്ടികപ്പെടുത്തിയ തുകകൾ കൃത്യമായ ശീർഷകത്തിൽ ഉൾപ്പെടുത്തേണ്ടതും പ്രവൃത്തി പൂർത്തീകരിക്കുന്നമുറയ്ക്ക് ഉചിതമായ ആസ്തി/ചെലവ് ശീർഷകത്തിൽ രേഖപ്പെടുത്തേണ്ടതുമാണ്. കൂടാതെ അഡ്വാൻസ് രജിസ്റ്ററിൽ രേഖപ്പെടുത്തൽ വരുത്തേണ്ടതുമാണ്.

## 1-1-4 ബാധ്യതകൾ ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

താഴെ ചേർത്തിരിക്കുന്ന ബാലൻസ്ഷീറ്റ് പ്രകാരം ബി-17 പ്രകാരമുള്ള പ്രത്യേകോദ്ദേശ്യ ബാങ്ക് അക്കൗണ്ടുകൾക്ക് തത്തുല്യമായ ബാധ്യതാ ശീർഷകം ബാലൻസ്ഷീറ്റ് ബി -4 ൽ ചേർത്തിട്ടില്ല.

| ക്രമ നമ്പർ | ശീർഷകം | ബാങ്ക് അക്കൗണ്ട് | തുക |
|---|---|---|---|
| 1 | 450210120 | Indian Bank Amruth -7120220178 | 8204 |
| 2 | 450210600 | Bank Of Baroda | 2,888,474 |
| 3 | 450220700 | HDFC Pension 50100243203822 | 3114 |
| 4 | 450410300 | Indian Bank Suvarna Gruham- 7259734152 | 3050363 |
| 5 | 450620400 | Bank Of Baroda IHSDP 703- 34260100000703 | 371691 |
| 6 | 450610100 | Bank Of Baroda IHSDP-34260200000006 | 7405 |
| 7 | 450620400 | TDC Evening Branch-Loan A/C-146712801000013 | 32664 |

മേൽ പരാമർശിച്ച അക്കൗണ്ടിലെ തുകകൾ 2023-24 വർഷത്തിൽ സ്ഥാപനത്തിന്റെ ബാധ്യതാശീർഷകങ്ങളിൽ ഉൾപ്പെടുത്തേണ്ടതാണ്.

## 1-1-5 ബാധ്യത ശീർഷകങ്ങളും തത്തുല്യമായ ബാങ്ക് അക്കൗണ്ട് നീക്കിയിരിപ്പ് തുകകളും പൊരുത്തപ്പെടുന്നില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ B-2, B-4 എന്നിവ പ്രകാരം മാറ്റി വയ്ക്കപ്പെട്ട ഫണ്ടുകൾ, പ്രത്യേകോദ്ദേശ്യ ഗ്രാന്റ് തുകകൾ, ഗുണഭോക്തൃവിഹിതം എന്നീ ഇനങ്ങളിൽ ചെലവഴിക്കാൻ 31/3/23 ൽ ബാക്കിയുള്ള തുകയും ഈയാവശ്യത്തിനായി തുടങ്ങിയിട്ടുള്ള ബാങ്ക് അക്കൗണ്ടുകളുടെ 31/3/23 ലെ നീക്കിയിരിപ്പ് തുകകളും തുല്യമാകേണ്ടതുണ്ട് (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ B-17). ഇപ്രകാരം പ്രത്യേകോദ്ദേശ്യ വിഹിതങ്ങൾ, ഗുണഭോക്തൃവിഹിതം എന്നിവ തനത് ഫണ്ടിൽ നിക്ഷേപിച്ച സംഗതികളിൽ അപ്രോപ്രിയേഷൻ കൺട്രോൾ

രജിസ്റ്റർ എഴുതി സൂക്ഷിക്കേണ്ടതുണ്ട്. എന്നാൽ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എഴുതി സൂക്ഷിക്കാത്തതിനാൽ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ B-4 പ്രകാരമുള്ള ബാധ്യതാ തുകകളുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

### 1-1-6 CFC ഗ്രാന്റ്-സുലേഖ പത്രിക പ്രകാരമുള്ള ചെലവുകളും വാർഷികകണക്കുകളിലെ ചെലവുകളും പൊരുത്തപ്പെടുന്നില്ല

താഴെ കൊടുത്തിരിക്കുന്ന ഇനങ്ങളിൽ 2022-23 സാമ്പത്തിക വർഷത്തെ സുലേഖ പത്രിക പ്രകാരമുള്ള ചെലവുകളും വാർഷിക കണക്കുകളിലെ ചെലവുകളും പൊരുത്തപ്പെടുന്നില്ല.

| ഇനം | സുലേഖ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ചെലവ് | വാർഷിക കണക്ക് പ്രകാരമുള്ള ചെലവ് | | ആകെ | വ്യത്യാസം |
|---|---|---|---|---|---|
| | | റവന്യൂ ചെലവ് (I-6 ഷെഡ്യൂൾ പ്രകാരമുള്ളത് | ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ (B-3 ഷെഡ്യൂൾ പ്രകാരമുള്ളത്) | | |
| CFC Tied | 38727596 | 19896048* (2051359/- ശീർഷകം 160100108)+ (17844689/- ശീർഷകം 160109900) | 7437742 (ശീർഷകം-312100200) | 27333790 | 1639 |
| CFC Basic Grant | | 3671863* (2977944/- ശീർഷകം 160109900) + (693919/- ശീർഷകം 160100104) | 7720304(ശീർഷകം-312100200) | 11392167 | |
| ആകെ | 38727596 | 23567911 | 15158046 | 38725957 | |

. ടി ചെലവുകൾ 160109900 – Other Revenu Grants എന്ന ശീർഷകത്തിലാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

### 1-1-7 റവന്യൂ ചെലവായി രേഖപെടുത്തിയ ശീർഷകങ്ങളിൽ നെഗറ്റീവ് തുക ചേർത്തിരിക്കുന്നു

I-14 Programme Expenditures എന്ന I& E ഷെഡ്യൂളിലെ താഴെ കൊടുത്തിരിക്കുന്ന ശീർഷകങ്ങളിൽ നെഗറ്റീവ് തുകകളാണ് വാർഷികകണക്കുകളിൽ ചേർത്തിട്ടുള്ളത്.

| ക്രമ നം. | ശീർഷകം | തുക |
|---|---|---|
| 1 | 251102001-Arts,Culture,Sports&Welfare Infrastructure -General | (330280) |
| 2 | 252300203-Public Buildings-OtherBuildings-TSP | (695558) |

ഇത്തരത്തിൽ റവന്യൂ ചെലവായി രേഖപ്പെടുത്തിയ ശീർഷകങ്ങളിൽ നെഗറ്റിവ് തുകകൾ ചേർത്തതു സംബന്ധിച്ച് സെക്രട്ടറിയുടെ കുറിപ്പുകൾ അക്കൗണ്ട്സിനോടൊപ്പം ഹാജരാക്കിയിട്ടില്ല.

### 1-1-8 പ്രൊവിഷൻ കണക്കാക്കിയ വർക്ക് ഷീറ്റുകൾ ലഭ്യമാക്കിയില്ല

ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-15 പ്രകാരം നികുതി നികുതിയേതര ഇനങ്ങളിൽ ലഭിക്കാനവശേഷിക്കുന്നതായി രേഖപ്പെടുത്തിയിട്ടുള്ള 121,317,991.50 രൂപയിൽ ലഭ്യത സംശയാസ്പദമായ തുകയായി ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-21 പ്രകാരം (17,48,208) രൂപ രേഖപ്പെടുത്തിയിട്ടുണ്ട്. 2021-22 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകളിലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-21 പ്രകാരമുള്ള അതേ തുക തന്നെയാണ് ഈ വർഷവും ചേർത്തിട്ടുള്ളത്. കൃത്യമായ ഡിമാന്റ് രജിസ്റ്ററുകളുടെ അഭാവത്തിൽ എപ്രകാരമാണ് തുക കണക്കാക്കിയിരിക്കുന്നതെന്ന് വ്യക്തമല്ല. പ്രൊവിഷൻ തുക കണക്കാക്കിയ വർക്ക് ഷീറ്റുകൾ ലഭ്യമാക്കിയിട്ടില്ല.

## 1-1-9 വസ്തു നികുതി-ഡിമാന്റ് എൻട്രി രേഖപ്പെടുത്തുന്നില്ല

01.04.2022ൽ നിലവിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി ഡിമാന്റ് തുക വർഷാരംഭത്തിൽ ഡിമാന്റ് തുകയായി രേഖപ്പെടുത്തേണ്ടിയിരുന്നതും 2022-23ൽ അസസ്സ് ചെയ്യപ്പെടുന്ന വസ്തുനികുതി ഉൾപ്പെടെയുള്ള, അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സ്മെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതാണ്. (കേരള നഗരപാലിക അക്കൌണ്ട് ചട്ടങ്ങൾ 2007, ചട്ടം 15(2)). പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. (മുനിസിപ്പൽ അക്കൌണ്ട്സ് മാന്വൽ 2007, ഖണ്ഡിക 6.13 മുതൽ 6.16 വരെ) ഈ രേഖപ്പെടുത്തൽ ജേണൽ വൌച്ചർ, വർക്ക് ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്.

A. എന്നാൽ 2022-23 ലെ "110010100-Property Tax (General)" എന്ന ശീർഷകത്തിലെ ലെഡ്ജർ പരിശോധിച്ചതിൽ നിന്നും 2022-23 സാമ്പത്തിക വർഷത്തെ ഡിമാന്റ് 08.08.2022 ൽ മാത്രം രേഖപ്പെടുത്തിയിരിക്കുന്നു. (വൌച്ചർ നം. 42200188). വർഷാരംഭത്തിൽ ഡിമാന്റ് രേഖപ്പെടുത്തിയിട്ടില്ല. 2022-23 ൽ അസസ്സ് ചെയ്യപ്പെട്ട കെട്ടിടങ്ങളുടെ വസ്തുനികുതി ഡിമാന്റ് ആയി ചേർത്തിട്ടില്ല.

B. 31.03.23 ന് ഡിമാന്റിൽ 2022-23 വർഷത്തെ വസ്തുനികുതി കുടിശ്ശിക ഡിമാന്റ് തുകയായി 14647505 ചേർത്തിട്ടുണ്ട്. (വൌച്ചർ നം.42200603/31.03.2023). ഈ ഡിമാന്റ് എൻട്രിക്ക് സാധുത നല്കുന്ന വൌച്ചറുകളും ഇല്ല.

C. ഡിമാന്റ് രജിസ്റ്റർ എഴുതി സംക്ഷിപ്തം തയ്യാറാക്കി സൂക്ഷിക്കുന്നില്ല. ആയതിനാൽ നിയമപ്രകാരമുള്ള ഡിമാന്റ്, റമിഷൻ, എഴുതി തള്ളൽ തുടങ്ങിയവ സംബന്ധിച്ച് കണക്കുകളിൽ രേഖപ്പെടുത്തൽ ഇല്ലാതെ പോകുന്നു.

ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ വസ്തുനികുതി ഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും രജിസ്റ്ററുകളുമായി പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തി ആഭ്യന്തരനിയന്ത്രണ സംവിധാനം ഫലപ്രദമാക്കുന്നതിനും, ഡിമാന്റ് എൻട്രികൾക്ക് സാധുത നല്കുന്ന വൌച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

മേൽ കാരണങ്ങളാൽ വസ്തുനികുതി ഇനത്തിൽ വരുമാനമായി ഇൻകം & എക്സ്പെൻഡിച്ചർ അക്കൌണ്ടിൽ ചേർത്ത തുക, ബാലൻസ് ഷീറ്റിൽ കിട്ടാനുള്ളതായി രേഖപ്പെടുത്തിയിരിക്കുന്ന വസ്തുനികുതി തുകകൾ എന്നിവ ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല.

## 1-1-10 വാടക-ഡിമാന്റ് സമയബന്ധിതമായി രേഖപ്പെടുത്തുന്നില്ല

2022-23 ൽ അസസ്സ് ചെയ്യപ്പെടുന്ന അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം ഡിപ്പാർട്ട്മെന്റ് ഹെഡ് തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സ്മെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്. (കേരള നഗരപാലിക അക്കൌണ്ട് ചട്ടങ്ങൾ 2007, ചട്ടം 15(2)). പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ വൌച്ചർ, വർക് ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത് (മുനിസിപ്പൽ അക്കൌണ്ട്സ് മാന്വൽ 2007, ഖണ്ഡിക 10.21 മുതൽ 10.23വരെ). എന്നാൽ മേൽ പ്രകാരം സെക്രട്ടറി രേഖാമൂലം പ്രതിമാസപത്രികയും അനുബന്ധകണക്കുകളും തയ്യാറാക്കാതെ രണ്ടു തവണ മാത്രമായി ഡിമാന്റ്/ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്ത വരവിനങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വരവിനം | ഡിമാന്റ് ചേർക്കുന്ന ശീർഷകം | ഡിമാന്റ് തുക | രേഖപ്പെടുത്തിയ തീയ്യതി | വൌച്ചർ |
|---|---|---|---|---|
| കെട്ടിടങ്ങളിൽ നിന്നുള്ള വാടക | 130109900-Rent From Other Civic Amenities | 10608760 | 08/08/22 | 42200181 |

ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ ഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ അക്രൂവൽ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും ഡിമാന്റ് എൻട്രികൾ/ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ സാധുത നല്കുന്ന വൌച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-1-11 ജേണൽ വൗച്ചർ മുഖേനയുള്ള രേഖപ്പെടുത്തലുകൾക്ക് വൗച്ചറുകൾ ഇല്ല

കാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൌണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്. (കേരള നഗരപാലിക അക്കൌണ്ട്സ് ചട്ടങ്ങൾ 2007, ചട്ടം 7) ജേണൽ വൌച്ചറുകൾ ഉൾപ്പെടെ എല്ലാ വൌച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൌച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. നിലവിൽ ഇപ്രകാരം ഒരു നിയന്ത്രണം ഇല്ലാതെയാണ് ജേണൽ എൻട്രികൾ രേഖപ്പെടുത്തുന്നത്. എല്ലാ ജേണൽ വൌച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൌച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

## 1-1-12 കാലാവധി കഴിഞ്ഞ ചെക്കുകൾ " Liability In Respect Of Stale Cheque" എന്ന ബാധ്യത ശീർഷകത്തിലേയ്ക്ക് മാറ്റിയില്ല

കാലാവധി കഴിഞ്ഞ ചെക്കുകൾ " Liability In Respect Of Stale Cheque" എന്ന ബാധ്യത ശീർഷകത്തിലേയ്ക്ക് മാറ്റി ബാങ്ക് ബുക്ക് നീക്കിയിരിപ്പ് ക്രമീകരിച്ചിട്ടില്ല (കേരള നഗരപാലിക അക്കൗണ്ട് ചട്ടങ്ങൾ 2007 (ചട്ടം 45)) ആയത് ക്രമീകരിക്കേണ്ടതാണ്.

| ബാങ്ക് | A/C No | ഇഷ്യൂ ചെയ്ത കാലാവധി കഴിഞ്ഞ ചെക്കുകൾ പ്രകാരമുള്ള തുക |
|---|---|---|
| HDFC POS Machine | 50100275231131 | 2045 (ചെക്ക് നം. 489796/02.08.22) |
| Bank Of Baroda (AUEGS) | 34260100000902 | 49236 (ചെക്ക് നം. 518853/31.03.22) |
| SBT Own Fund | 00000067195701595 | 4951248 രൂപയിൽ 27.09.2016 മുതലുള്ള ചെക്കുകൾ ഉൾപ്പെടുന്നു |
| SBT Current Account | 00000057069043986 | 8,08,736 (20.04.2010 മുതലുള്ള ചെക്കുകൾ ഉൾപ്പെടുന്നു) |

## 1-1-13 നിക്ഷേപിച്ച് ദീർഘകാലമായിട്ടും ചെക്കുകൾ അക്കൗണ്ടിൽ ക്രെഡിറ്റ് ആയില്ല

ബാങ്കിൽ നിക്ഷേപിച്ചിട്ടും നാളിതു വരെ ബാങ്കിൽ ക്രെഡിറ്റ് വരാത്ത തുകകൾ "Cheque Deposited But Not Collected" എന്ന രീതിയിൽ ഉൾപ്പെടുത്തിയാണ് റീകൺസീലിയേഷൻ പത്രിക തയ്യാറാക്കിയിരിക്കുന്നത്. ബാങ്കിൽ നിക്ഷേപിച്ചിട്ട് മാസങ്ങളായിട്ടും നാളിതുവരെ ക്രെഡിറ്റ് വരാത്ത തുകകളുടെ വിവരം ചുവടെ ചേർക്കുന്നു.

തുക നഗരസഭയുടെ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യുന്നതിന് തുടർനടപടി സ്വീകരിക്കേണ്ടതാണ്.

വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ബാങ്ക് | A/C No | തുക (നിക്ഷേപിച്ച ചെക്കുകൾ കാലഹരണപ്പെട്ടത് പ്രകാരമുള്ളത്) |
|---|---|---|
| HDFC POS Machine (450220800) | 50100275231131 | 380016 |
| Bank Of Baroda (AUEGS) | 34260100000902 | 4071 (01.03.22) |
| SBT Own Fund | 00000067195701595 | 5346810 (16.03.2013 മുതലുള്ള ചെക്കുകൾ ഉൾപ്പെടുന്നു) |
| SBT Current Account | 00000057069043986 | 6,54,139 (08.04.13 മുതലുള്ള ചെക്കുകൾ ഉൾപ്പെടുന്നു ) |
| SBI Property Tax (450210110) | 00000040200569287 | 381443 |

## 1-1-14 Directly Debited By Bank-ഇടപാടുകൾ വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല

താഴെ ചേർത്തിരിക്കുന്ന ബാങ്ക് അക്കൗണ്ട് പാസ്സ്ബുക്കിൽ വന്ന ഡെബിറ്റ് /ക്രെഡിറ്റ് തുകകൾ, 31.03.23 വരെയുള്ള റീകൺസീലിയേഷൻ പത്രിക യിൽ " Directly Debited By Bank" എന്ന രീതിയിൽ കുറവ് ചെയ്ത് ബാങ്ക് ബുക്ക് പാസ്സ്ബുക്ക് നീക്കിയിരിപ്പുകൾ ക്രമീകരിച്ചിരിക്കുന്നു. " Directly Debited By Bank" തുകകൾ നഗരസഭയുമായി ബന്ധപ്പെട്ടതാണോയെന്ന് പരിശോധിക്കേണ്ടതും ഈ തുക ബാങ്ക് തെറ്റായി കുറവ് ചെയ്തതാണെങ്കിൽ തുക തിരികെ നഗരസഭയുടെ ബാങ്ക് അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യുന്നതിന് നടപടി സ്വീകരിക്കേണ്ടതുമാണ്. നഗരസഭയുമായി ബന്ധപ്പെട്ട ഡെബിറ്റ് ആണെങ്കിൽ അത് ഉചിതമായ ശീർഷകത്തിൽ അതിന് ചെലവ് രേഖപ്പെടുത്തേണ്ടതും കണക്കിലെടുക്കേണ്ടതുമാണ്. ഈ തുക ബാങ്ക് പാസ്സ്ബുക്കിൽ രേഖപ്പെടുത്തലുകൾ വന്നിട്ട് മാസങ്ങൾ കഴിഞ്ഞാണ് വാർഷിക കണക്കുകൾ അന്തിമമാക്കിയിട്ടുള്ളതെങ്കിലും മേൽപ്രകാരം നടപടി സ്വീകരിക്കാത്തതിനാൽ ഈ തുകകൾ 2022-23 ലെ വാർഷിക കണക്കിൽ ഉൾപ്പെടാതെ പോയി.

| ബാങ്ക് | A/C No | Directly Debited By Bank (തുക) |
|---|---|---|
| HDFC POS Machine | 50100275231131 | 76245 |
| Bank Of Baroda (AUEGS) | 34260100000902 | 1036022 |
| SBT Own Fund | 00000067195701595 | 3613816.75 |
| SBT Current Account | 00000057069043986 | 16,75,990 |
| SBI Property Tax | 00000040200569287 | 109101 |

### 1-1-15 Directly Credited By Bank-ഇടപാടുകൾ വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല

താഴെ ചേർത്തിരിക്കുന്ന ബാങ്ക് അക്കൗണ്ട് പാസ്സ്ബുക്കിൽ വന്ന ക്രെഡിറ്റ് തുകകൾ 31.03.23 വരെയുള്ള റീകൺസീലിയേഷൻ പത്രിക യിൽ "Directly Credited By Bank" എന്ന രീതിയിൽ കൂട്ടി ബാങ്ക് ബുക്ക്-പാസ്സ്ബുക്ക് നീക്കിയിരിപ്പുകൾ ക്രമീകരിക്കുകയാണ് ചെയ്തിരിക്കുന്നത്.

"Directly Credited By Bank" ഇനത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള തുകകൾ നഗരസഭക്ക് അർഹതപ്പെട്ടതാണോയെന്ന് പരിശോധിച്ച് അത് ഉചിതമായ ശീർഷകത്തിൽ വരവ് വയ്ക്കേണ്ടതും കണക്കിലെടുക്കേണ്ടതുമാണ്. ഈ തുകകൾ ബാങ്ക് പാസ്സ്ബുക്കിൽ രേഖപ്പെടുത്തലുകൾ വന്നിട്ട് മാസങ്ങൾ കഴിഞ്ഞാണ് വാർഷിക കണക്കുകൾ അന്തിമമാക്കിയിട്ടുള്ളതെങ്കിലും മേൽപ്രകാരം നടപടി സ്വീകരിക്കാത്തതിനാൽ ഈ തുകകൾ 2022-23ലെ വാർഷിക കണക്കിൽ ഉൾപ്പെടാതെ പോയി.

വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ബാങ്ക് | A/C No | Directly Credited By Bank (തുക) |
|---|---|---|
| HDFC POS Machine | 50100275231131 | 371457 |
| Bank Of Baroda (AUEGS) | 34260100000902 | 29296 |
| SBT Own Fund | 00000067195701595 | 4916175 |
| SBT Current Account | 00000057069043986 | 15,30,024 |

### 1-1-16 ഡിമാന്റ് രജിസ്റ്ററുകളിൽ സംക്ഷിപ്തം തയ്യാറാക്കിയിട്ടില്ല-വരുമാനങ്ങളുടെ കൃത്യത ഉറപ്പ് വരുത്താനായിട്ടില്ല

ആഭ്യന്തരനിയന്ത്രണം ഫലപ്രദമാക്കുന്നതിനും ഡിമാന്റ് തുക കൃത്യമായി കണക്കാക്കി വരുമാനത്തിന്റെ കൃത്യമായ കളക്ഷൻ ഉറപ്പാക്കുന്നതിനും ഓരോ ഡിമാന്റിന്റേയും അടിസ്ഥാനത്തിൽ തയ്യാറാക്കി സൂക്ഷിക്കുന്ന എല്ലാ വരവ് രജിസ്റ്ററുകളും ഡിമാന്റ് അടിസ്ഥാനത്തിലും പേജ് അടിസ്ഥാനത്തിലും തുക കണക്കാക്കുകയും മാസാന്ത്യത്തിൽ ക്ലോസ് ചെയ്ത് അതാത് ലെഡ്ജറുകളുമായി പൊരുത്തപ്പെടുത്തി, വർഷാന്ത്യത്തിൽ സംക്ഷിപ്തം രേഖപ്പെടുത്തി, സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ് (2007 ലെ കേരള മുനിസിപ്പാലിറ്റി അക്കൗണ്ട്സ് ചട്ടങ്ങൾ, ചട്ടം 54 എഫ് &ഐ) (കേരള മുനിസിപ്പൽ അക്കൗണ്ട്സ് മാനുവൽ 2007, ഖണ്ഡിക 6.59). നിലവിൽ വരവിനങ്ങൾക്ക് ഡിമാന്റ് രജിസ്റ്ററുകൾ മേൽപ്രകാരം തയ്യാറാക്കി സൂക്ഷിക്കുന്നില്ല.

1. തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (ജീവനക്കാർ)
2. തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (സ്ഥാപനങ്ങൾ)
3. ഫാക്ടറി - വ്യാപാര-വ്യവസായങ്ങൾക്കുള്ള ലൈസൻസ് ഡിമാന്റ് രജിസ്റ്റർ
4. വിനോദനികുതി രജിസ്റ്റർ
5. വാടക ഡിമാന്റ് രജിസ്റ്റർ
6. മാർക്കറ്റ് ഫീ രജിസ്റ്റർ
7. ബസ് സ്റ്റാന്റ് ഫീ രജിസ്റ്റർ

സഞ്ചയ സോഫ്റ്റ്‌വെയറിൽ ഡാറ്റ എൻട്രി നാളിതുവരെ പൂർത്തിയാക്കിയിട്ടില്ലാത്തതാണ്. ആയതിനാൽ വസ്തുനികുതി ഡിമാന്റ് കണക്കാക്കിയതിന്റെ ആധികാരികത ഉറപ്പുവരുത്താനായിട്ടില്ല.

ഡിമാന്റ് രജിസ്റ്ററുകൾ തയ്യാറാക്കാതെയും സംക്ഷിപ്തം തയ്യാറാക്കാതെയും കണക്കുകളിൽ വരുമാന ഇനങ്ങളുടെ ഡിമാന്റ് തുക എപ്രകാരമാണ് ചേർത്തിരിക്കുന്നതെന്ന് വ്യക്തമല്ല. ആയതിനാൽ വാർഷികകണക്കുകളിലെ വരുമാനങ്ങളുടെ ഡിമാന്റ് തുക, ബാലൻസ്ഷീറ്റിൽ ഈയിനത്തിൽ കിട്ടാനുള്ളതായി രേഖപ്പെടുത്തിയിരിക്കുന്ന തുകകൾ എന്നിവ ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല.

### 1-1-17 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. മുനിസിപ്പൽ അക്കൗണ്ട്സ് മാന്വൽ 2007 ഖണ്ഡിക 5.5 ൽ പട്ടിക 5.1 ക്രമ നമ്പർ 24, 25, 26 എന്നിവയിൽ നിർദ്ദേശിച്ചിരിക്കുന്ന രീതിയിൽ Movable Asset, Immovable Asset, Land എന്നിവ സംബന്ധിക്കുന്ന രജിസ്റ്ററും തയ്യാറാക്കുന്നില്ല.

### 1-1-18 ഡെപ്പോസിറ്റ് രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല

ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B7 ലെ നീക്കിയിരിപ്പിനെ സാധൂകരിക്കുന്ന രീതിയിൽ ആരുടെയെല്ലാം ഡെപ്പോസിറ്റുകളാണ് തിരികെ നല്കേണ്ടതെന്ന് വ്യക്തമാക്കുന്നതിന് ഡെപ്പോസിറ്റ് രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല.

### 1-1-19 മുൻകൂർ രജിസ്റ്റർ വാർഷിക ധനകാര്യപത്രികയുമായി പൊരുത്തപ്പെടുന്നില്ല.

മുൻകൂർ രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നുണ്ടെങ്കിലും ആയത് സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-18 ൽ ഉൾപ്പെട്ട അഡ്വാൻസ് ശീർഷകങ്ങളിലെ നീക്കിയിരിപ്പ് തുകയുമായി മുൻകൂർ രജിസ്റ്ററിലെ നീക്കിയിരിപ്പ് തുകകൾ പൊരുത്തപ്പെടുന്നില്ല.

### 1-1-20 സ്റ്റോക്ക് രജിസ്റ്റർ വാർഷിക ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുത്തിയിട്ടില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-14 പ്രകാരം 85000 രൂപയുടെ ക്ലോസിങ് സ്റ്റോക്ക് ഉണ്ട്. എന്നാൽ മുനിസിപ്പൽ അക്കൌണ്ട്സ് മാന്വലിൽ പരാമർശിച്ചിട്ടുള്ള രീതിയിൽ സ്റ്റോക്ക് രജിസ്റ്റർ തയ്യാറാക്കുകയോ സ്റ്റോക്കിന്റെ മൂല്യനിർണയം നടത്തുകയോ ചെയ്തിട്ടില്ല.(മുനിസിപ്പൽ അക്കൌണ്ട്സ് മാന്വൽ 2007 ഖണ്ഡിക 12.21 മുതൽ 12.31 വരെ)

### 1-1-21 അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി - കാഷ് ബുക്ക് വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.

അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയുടെ കാഷ് ബുക്ക് പ്രകാരമുള്ള മുന്നിരിപ്പ്, നീക്കിയിരിപ്പ് എന്നിവ ബാങ്ക് ബുക്ക് പ്രകാരമുള്ള മുന്നിരിപ്പ്, നീക്കിയിരിപ്പ് എന്നിവയുമായി പൊരുത്തപ്പെടുന്നില്ല. കാഷ് ബുക്ക് പ്രകാരമുള്ള വരവുചെലവു കണക്കുകൾ ചുവടെ ചേർക്കുന്നു.

| മുന്നിരിപ്പ് | വരവ് | | | ആകെ | ചെലവ് | | | | ആകെ | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|---|---|---|---|
| | AUEGS ഫണ്ട് ലഭിച്ചത് | പലിശ | തനത് ഫണ്ടിൽ നിന്നും അഡ്വാൻസ് ലഭിച്ചത് | | ഭരണ ചെലവുകൾ | ഗുണ ഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | മെറ്റീരിയൽ കോസ്റ്റ് | തനത് ഫണ്ടിൽ നിന്നുള്ള അഡ്വാൻസ് തിരികെ നൽകിയത് | | |
| 2,87,712 | 1,00,00,000 | 10067 | 59,00,000 | 1,61,97,779 | 6,57,805 | 1,13,55,094 | 2,19,562 | 39,00,000 | 1,61,32,461 | 65,318 |

എന്നാൽ വാർഷിക കണക്കുകളിലെ ഐ-14 ഷെഡ്യൂൾ പ്രകാരം തൊഴിലുറപ്പ് പദ്ധതിയുടെ ചെലവു തുകയായി. (250200100-Expenditure On Poverty Eradication Programme) ചേർത്തിരിക്കുന്നത് 15,181,030/- രൂപയാണ്.

## 1-2 ബജറ്റ്

| ബജറ്റ് പാസ്സാക്കിയ തീയതി, കമ്മിറ്റി തീരുമാനം | 30.03.2022, തീരുമാനം 1 | |
|---|---|---|
| പ്രതീക്ഷിത വരവ്, ചെലവ് എന്നിവ | **വരവ്** | **ചെലവ്** |
| | 140,85,55,647 | 138,38,10,480 |
| റിവൈസ്ഡ് ബജറ്റ് പാസ്സാക്കിയ തീയതി, കമ്മിറ്റി തീരുമാനം | 30/03/2023 ലെ തീരുമാനം 1 | |
| പ്രതീക്ഷിത വരവ്, ചെലവ് എന്നിവ | **വരവ്** | **ചെലവ്** |

| | | |
|---|---|---|
| | 62,69,04,425 | 57,28,15,459 |

## 1–3 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്*/ ലാപ്സായ തുക** |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | | 0 | 5,68,64,017 | 5,68,64,017 | 4,71,96,781 | 96,67,236** |
| വികസന ഫണ്ട്-എസ്.സി.പി | | 0 | 1,48,64,156 | 1,48,64,156 | 1,10,44,647 | 38,19,509** |
| മെയിന്റനൻസ് ഗ്രാന്റ് റോഡ് | | 0 | 5,52,79,000 | 5,52,79,000 | 3,05,88,734 | 2,46,90,266** |
| മെയിന്റനൻസ് ഗ്രാന്റ് നോൺ-റോഡ് | | 0 | 1,65,82,000 | 1,65,82,000 | 1,63,19,587 | 2,62,413** |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്* (Untied) | ബാങ്ക് | 2389656 | 86,16,000 | 1,10,05,656 | 10698248 | 307408* |
| | ട്രഷറി | 0 | 1013700 | 1013700 | 693919 | 319781** |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്* (Tied) | ബാങ്ക് | 13257551 | 12924000 | 26181551 | 25282431 | 899120* |
| | ട്രഷറി | 0 | 4162147 | 4162147 | 2051359 | 2110788** |

1. ഗ്രാന്റ് സ്റ്റേറ്റ്മെന്റ് ലഭ്യമാക്കിയിട്ടില്ല.

2. പ്രത്യേക ആവശ്യങ്ങൾക്കായി ലഭിച്ച ഫണ്ടുകളുടെ എ.സി.ആർ സൂക്ഷിക്കാത്തതിനാൽ വിവരങ്ങൾ മേൽ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

3. സ്ഥാപനത്തിൽ നിന്നും ലഭ്യമാക്കിയ സാംഖ്യ എ സി ആർ പ്രകാരം വികസന ഫണ്ട്-ജനറൽ എന്നീയിനങ്ങളിൽ ലഭിച്ച വരവുകളിൽ അംഗൻവാടി ജീവനക്കാരുടെ പ്രതിഫലം, ലൈഫ് മിഷൻ വായ്പാതിരിച്ചടവ് എന്നീയിനങ്ങളിൽ ഉറവിടത്തിൽ നിന്നും കുറവ് ചെയ്ത തുക ഉൾപ്പെടുന്നില്ല. എന്നാൽ പ്രസ്തുത ഫണ്ടുകളുടെ ചെലവുകളിൽ ഉറവിടത്തിൽ നിന്നും കുറവ് ചെയ്ത തുകകൾ ഉൾപ്പെടുന്നുമുണ്ട്. ഉറവിടത്തിൽ നിന്നും കുറവ് ചെയ്ത തുകകൾ കൂടി ഉൾപ്പെടുത്തിയാണ് മേൽ പട്ടികയിൽ വരവുകളും ചെലവുകളും രേഖപ്പെടുത്തിയിരിക്കുന്നത്.

പ്രത്യേക ഗ്രാന്റുകളിൽ ചെലവഴിക്കാതെ ദീർഘകാലമായി അവശേഷിക്കുന്ന തുകകൾ ഉപയോഗിക്കുന്നില്ലെങ്കിൽ തിരിച്ചടവാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

* CFC ഗ്രാന്റിനത്തിലുള്ള വരവ് ചെലവ് കണക്കുകൾ വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല. (ഖണ്ഡിക 1-1-6 ൽ ചേർത്തിട്ടുണ്ട്)

## 1–4 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | അംഗീകരിച്ച പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കിയ പദ്ധതി ചെലവ് തുക | നടപ്പാക്കിയ പദ്ധതിത്തുകയുടെ ശതമാനം | നടപ്പാക്കിയ പ്രൊജക്ടുകളുടെ എണ്ണത്തിന്റെ ശതമാനം |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| | തുക | | | | |
| 367 | 25,89,71,642 | 181 | 14,56,15,699 | 56.22 | 49.31 |

## 1-5 അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി-ഫണ്ട് വിനിയോഗം (കാഷ് ബുക്ക് പ്രകാരം)

| മുന്നിരിപ്പ് | വരവ് | | | ആകെ | ചെലവ് | | | | ആകെ | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|---|---|---|---|
| | AUEGS ഫണ്ട് ലഭിച്ചത് | പലിശ | തനത് ഫണ്ടിൽ നിന്നും അഡ്വാൻസ് ലഭിച്ചത് | | ഭരണ ചെലവുകൾ | ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | മെറ്റീരിയൽ കോസ്റ്റ് | തനത് ഫണ്ടിൽ നിന്നുള്ള അഡ്വാൻസ് തിരികെ നൽകിയത് | | |
| 2,87,712 | 1,00,00,000 | 10067 | 59,00,000 | 1,61,97,779 | 6,57,805 | 1,13,55,094 | 2,19,562 | 39,00,000 | 1,61,32,461 | 65,318 |

എന്നാൽ കാഷ് ബുക്ക് പ്രകാരമുള്ള വരവുചെലവു കണക്കുകൾ വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല. (ഖണ്ഡിക 1-1-21 ൽ ചേർത്തിട്ടുണ്ട്)

## 1-6 ക്ഷേമ പദ്ധതികൾ

| പദ്ധതിയുടെ പേര് | ചെലവു തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 2160 | 1 |
| കർഷകതൊഴിലാളി പെൻഷൻ | 2065600 | 107 |
| വിധവാപെൻഷൻ | 22349600 | 1164 |
| വാർദ്ധക്യകാല പെൻഷൻ | 50405800 | 4200 |
| വികലാംഗ പെൻഷൻ | 5322400 | 277 |
| 50 വയസ്സിനുമേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 1559800 | 81 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 270000 | 9 |

## 1-7 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 08.01.2024 തീയതിയിൽ 3:15 PM ന് നഗരസഭാ അക്കൗണ്ടന്റിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ഡേ ബുക്ക് പ്രകാരമുള്ള 45,794 /- രൂപ ക്യാഷ് ബാലൻസ് ബോധ്യപ്പെട്ടു.

## 1-8 ആഭ്യന്തരനിയന്ത്രണം

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ ഭാഗം 1 ൽ പരാമർശിച്ചിട്ടുണ്ട്.
ആഭ്യന്തരനിയന്ത്രണത്തിലെ പോരായ്മകൾ വെളിപ്പെടുത്തുന്ന ഈ റിപ്പോർട്ടിൽ സൂചിപ്പിച്ചിട്ടുള്ള അപാകങ്ങൾ പരിഹരിച്ച്, ആഭ്യന്തരനിയന്ത്രണസംവിധാനം ഫലപ്രദമാക്കുന്നതിനും ശക്തിപ്പെടുത്തുന്നതിനുമുള്ള സന്ദർഭോചിതമായ നടപടികൾ കൈകൊള്ളേണ്ടതാണ്.

## 1-9 നഗരസഭയുടെ നികുതി-നികുതിയേതര വരവുകൾ -അവലോകനം

### ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രവർത്തനം

ചാലക്കുടി നഗരസഭയുടെ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മിനട്ട്സ് പരിശോധനയിൽ നികുതി നികുതിയേതര വരുമാനങ്ങൾ, അവയുടെ പിരിച്ചെടുക്കലിലെ പുരോഗതി എന്നിവ സംബന്ധിച്ച് അവലോകനം നടത്തി ആവശ്യമായ തീരുമാനങ്ങൾ എടുക്കുന്നുണ്ട്. ഒഴിഞ്ഞ് കിടക്കുന്ന കെട്ടിടങ്ങളുടെ നികുതി ഒഴിവാക്കൽ, വിമുക്തഭടന്മാരുടെ വീടുകൾക്കുള്ള വസ്തുനികുതിയൊഴിവ് അപേക്ഷകൾ, പൊളിഞ്ഞു പോയ കെട്ടിടങ്ങൾക്ക് നികുതി ഒഴിവാക്കി നൽകുന്നതിനുള്ള അപേക്ഷകൾ മുതലായവയിൽ തീരുമാനമെടുക്കുന്നതുമായി ബന്ധപ്പെട്ട അജണ്ടകളാണ് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി യോഗങ്ങളുടെ മിനട്സ് പ്രകാരം കാണുന്നത്. ഒഴിഞ്ഞ് കിടക്കുന്ന കെട്ടിടങ്ങളുടെ നികുതി ഇളവിനുള്ള അപേക്ഷകൾ, വിമുക്തഭടന്മാരുടെയും അവരുടെ വിധവകളുടെയും വാസഗൃഹത്തിനുള്ള നികുതി ഒഴിവ് അപേക്ഷകൾ എന്നിവയിൽ സമയബന്ധിതമായി തീരുമാനങ്ങൾ എടുക്കുന്നതിന് ശ്രദ്ധ നൽകേണ്ടതാണ്. 2022-23 സാമ്പത്തിക വർഷത്തെ നികുതി ഈടാക്കുന്നതിന് ക്യാമ്പ് കളക്ഷൻ, ഡിമാന്റ് നോട്ടീസ് വിതരണം, മൈക്ക് അനൗൺസ്മെന്റ് തുടങ്ങിയ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 23.12.22 ലെ തീരുമാന പ്രകാരം വസ്തുനികുതി വിവരങ്ങൾ സഞ്ചയയിൽ ഡാറ്റാ എൻട്രി നടത്തുന്നത് സംബന്ധിച്ച പുരോഗതി കമ്മിറ്റി വിലയിരുത്തി എത്രയും വേഗം ഡാറ്റാ എൻട്രി പൂർത്തിയാക്കേണ്ടതുണ്ടെന്ന് കമ്മിറ്റി നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും വസ്തുനികുതി ഡാറ്റാ എൻട്രി 100% പൂർത്തീകരിക്കാൻ സാധിച്ചിട്ടില്ല. ഡാറ്റാ എൻട്രി നടത്തിയ റെക്കോർഡുകളുടെ പ്യൂരിഫിക്കേഷൻ പൂർത്തിയാക്കുന്നതിനും സാധിച്ചിട്ടില്ല. വസ്തുനികുതി പരിഷ്കരണം സംബന്ധിച്ച 22.03.23 ലെ സ.ഉ.(കൈ)നം. 77/2023/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരമുള്ള പുതുക്കിയ അടിസ്ഥാന വസ്തുനികുതി നിരക്കുകൾ ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുടെ 27.04.23 ലെ 1-ാം നമ്പർ തീരുമാന പ്രകാരം കൗൺസിലിലേക്ക് ശിപാർശ ചെയ്തിട്ടുണ്ട്. നഗരസഭയിൽ സേവന ഉപനികുതി പിരിക്കേണ്ടതില്ലെന്നും ശിപാർശ ചെയ്തിട്ടുണ്ട്.

വസ്തുനികുതി

വാർഷിക ധനകാര്യ പത്രിക പ്രകാരം 2022-23 വർഷത്തിൽ വസ്തുനികുതി ഡിമാന്റ് 6,09,67,765/- രൂപയും കളക്ഷൻ 3,35,07,799/- രൂപയുമാണ്. മുൻവർഷങ്ങളിലെ കുടിശ്ശികയിനത്തിൽ പിരിച്ചെടുക്കാൻ ഉണ്ടായിരുന്ന തുക 92,93,446/- രൂപയും (2021-22 വർഷത്തെ ബാലൻസ് ഷീറ്റ് പ്രകാരം) തൻവർഷം പിരിച്ചെടുത്ത കുടിശ്ശിക വസ്തുനികുതി 2,30,10,742/- രൂപയുമാണ്. 2022-23 വർഷത്തെ ബാലൻസ് ഷീറ്റ് പ്രകാരം ലൈബ്രറി സെസ് ഒഴികെയുള്ള തൻവർഷം വസ്തുനികുതി കുടിശ്ശിക 1,28,12,488/- രൂപയും മുൻവർഷങ്ങളിലെ കുടിശ്ശിക വസ്തുനികുതി പിരിച്ചെടുക്കാനുള്ളത് 9,30,210 രൂപയുമാണ്. എന്നാൽ 2022-23 വർഷത്തിലെ വസ്തുനികുതിയുടെ ഡിമാന്റ് കളക്ഷൻ ബാലൻസ് പത്രിക സഞ്ചയയിൽ നിന്നും ജനറേറ്റ് ചെയ്തത് ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള വസ്തുനികുതി കണക്കുകൾ സഞ്ചയയുമായി പൊരുത്തപ്പെടുന്നുണ്ടോ എന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല. മാത്രമല്ല, സഞ്ചയയിൽ കെട്ടിടങ്ങളുടെ ഡാറ്റാ എൻട്രി മുഴുവനായി പൂർത്തീകരിക്കാത്ത സാഹചര്യത്തിലും, ഡാറ്റാ എൻട്രി നടത്തിയവയുടെ പ്യൂരിഫിക്കേഷൻ നടന്നിട്ടില്ലാത്തതിനാലും, സഞ്ചയയിലെ ഡിമാന്റ് കളക്ഷൻ ബാലൻസ് തുകകളുടെ കൃത്യതയും സംശയാസ്പദമാണ്. സ.ഉ.(കൈ)നം.179/22/ധന തീയതി 18.10.22 പ്രകാരം തനത് വരുമാനഡിമാന്റിന്റെ 90% പിരിച്ചെടുക്കാത്ത തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പൊതുവിഭാഗം ജനറൽ ഫണ്ടിൽ നിന്നും 1% കുറവ് വരുത്തുമെന്ന് ഉത്തരവായിട്ടുള്ളതാണ്. എന്നാൽ വാർഷിക കണക്ക് പ്രകാരമുള്ള വസ്തുനികുതി-തൻവർഷം, വസ്തുനികതി-കുടിശ്ശിക ഡിമാന്റുകളുടെ ആകെ കളക്ഷൻ 80.44% മാത്രമാണ്. തനത് വരുമാനത്തിന്റെ പ്രധാന സ്രോതസ്സായ വസ്തുനികുതി ഡിമാന്റുകൾ കൃത്യമാക്കി സൂക്ഷിക്കേണ്ടതും മുഴുവൻ വസ്തുനികുതിയും പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

തൊഴിൽനികുതി

ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി എല്ലാ മാസാന്ത്യങ്ങളിലും വരവ് വർധിപ്പിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ ചർച്ച ചെയ്യുന്നതായി മിനിറ്റ്സ് പരിശോധിച്ചതിൽ നിന്നും വ്യക്തമാവുന്നുണ്ട്. ആയത് സ്വാഗതാർഹമാണ്. സ്ഥാപനങ്ങൾ, ജീവനക്കാർ, സ്വയംതൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർ, അഭിഭാഷകർ, സ്വകാര്യ ഡോക്ടർമാർ, മറ്റ് പ്രൊഫഷണലുകൾ, വിവിധ മരാമത്ത് പണികൾ ഏറ്റെടുത്തു നടത്തിയ കരാറുകാർ, നഗരസഭയിലെ ബിൽഡിങ് പ്ലാനുകൾ തയ്യാറാക്കുന്ന എഞ്ചിനീയർമാർ, സൂപ്പർവൈസർമാർ, വാഹന ഉടമകൾ, നഗരസഭ പരിധിയിലുള്ള റേഷൻ വ്യാപാരികൾ, സ്വകാര്യ സ്കൂളുകൾ/കോളേജുകൾ തുടങ്ങിയ തൊഴിൽ നികുതി കൊടുക്കാൻ ബാധ്യസ്ഥരായവരുടെ സമ്പൂർണ്ണ ഡാറ്റാ ബേസ് സൂക്ഷിക്കുന്നില്ല. നികുതി അടവാക്കിയവരുടെ വിവരങ്ങൾ മാത്രമാണ് ഡിമാന്റ് രജിസ്റ്ററിൽ എഴുതി സൂക്ഷിച്ചിട്ടുള്ളത്.

തൊഴിൽ നികുതി ചട്ടങ്ങൾ പ്രകാരമുള്ള ഡിമാൻഡ് നോട്ടീസ് നൽകിയിട്ടുണ്ടെങ്കിലും ആയത് പൂർണ്ണമായി ഫയൽ ചെയ്തിട്ടില്ല. തൊഴിൽ നികുതി-ട്രേഡേഴ്‌സ് രജിസ്റ്റർ സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. വാർഷിക കണക്കുപ്രകാരം തൊഴിൽനികുതിയിനത്തിൽ 21,96,433/- രൂപ പിരിച്ചെടുക്കാൻ അവശേഷിക്കുന്നുണ്ട്. വാർഷികാന്ത്യത്തിൽ തൊഴിൽനികുതി ഡിമാന്റ് രജിസ്റ്ററിൽ ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവ എഴുതി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. നികുതി പത്രികകൾ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിലാണ് നികുതി സ്വീകരിച്ചിട്ടുള്ളത്. നഗരസഭ ഉടമസ്ഥതയിലുള്ള കെട്ടിടമുറികളിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും സ്ഥാപനതൊഴിൽ നികുതി, ജീവനക്കാരുടെ തൊഴിൽനികുതി എന്നിവ ഈടാക്കുന്നതിനുള്ള നടപടികൾ നാളിതുവരെ സ്വീകരിച്ചിട്ടില്ല. ആയത് സംബന്ധിച്ച് വിശദമായി ഖണ്ഡിക 1-11 ൽ പരാമർശിച്ചിട്ടുണ്ട്.

**ലൈസൻസ് ഫീസ്**

I) മൂലധനം കൃത്യമായി എല്ലാ അപേക്ഷ ഫോമുകളിലും രേഖപ്പെടുത്താത്തതിനാൽ ലൈസൻസ് ഫീസിന്റെ കൃത്യത ഉറപ്പാക്കാൻ കഴിയുന്നില്ല. പൂർണ്ണമല്ലാത്ത/അപാകതയുള്ള അപേക്ഷകൾ നിരസിച്ചിട്ടുണ്ട്. വാർഡ് തിരിച്ചുള്ള ലൈസൻസ് ഫീസ് രജിസ്റ്റർ തയ്യാറാക്കിയിട്ടുണ്ട്. നഗരസഭ ഉടമസ്ഥതയിലുള്ള കെട്ടിടമുറികളിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ ലൈസൻസ് എടുക്കാത്തതിനെതിരെ നാളിതുവരെ നടപടികൾ സ്വീകരിച്ചിട്ടില്ല.
II) 2021-22 സാമ്പത്തിക വർഷത്തിലെ I & E ഷെഡ്യൂൾ ഐ-4(b) പ്രകാരം വ്യാപാര വാണിജ്യ വ്യവസായ സ്ഥാപനങ്ങൾക്കും മറ്റു സംരംഭപ്രവർത്തനങ്ങൾക്കുമുള്ള ലൈസൻസ് ഇനത്തിൽ നഗരസഭ 25,89,545/- രൂപ സ്ഥാപനങ്ങളിൽ നിന്നും ഡിമാന്റ് ചെയ്തിട്ടുണ്ട്.

എന്നാൽ 2022-23 സാമ്പത്തിക വർഷത്തിൽ സ്ഥാപനങ്ങളിൽ നിന്നുമായി 25,18,305/- രൂപ മാത്രമേ ഡിമാന്റ് ചെയ്തതായി കാണുന്നുള്ളൂ.
എ) 2021 -22 ൽ ലൈസൻസ് ഫീസ് ഈടാക്കിയ സ്ഥാപനത്തിന്റെ എണ്ണം – 2687
ബി) 2022-23 ൽ ലൈസൻസ് ഫീസ് ഈടാക്കിയ സ്ഥാപനത്തിന്റെ എണ്ണം – 2509
മേൽ സൂചിപ്പിച്ച കണക്കുകളിൽ നിന്നും ലൈസൻസ് എടുത്തവരുടെ എണ്ണത്തിൽ കുറവ് വന്നിട്ടുള്ളതായി കാണുന്നു. നഗരസഭ പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളും ലൈസൻസ് എടുത്തിട്ടില്ല എന്ന് ഇതിൽ നിന്നും വ്യക്തമാകുന്നു. ആയത് ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

**വാടക**

27.2.23 ലെ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിലെ അജണ്ട 7 പ്രകാരം നഗരസഭാ കെട്ടിടമുറികളുടെ വാടകവർദ്ധനവ് വരുത്താൻ തീരുമാനിച്ചു. 2018–19ലാണ് അവസാനമായി നഗരസഭാ കെട്ടിടമുറികൾക്ക് 5% വാടക വർദ്ധനവ് നടത്തിയിട്ടുള്ളത്. തുടർ സാമ്പത്തിക വർഷങ്ങളിൽ 2022-23 വരെ വാടക വർദ്ധനവ് വരുത്തേണ്ടതില്ല എന്ന് നഗരസഭാ കൗൺസിൽ തീരുമാനിച്ചതായി മിനിട്സിൽ രേഖപ്പെടുത്തിയിട്ടുണ്ട്. 2008–09 മുതൽ 2013-14 വരെയുള്ള കാലയളവിൽ വാടകവർദ്ധനവ് വരുത്തിയിട്ടില്ലാത്തതിനാൽ വാടകനഷ്ടം സംബന്ധിച്ച ഓഡിറ്റ് പരാമർശം ഉള്ളതിനാലാണ് കൗൺസിൽ വർദ്ധനവ് പരിഗണിക്കാനായി തീരുമാനിച്ചത് എന്നും രേഖപ്പെടുത്തിയിട്ടുണ്ട്. കൂടുതൽ വരുമാന മാർഗ്ഗങ്ങൾ കണ്ടെത്തുന്നതിന്റെ ഭാഗമായി കൗൺസിൽ ചാലക്കുടി സൗത്ത് ബസ് സ്റ്റാന്റിന്റെ പടിഞ്ഞാറെ ഭാഗത്ത് പുതിയ ഷോപ്പിംഗ് കോംപ്ലക്സ്, ആനമല നോർത്ത് ബസ് സ്റ്റാന്റിനോട് ചേർന്ന് പുതിയ ഷോപ്പിംഗ് കോംപ്ലക്സ് എന്നിവ വിഭാവനം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നതായി രേഖകളിൽ നിന്ന് വ്യക്തമാകുന്നു.
നിലവിലുള്ള കെട്ടിടങ്ങളിൽ നിന്നുള്ള വാടക കുടിശ്ശിക ഈടാക്കുന്നതിന് ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി ശ്രദ്ധ പുലർത്തേണ്ടതാണ്.

**പരസ്യനികുതി**

നഗരസഭ അതിർത്തിയിൽ സ്ഥാപിക്കുന്ന പരസ്യ ബോർഡുകളിൽ നിന്നും പരസ്യ നികുതിയായി നഗരസഭക്ക് ലഭിച്ചിരുന്ന വരുമാനം ഇപ്പോൾ ലഭിക്കുന്നില്ല. പരസ്യ ബോർഡുകൾ സ്ഥാപിക്കുന്നതിന് നഗരസഭ പെർമിറ്റ് വകയിൽ ഫീസ് ഏർപ്പെടുത്താം എന്നതിനാൽ ഇത്തരം പരസ്യബോർഡുകൾ സ്ഥാപിക്കുന്നതിന് പെർമിറ്റ് നൽകുന്ന നടപടി അടിയന്തിരമായി ആരംഭിക്കേണ്ടതാണ്. ഇത് സംബന്ധിച്ച് സർക്കാർ നിർദ്ദേശിച്ച ബൈലോ കൗൺസിൽ അംഗീകരിച്ചിട്ടുള്ളതാണ്. ഇക്കാര്യം അടിയന്തിര പ്രാധാന്യത്തോടെ കൗൺസിൽ നടപ്പാക്കേണ്ടതാണ്. ഇതുവഴി ചാലക്കുടി നഗരസഭയ്ക്ക് സ്ഥിരമായി ഒരു വരുമാന ലഭ്യത ഉറപ്പുവരുത്താവുന്നതാണ്. മേൽ സൂചിപ്പിച്ച വരവിനങ്ങളുടെ അപാകങ്ങൾ ഭരണസമിതിയിൽ ചർച്ച ചെയ്ത്

തനത് വരുമാനം വർദ്ധിപ്പിക്കാനുള്ള നടപടികളുടെ വിവരം തീരുമാനസഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

**വിനോദനികുതി**

നിലവിൽ തിയറ്ററുകളിൽ നിന്നും മാത്രമാണ് വിനോദനികുതി ഈടാക്കി വരുന്നത്. ടർഫ് കോർട്ട് , ഇൻഡോർ ക്ലബ്ബ് / സ്റ്റേഡിയം , നീന്തൽ കുളങ്ങൾ, കേബിൾ ടി വി നെറ്റ്‌വർക്ക് എന്നിവ നഗരസഭയിൽ പ്രവർത്തിക്കുന്നുണ്ടെങ്കിലും വിനോദ നികുതി നികുതി ഈടാക്കുന്നതിനുള്ള നടപടികൾ നിലവിൽ ഒന്നും തന്നെ സ്വീകരിച്ചിട്ടില്ല. വരുമാനത്തിന്റെ സാധ്യത നിലനിൽക്കുന്നുണ്ട് എങ്കിലും പുതിയ മാർഗ്ഗ നിർദ്ദേശങ്ങൾ സംബന്ധിച്ച് ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി തീരുമാനമൊന്നും എടുത്തിട്ടില്ല.

**ലേലം**

ഭരണസമിതി തീരുമാനിക്കുന്ന ലേലം നടപടികൾക്ക് സമയബന്ധിതമായി നടപ്പിലാക്കാൻ ശ്രദ്ധ പുലർത്തേണ്ടതാണ്.

**ട്രേഡേഴ്സ് ലിസ്റ്റ്**

നഗരസഭയിൽ തയ്യാറാക്കി സൂക്ഷിച്ചിരിക്കുന്ന ട്രേഡേഴ്സ് ലിസ്റ്റ് ഫീൽഡ് പരിശോധന നടത്തി കാലികമാക്കി സൂക്ഷിക്കേണ്ടതാണ്.

## 1-10 വരവ് തുകകൾ ബാങ്കിൽ അടവാക്കുന്നതിൽ കാലതാമസം വരുത്തുന്നു

നഗരസഭയുടെ രസീത് സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽ ആംബുലൻസ് സേവനങ്ങൾക്ക് 902, 903 എന്നീ രസീത് ബുക്കുകൾ അനുവദിച്ചിട്ടുണ്ട്. 2007ലെ കേരള മുനിസിപ്പാലിറ്റി അക്കൗണ്ട്സ് ചട്ടങ്ങൾ, ചട്ടം 21 പ്രകാരം വരവിനത്തിൽ ലഭിച്ച എല്ലാ തുകകളും തൊട്ടടുത്ത പ്രവൃത്തി ദിനം തന്നെ ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിക്കേണ്ടതാണ്. എന്നാൽ മേൽ രസീതു ബുക്കുകളും ആയതിന്റെ കളക്ഷൻ രജിസ്റ്ററുകളും പരിശോധിച്ചതിൽ അക്കൗണ്ട്സ് ചട്ടങ്ങൾ പാലിക്കാതെ ഒന്നോ രണ്ടോ മാസത്തിലൊരിക്കൽ മാത്രമാണ് കളക്ഷൻ തുകകൾ നഗരസഭയിൽ അടവാക്കുന്നത്. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| കളക്ഷൻ തീയതി | | തുക | അടവാക്കിയ തീയതി | രസീത് നമ്പർ |
|---|---|---|---|---|
| മുതൽ | വരെ | | | |
| 01.04.2023 | 28.04.2023 | 4000 | 18.05.2023 | 123010101830 |
| 02.05.2023 | 05.06.2023 | 5000 | 21.06.2023 | 123010103261 |
| 06.06.2023 | 14.06.2023 | 4050 | 14.07.2023 | 123010104118 |

മേൽ പ്രകാരം അക്കൗണ്ട്സ് ചട്ടങ്ങൾക്ക് വിരുദ്ധമായി വരവ് തുകകൾ കാലതാമസം വരുത്തി ബാങ്കിൽ അടവാക്കുന്നതിന് മറുപടി ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(ഓഡിറ്റ് അന്വേഷണം നം.46/15.01.2024) മറുപടി ലഭ്യമാക്കിയിട്ടില്ല. ചാലക്കുടി മുനിസിപ്പാലിറ്റിയുടെ മുൻവർഷത്തെ 03/05/2023 ലെ കെ.എസ്.എ.ടി.എസ്.ആർ (എം3) 541/2023 ഓഡിറ്റ് റിപ്പോർട്ടിൽ ഖണ്ഡിക 1-11 പ്രകാരം പ്രസ്തുത വിഷയം പരാമർശി ച്ചിട്ടുണ്ടെങ്കിലും നാളിതുവരെ അക്കൗണ്ടിംഗ് ചട്ടങ്ങൾ പാലിച്ചുകൊണ്ട് വരവ് തുകകൾ അന്നേ ദിവസമോ തൊട്ടടുത്ത പ്രവൃത്തിദിവസമോ തന്നെ അടവാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല. ആയതിനാൽ കളക്ഷൻ തുകകൾ അന്നേ ദിവസമോ തൊട്ടടുത്ത പ്രവൃത്തിദിവസമോ തന്നെ അടവാക്കേണ്ടതും രസീത് പരിപാലനവുമായി ബന്ധപ്പെട്ട ചട്ടങ്ങൾ കർശനമായി പാലിക്കേണ്ടതുമാണ്.

## 1-11 നഗരസഭാ ഉടമസ്ഥതയിലുള്ള കെട്ടിടമുറികളിൽ ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു.

1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 2(51) പ്രകാരം വർഷം എന്നാൽ ഒരു സാമ്പത്തിക വർഷം എന്ന് നിർവചിച്ചിരിക്കുന്നതിനാൽ എല്ലാ വ്യാപാര ലൈസൻസികളും ഒരു സാമ്പത്തിക വർഷാരംഭത്തിലോ കേരള മുനിസിപ്പാലിറ്റി (വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 11 പ്രകാരം ലൈസൻസ് കാലാവധി അവസാനിക്കുന്നതിന് 30 ദിവസത്തിൽ കുറയാതെയുള്ള സമയത്തിനകമോ ലൈസൻസ്

പുതുക്കേണ്ടതാണ്. തദ്ദേശസ്വയംഭരണ (ആർ.ഡി.) വകുപ്പ്, സർക്കാർ ഉത്തരവ് (പി) നമ്പർ 62/2020/തസ്വഭവ. എസ്.ആർ.ഒ. നമ്പർ 857/2020 തിരുവനന്തപുരം 30.10.2020 വിജ്ഞാപനപ്രകാരം, പട്ടിക I, പട്ടിക II എന്നിവയിൽ ഉൾപ്പെടുന്ന എല്ലാ സ്ഥാപനങ്ങളും ലൈസൻസ് എടുത്ത് പ്രവർത്തിക്കേണ്ടതാണ്.
ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ നഗരസഭ ഉടമസ്ഥതയിലുള്ള താഴെ ചേർത്തിരിക്കുന്ന കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ 2022-23 വർഷത്തിൽ വ്യാപാര – വ്യവസായ സംരംഭക ലൈസൻസ് എടുത്തിട്ടില്ല. വിവരങ്ങൾ ചുവടെ പട്ടികപ്പെടുത്തുന്നു. സ്ഥാപന തൊഴിൽ നികുതി, ജീവനക്കാരുടെ തൊഴിൽ നികുതി എന്നിവ അടവാക്കിയിട്ടില്ല. ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന്(21/09.01.2024) മറുപടി ലഭ്യമാക്കിയിട്ടില്ല.

1. മാർക്കറ്റ് ബിൽഡിങ്

| ക്രമ നമ്പർ | കെട്ടിട നമ്പർ | വാടകക്കാരന്റെ പേര് | സ്ഥാപനത്തിന്റെ പേര് |
|---|---|---|---|
| 1. | A8 | പൗൾ കെ. ഒ, കോനുപറമ്പിൽ | റെന്റൽ ഫോർ ചെയർ ടേബിൾ |
| 2. | A17 | എസ്. എൻ ഗണേശൻ, ശിവനാദം, കോടപുഴ | ലഭ്യമല്ല |
| 3. | A19 | പി. വി ആന്റണി, പാറശ്ശേരി | ലഭ്യമല്ല |
| 4. | A27(2) | ജോയ്സൺ, ചേക്കാട്ടിൽ | ലഭ്യമല്ല |
| 5. | A27(3) | ജോയ്സൺ, ചേക്കാട്ടിൽ | ലഭ്യമല്ല |
| 6. | A30 | പോൾ കെ. ഒ, കൈതാരത്ത് | ലഭ്യമല്ല |
| 7. | B3 | പോൾ കെ. ഒ, കൈതാരത്ത് | ലഭ്യമല്ല |
| 8. | B4 | ആന്റണി എം | ഹിൽ പ്രൊഡക്ട്സ് |
| 9. | B21 | ഷിജു, മഞ്ഞപ്രാക്കാരൻ | ടുബാക്കോ സ്റ്റേഷനറി & സ്വീറ്റ്സ് |
| 10. | B26 | സീനത്ത് പടിക്കാപറമ്പിൽ | റൈസ് ഗ്രോസറി ബിരിയാണി |
| 11. | B28 | പോളച്ചൻ കെ. വി, കണ്ണംപുഴ | ലഭ്യമല്ല |
| 12. | B29 | പ്രസിഡന്റ് ചാലക്കുടി ടൗൺ കോ-ഓപ്പറേറ്റീവ് ബാങ്ക് | ലഭ്യമല്ല |
| 13. | B32 | ചെയർമാൻ, കേരള ഹെഡ്‌ലോഡ് വർക്കേഴ്സ് വെൽഫയർ ബോർഡ് | ലഭ്യമല്ല |
| 14. | C5 | പി. കെ രാമൻ, അരോളി | ലഭ്യമല്ല |
| 15. | C23 | ടിപി ജോണി, ചാലക്കുടി ടൗൺ മൾട്ടിപർപസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി | ലഭ്യമല്ല |
| | C24 | | ലഭ്യമല്ല |
| | C25 | | ലഭ്യമല്ല |
| 16. | C26 | അഡ്വ. നന്ദകുമാര വർമ, സെക്രട്ടറി സി.പി.ഐ, ചാലക്കുടി | ലഭ്യമല്ല |
| 17. | C27 | ജിന്നി ആന്റണി, തോട്ടപ്പിള്ളി, പുതുശ്ശേരി | ലഭ്യമല്ല |
| 18. | C29 | ജി. എൽ ജോസ്, ഗോപുരൻ ഹൗസ് | ലഭ്യമല്ല |

| | | | |
|---|---|---|---|
| 19. | C30 | പ്രസിഡന്റ്, കേരള സ്റ്റേറ്റ് പെൻഷനേഴ്സ് കോ-ഓപ്പറേറ്റീവ് സംഘ്, ചാലക്കുടി | ലഭ്യമല്ല |
| 20. | C31 | സുഷീൽ കുമാർ, മേലേടത്ത് ഹൗസ് | ലഭ്യമല്ല |
| 21. | C32 | സുബ്രൻ<br>കുട്ടാല കെ.പി.എം.എസ് ഏരിയ കമ്മിറ്റി | ലഭ്യമല്ല |
| 22. | C33 | അഡ്വ. നന്ദകുമാര വർമ | ലഭ്യമല്ല |
| 23. | SPS5 | ബിജു, ചത്തേലി | ലഭ്യമല്ല |
| 24. | SPS7 | സി. പി പാവുണ്ണി, ചേട്ടക്കൽ | ലഭ്യമല്ല |
| 25. | SPS8 | ടി. എം ദേവസിക്കുട്ടി, തെക്കൻ ഹൗസ് | ലഭ്യമല്ല |
| 26. | SPS9 | വർഗ്ഗീസ്, പുന്നെലിപറമ്പിൽ | ചിക്കൻ സെന്റർ |
| 27. | SPS 16 | സി. ജി വിജിൽ ചുള്ളിയാടൻ | വെജിറ്റബിൾ ഷോപ്പ് |
| 28. | SPS17 | | വെജിറ്റബിൾ ഷോപ്പ് |
| 29. | SPS 19 | സെക്രട്ടറി, വികലാംഗ അസോസിയേഷൻ | ലഭ്യമല്ല |
| 30. | SPS 20 | ഗീത മോഹൻ, വെന്നക്കാരൻ | ലഭ്യമല്ല |
| 31. | SPS 22 | ദേവസിക്കുട്ടി, കാവുങ്കൽ | കപ്പ സെയിൽ |
| 32. | SPS 23 | രാജു ചെല്ലക്കുടം | ലഭ്യമല്ല |
| 33. | SPS 24 | ബിന്ദു ടി. ടി | ലഭ്യമല്ല |
| 34. | SPS 25 | ദിവ്യ എൻ. ഡി, കുറ്റിക്കാടൻ | ലഭ്യമല്ല |
| 35. | SPS 27 | വർഗ്ഗീസ് ആലൂക്ക | കപ്പ നാളികേര സെയിൽ |
| 36. | SPS 37 | വിനോദ്, തെക്കുടൻ ഹൗസ് | ലഭ്യമല്ല |
| 37. | NS4 | ജോയ് പൗലോസ്, കുനൻ ഹൗസ് | ലഭ്യമല്ല |
| 38. | NS15 | ഷാജി ജോർജ്, മഞ്ഞലിപിണ്ടിയൻ | ലഭ്യമല്ല |
| 39. | NS16 | സി. എ ആന്റോ, ചിറമ്മൽ വടക്കൻ | ലഭ്യമല്ല |
| 40. | NS 17 | ആഷ്മിൻ ആന്റോ, ചിറമ്മൽ വടക്കൻ | ലഭ്യമല്ല |
| 41. | NS19 | നൈജോ ജോർജ്, കൈതാരൻ | ലഭ്യമല്ല |
| 42. | NS20 | ആഷ്മിൻ ആന്റോ | ലഭ്യമല്ല |
| 43. | NS21 | ആഷ്മിൻ ആന്റോ | ലഭ്യമല്ല |
| 44. | NS22 | ലിജോ എം. ജെ, മാളിയേക്കൽ ഹൗസ് | ഇലക്ട്രോണിക്സ് ഐറ്റംസ് |

| | | | |
|---|---|---|---|
| 45. | FS2 | ബിജു കെ. വി, കൊമ്പാറ ഹൗസ് | ലഭ്യമല്ല |
| 46. | FS10 | ഷനോജ് കെ. എസ്, കലക്കാട്ട് ഹൗസ് | ലഭ്യമല്ല |
| 47. | FS17 | എ. ഒ വർഗ്ഗീസ്, ആലുക്ക | ഫിഷ് സ്റ്റാൾ |
| 48. | FS18 | വിൽസൺ, ആലുക്ക | ലഭ്യമല്ല |
| 49. | FS 21 | ആന്റു കെ. വി കോട്ടക്കൽ ഹൗസ് | ഫിഷ് സ്റ്റാൾ |
| 50. | FS23 | കെ. വി ഷാജി, കണ്ണംപുഴ | ഫിഷ് സ്റ്റാൾ |
| 51. | FS 25 | ആൽഫ്രഡ് ജോർജ്, പുന്നലത്ത് ഹൗസ് | ലഭ്യമല്ല |
| 52. | FS 26 | എം. എൽ ആന്റോ | ഉണക്കമീൻ സ്റ്റാൾ |
| 53. | FS 27 | അബ്ദുൾ ലത്തീഫ്, മഞ്ഞലത്തുരുത്തിൽ | ഉണക്കമീൻ സ്റ്റാൾ |
| 54. | FS 28 | എം. എൽ ജോജു, ചേട്ടക്ക | ഫിഷ് സ്റ്റാൾ |
| 55. | FS 29 | ജോജു, മാളിയേക്കൽ | ലഭ്യമല്ല |
| 56. | FS 30 | എം. പി മുഹമ്മദ് ബഷീർ, മന്നംതുരുത്തിൽ | ഉണക്കമീൻ സ്റ്റാൾ |
| 57. | FS 31 | എം. പി അബ്ദുള്ള, തോട്ടക്കാട്ടുകര | ഉണക്കമീൻ സ്റ്റാൾ |
| 58. | FS 32 | സി. ഡി ജോർജ് ചുള്ളിയാടൻ, സി. ഡി ബാബു ചേട്ടക്ക | ലഭ്യമല്ല |
| 59. | FS 33 | ജോബി എം. ഡി മാളിയേക്കൽ, ജോഷി എം. ഡി മാളിയേക്കൽ | ഫിഷ് സ്റ്റാൾ |
| 60. | FS 34 | സി. എൽ ഷാബു, സി. പി മറിയം ചേട്ടക്ക | ലഭ്യമല്ല |
| 61. | FS 35 | ജോജു മാളിയേക്കൽ | ഫിഷ് സ്റ്റാൾ |
| 62. | FS 36 | ലോറൻസ് ലോണ | ഫിഷ് സ്റ്റാൾ |
| 63. | FS 37 | അബ്ദുൾ ലത്തീഫ് | ഉണക്കമീൻ സ്റ്റാൾ |
| 64. | FS 39 | സനൽ എ. എം | ഉണക്കമീൻ സ്റ്റാൾ |
| 65. | FS 41 | ടി. കെ പൗലോസ് തെക്കനത്ത് കണ്ണുക്കാടൻ ഹൗസ് | മീറ്റ് സ്റ്റാൾ |
| 66. | FS 42 | എൻ. കെ തങ്കപ്പൻ, നെടുമ്പള്ളി | ലഭ്യമല്ല |
| 67. | FS 43 | ഷിനോജ് കെ. എസ് കവലക്കാട്ട് | ബീഫ് സ്റ്റാൾ |
| 68. | FS 44 | ഷിനോജ് കെ. എസ് കവലക്കാട്ട് | ബീഫ് സ്റ്റാൾ |
| 69. | XIX/ 219(6) | അനിൽമോൻ കെ. ജെ, കുറുമ്പിലായി | ലഭ്യമല്ല |

| | | | |
|---|---|---|---|
| 70. | XIX/219 (7) | അനിൽമോൻ കെ. ജെ, കുറുമ്പിലായി | ലഭ്യമല്ല |

2. ജൂബിലി മന്ദിരം

| ക്രമ നം. | റൂം നമ്പർ | വാടകകാരന്റെ പേര് | ട്രേഡ് |
|---|---|---|---|
| 1 | JB-1 | ലില്ലി ജോസ്, താമരയൂർ | ബേക്കറി റെസ്റ്റോറന്റ് |
| 2 | JB-2 | കെ. പി തോമസ് കണ്ണമ്പിള്ളി | ഫാൻസി ഐറ്റംസ് |
| 3 | JB-3 | മേഴ്സി ജോസ്, പുല്ലൻ | ടെക്സ്റ്റയിൽസ് |
| 4 | JB-4 | മേഴ്സി ജോസ്, പുല്ലൻ | ടെക്സ്റ്റയിൽസ് |
| 5 | JB-5 | ഫ്ലോറൻസ് പോൾ, കൊങ്കത്ത് | ലഭ്യമല്ല |
| 6 | JB-6 | ശ്രീഹരിലാൽ &കെ. പി ജയപ്രകാശൻ | ലഭ്യമല്ല |
| 7 | JB-7 | സി. വി വിൽസൺ, ചേട്ടക്ക | ഓഫീസ് സ്റ്റേഷനറി, ടീ, സ്നാക്സ് |
| 8 | JB-8 | പി. കെ മനോജ് പെരുമ്പടപ്പ് | ലഭ്യമല്ല |
| 9 | JB-9 | ജോർജ് വർഗ്ഗീസ്, പാലിയേക്കര | ലഭ്യമല്ല |
| 10 | JB-10 | കെ. സി വേണു, കണ്ടരുമഠത്തിൽ | ലഭ്യമല്ല |
| 11 | JB-11 | സോണി കുര്യൻ, മുണ്ടക്കൽ | ലഭ്യമല്ല |
| 12 | JB-12 | ലീലാമ്മ കുര്യൻ, മുണ്ടക്കൽ | ലഭ്യമല്ല |
| 13 | JB-13 | അഡ്വ. സജി റാഫേൽ, തെക്കൻ | ലഭ്യമല്ല |
| 14 | JB-14 | അഡ്വ. തങ്കച്ചൻ, മുതലക്കുഴി | ലഭ്യമല്ല |
| 15 | JB-15 | അഡ്വ. സജി റാഫേൽ | ലഭ്യമല്ല |
| 16 | JB-16 | അനിത, ചേനാട്ട് | ഫോട്ടോസ്റ്റാറ്റ്, ഡി.ടി.പി |
| 17 | JB-17 | അഡ്വ. തങ്കച്ചൻ, മുതലക്കുഴി | ലഭ്യമല്ല |
| 18 | JB-18 | ജയന്തി ആർ, ശരത്ത് വിഹാർ | ലഭ്യമല്ല |
| 19 | JB-19 | കെ. എ ഇട്ടിര, കോന്നിപറമ്പൻ | ബുക്ക് സ്റ്റാൾ & പബ്ലിഷിങ്ങ് |
| 20 | JB-20 | അഡ്വ. തോമസ്, വേഴപറമ്പിൽ | ലഭ്യമല്ല |
| 21 | JB-21 | ആന്റണി, മാളിയേക്കൽ | ലഭ്യമല്ല |

| | | | |
|---|---|---|---|
| 22 | JB-22 | അഡ്വ. പി. എ റോയ്, പുതുപ്പള്ളി | ലഭ്യമല്ല |
| 23 | JB-23 | എം. ഉഷ സുന്ദരൻ, തൃശ്ശൂക്കാരൻ | ലഭ്യമല്ല |
| 24 | JB HallNo.1FF | ശ്രീമതി ജെന്നിഫർ ബിജു, ചിറയത്ത് | ലഭ്യമല്ല |
| 25 | JB-24 | അഡ്വ. ഷാന്റി വി. വി, കണിച്ചിക്കാട്ടി | ലഭ്യമല്ല |
| 26 | JB-3 FF | താലൂക്ക് സപ്ലൈ ഓഫീസ് | ലഭ്യമല്ല |
| 27 | JB-25 5F | ബ്രൂഡി എസ് പുതിയേടൻ | ലഭ്യമല്ല |
| 28 | JB-26 | അഡ്വ. സിറിയക്ക് വർഗ്ഗീസ്, കല്ലേലി | ലഭ്യമല്ല |
| 29 | JB-27 | വി. കെ പ്രഭാകരൻ, വിരുതിപറമ്പിൽ | ലഭ്യമല്ല |
| 30 | JB-28 | ശകുന്തള സുബ്രൻ, പാപ്പത്ത് | ലഭ്യമല്ല |
| 31 | JB Hall No:1 SF | ജീവൻ പി. വി, പടിഞ്ഞാടൻ | ലഭ്യമല്ല |
| 32 | JB Hall 1A | പ്രസ് ക്ലബ് | ലഭ്യമല്ല |
| 33 | JB Hall 3SF | ബിജു എ. ഡി | ലഭ്യമല്ല |
| 34 | JB Hall 4SF | കെ. കെ അനിൽ ലാൽ | ലഭ്യമല്ല |
| 35 | JB 29 | ജാൻസി മാളക്കാരൻ | ഫോട്ടോസ്റ്റാറ്റ് ഓഫീസ് സ്റ്റേഷനറി |
| 36 | AB | കൃഷി ഭവൻ | ലഭ്യമല്ല |
| 37 | JB-30 | ജോണി, ആന്തൂക്കൻ | ലഭ്യമല്ല |
| 38 | JB-31 | വിജയൻ നെടിയമ്പത്ത് | ഫോട്ടോസ്റ്റാറ്റ്, ടീ |
| 39 | JB-32 | തമ്പി വർഗ്ഗീസ്, ചിറയത്ത് | ഫർണീച്ചർ |
| 40 | JB-23A | ഇ. വി പൗലോസ്, ഇരാളി | ലഭ്യമല്ല |
| 41 | JB-28A | കെ. പി ജയപ്രകാശൻ, കുട്ടോളി | ലഭ്യമല്ല |
| 42 | JB 33,34 | ലില്ലി, താമരയൂർ | ബേക്കറി റെസ്റ്റോറന്റ് |

**ബസ് സ്റ്റാൻഡ്**

| ക്രമ നം. | റൂം നം. | വാടകക്കാരന്റെ പേര് | ട്രേഡ് |
|---|---|---|---|
| 1 | GF 1 | ശ്യാം സുധാകരൻ | ബേക്കറി |
| 2 | GF 4 | സി. പി പോൾ | ലഭ്യമല്ല |
| 3 | GF 22 | എ. കെ സെബാസ്റ്റ്യൻ | ലഭ്യമല്ല |
| 4 | 6FF | കെ. ആർ സുരേഷ് | ലഭ്യമല്ല |

| | | | |
|---|---|---|---|
| 5 | H NO IFF | എ. കെ സെബാസ്റ്റ്യൻ | ലഭ്യമല്ല |
| 6 | ATM | ബ്രാഞ്ച് മാനേജർ, ഫെഡറൽ ബാങ്ക് | ATM |
| 7 | 2FF | ടി. കെ ഗോപാലൻ | ലഭ്യമല്ല |
| 8 | HALL NO3 (Part1) | അഖിലേശൻ & ആകാശ് | സ്റ്റേഷനറി |
| 9 | HALL NO 3 (Part2) | പി. കെ തോമസ് | ലഭ്യമല്ല |
| 10 | HALL NO 3 (Part3,4) | സി. ഐ സജീവ് | ലഭ്യമല്ല |
| 11 | HALL NO 3(Part5,6) | ബ്രിജിൽ രാജൻ | ലഭ്യമല്ല |
| 12 | HALL NO 3 (Part6A) | ബ്രിജിൽ രാജൻ | ലഭ്യമല്ല |
| 13 | HALL NO 4FF | ബ്രാഞ്ച് മാനേജർ, കെ.എസ്.എഫ്.ഇ | ലഭ്യമല്ല |
| 14 | S 1 | ബിജു | ലഭ്യമല്ല |
| 15 | S2 | മീന | ലഭ്യമല്ല |
| 16 | S3 | കെ. ടി ആന്റോ | ലഭ്യമല്ല |
| 17 | S5 | ഹരിഹരയ്യർ | ലഭ്യമല്ല |
| 18 | S7 | എം. എൻ അഖിലേശ്വരൻ | ലഭ്യമല്ല |
| 19 | S8 | ആകാശ് എം. എ | ലഭ്യമല്ല |
| 20 | S9 | വി. കെ ജോർജ് | ലഭ്യമല്ല |
| 21 | S 10 | ഔസേപ്പ് വർഗ്ഗീസ് | ലഭ്യമല്ല |
| 22 | S 11 | കെ. കെ രാധാകൃഷ്ണൻ | ലഭ്യമല്ല |
| 23 | S 12 | വി. കെ കര്യാനൻ | ലഭ്യമല്ല |
| 24 | S 13 | കെ. എസ് സുരേഷ് | ലഭ്യമല്ല |
| 25 | S 14 | ഷൈജു | ലഭ്യമല്ല |
| 26 | S 15 | സുരേഷ് | ലഭ്യമല്ല |
| 27 | S 17 | ടി. സി ചന്ദ്രൻ | ലഭ്യമല്ല |
| 28 | S 18 | ജൂലി എസ് ലാസർ | ലഭ്യമല്ല |
| 29 | S 19 | ഡെജി വർഗ്ഗീസ് | ലഭ്യമല്ല |
| 30 | S 20 | ബാബു | ലഭ്യമല്ല |
| 31 | S 21 | പി. ആർ ഷൈജൻ | ടൈലറിംഗ് സെന്റർ |
| 32 | S 22 | സുനിൽ കുമാർ | ലഭ്യമല്ല |
| 33 | S 23 | പി. ജി ആന്റോ | ലഭ്യമല്ല |
| 34 | S 24 | എ. കെ സെബാസ്റ്റ്യൻ | ലഭ്യമല്ല |
| 35 | D2 | കെ. ആർ സുരേഷ് | ലഭ്യമല്ല |
| 36 | D3 | അശോകൻ | ലഭ്യമല്ല |
| 37 | D5 | കെ. വസന്തൻ | ലഭ്യമല്ല |
| 38 | D6 | ലിബു | ലഭ്യമല്ല |

| | | | |
|---|---|---|---|
| 39 | D7 | സന്തോഷ് | ലഭ്യമല്ല |
| 40 | D9 | എം. എൻ അഖിലേശ്വരൻ | ലഭ്യമല്ല |
| 41 | D 10 | പൊട്ടകാരൻ തോമസ് | ലഭ്യമല്ല |
| 42 | D 11 | പി. കെ തോമസ് | ലഭ്യമല്ല |
| 43 | D12 | സിജി ജോർജ് | ലഭ്യമല്ല |
| 44 | D 13 | വി. കെ ജോർജ് | ലഭ്യമല്ല |
| 45 | D 14 | വി. കെ ജോർജ് | ലഭ്യമല്ല |
| 46 | D 15 | ബാബു ജോൺ | ലഭ്യമല്ല |
| 47 | D 17 | പി. പി റെജി | ലഭ്യമല്ല |
| 48 | D 18 | പി. കെ ടോമി | ലഭ്യമല്ല |
| 49 | D 19 | ഷിജു | ലഭ്യമല്ല |
| 50 | D 20 | അരുൺ ബാബു | ലഭ്യമല്ല |
| 51 | D 21 | ജയ ജൂലിയസ് | ലഭ്യമല്ല |
| 52 | D 22 | സ്റ്റാൻലോ ജോർജ് | ലഭ്യമല്ല |
| 53 | D 23 | ശാന്ത വിജയ ഭാനു | ലഭ്യമല്ല |
| 54 | D 24 | സി. എസ് സജിത്ത് | ലഭ്യമല്ല |
| 55 | D 25 | ഷാലി ജോസ് | ലഭ്യമല്ല |
| 56 | D 26 | ടൈഗ്രസ് ആന്റണി | ലഭ്യമല്ല |
| 57 | MS 1A | എം ശശികുമാർ | ലഭ്യമല്ല |
| 58 | MS 13A | ഏലിയാമ്മ മാത്യു | ലഭ്യമല്ല |
| 59 | MS 19A | ശ്രീഹരി | ലഭ്യമല്ല |
| 60 | NO 2 | ടോണി പി. പി | ലഭ്യമല്ല |
| 61 | HALL NO 1A | മിൻഹജ് | ലഭ്യമല്ല |
| 62 | D2 1A | സി. എസ് സജിത്ത് | ലഭ്യമല്ല |
| 63 | D1 A | ഷിബു പി | ലഭ്യമല്ല |
| 64 | GF 1 C | ഹോർട്ടികോർപ്പ് | ലഭ്യമല്ല |
| 65 | FF 1 | ശ്യാം സുദാകരൻ | ലഭ്യമല്ല |
| 66 | FF 1 A | ഷാന്റോ | ലഭ്യമല്ല |
| 67<br>68 | CANTEEN | ബസ് സ്റ്റാന്റ് കാന്റീൻ ടി. കെ ഗോപാലൻ | കാന്റീൻ |
| 69 | INDIAN COFFEE HOUSE | കാന്റീൻ | കാന്റീൻ |

3. ടൗൺ ഹാൾ

| ക്രമ നം. | റൂം നം. | വാടകക്കാരന്റെ പേര് | ട്രേഡ് |
|---|---|---|---|
| 1 | THGF-1 | വി. എൻ സുക, വെളിയത്ത് | ഹാർഡ്വെയേർസ് |
| 2 | THGF3 | ജോജി എം ജോർജ്, മൂത്തേടത്ത് | ലഭ്യമല്ല |
| 3 | THGF5 | ഷാനവാസ്, | ടൈപ്പ് റൈറ്റിങ്ങ് |

| | | | |
|---|---|---|---|
| | | താഴത്തുപറമ്പിൽ | |
| 4 | THGF6 | ബൈജു വർഗ്ഗീസ് | ലഭ്യമല്ല |
| 5 | THGF7 | വി. എൻ സുകു | ലഭ്യമല്ല |
| 6 | THGF8 | വി. എൻ സുകു, വെളിയത്ത് | ഹാർഡ്‌വെയേർസ് |
| 7 | THGF 11 | ഫ്രൈജി, ഉപ്പെല്ലി | ലഭ്യമല്ല |
| 8 | THGF 13 | ലിസ്സി ഡേവീസ്, പുന്നോലിപറമ്പിൽ | ലഭ്യമല്ല |
| 9 | THGF 14 | മുഹമ്മദ് സിദ്ദിഖ്, മതിലകത്ത് | ലഭ്യമല്ല |
| 10 | THGF 15 | മുഹമ്മദ് സിദ്ദിഖ്, മതിലകത്ത് | ലഭ്യമല്ല |
| 11 | THGF 16 | ടി. ജി ഹരി, തൊട്ടിപറമ്പിൽ | ലഭ്യമല്ല |
| 12 | THGF 17 | അമ്മിണി പി. എസ്, ചാകോറിൻ | ലഭ്യമല്ല |
| 13 | THGF 18 | സിജു, പനക്കൽ | ലഭ്യമല്ല |
| 14 | THGF19 | സി. ജി ശശിധരൻ, ചക്കാലമറ്റത്തിൽ | ലഭ്യമല്ല |
| 15 | THGF 20 | സി. ജി ശശിധരൻ, ചക്കാലമറ്റത്തിൽ | ലഭ്യമല്ല |
| 16 | THGF 21 | എം. എസ് ബിജു, മനകുളങ്കരപറമ്പിൽ | ലഭ്യമല്ല |
| 17 | THFF 25 | ടി. കെ ബാബു, തെക്കൂട്ട് | ലഭ്യമല്ല |
| 18 | THFF 26 | രാമകൃഷ്ണൻ, മലത്തറ | കമ്പ്യൂട്ടർ സെയിൽസ് & സർവ്വീസ് |
| 19 മുതൽ 26 വരെ | THFF 27,28, 29,30,31,32, 34 | ബാങ്ക് ഓഫ് ബറോഡ | ലഭ്യമല്ല |
| 27 | THFF33 | നസ്ല | ലഭ്യമല്ല |
| 28 | THFF 35 | ഷാനവാസ് താഴത്തുപറമ്പിൽ | ലഭ്യമല്ല |
| 29 | THFF 36 | എ. എ ഷാജി, അരങ്കാലി | ലഭ്യമല്ല |
| 30 | THFF 37 | വൽസല, കൊഴപ്പിള്ളി | ലഭ്യമല്ല |
| 31 | THFF 38 | എ. എ ഷാജി, അരങ്കാലി | ലഭ്യമല്ല |
| 32 | THFF 39 | എം. വി കൃഷ്ണൻകുട്ടി, മധുരപറമ്പിൽ | ലഭ്യമല്ല |
| 33 | THFF 41 | രതീഷ് സി. ആർ, | ലഭ്യമല്ല |

| | | | |
|---|---|---|---|
| | | ചാളപറമ്പൻ | |
| 34 | THFF 42 | ബിറ്റോ റാഫേൽ, കവലക്കാട്ട് | ലഭ്യമല്ല |
| 35 | THFF 43 | വിൻസന്റ് എം. കെ, മടത്തുംപടി | ലഭ്യമല്ല |
| 36 | THFF 44 | നീര സലീൽ, മാഞ്ഞൂരാൻ | ലഭ്യമല്ല |
| 37 | THFF 45 | ലിജ്ജ ജോസ്, ചൊവ്വരക്കാരൻ | ലഭ്യമല്ല |
| 38 | THFF 46 | ജെയിംസ് ജോർജ്, പാലത്തിങ്കൽ | ലഭ്യമല്ല |
| 39 | THFF 48 | പി. എ ബിജ്ജ, പുതുക്കാടൻ | ലഭ്യമല്ല |
| 40 | THFF 49 | കെ. ആർ ജോജോ, കൊഴിഞ്ഞിലക്കാടൻ | ലഭ്യമല്ല |
| 41 | LBS CENTRE | സയൻസ് & ടെക്നോളജി | LBS സെന്റർ |
| 42 | THSF 50 | ജോസ് ഡി പുല്ലൻ | കമ്പ്യൂട്ടർ ആക്സസറീസ് |
| 43 | THSF 51 | സീമ ഡേവീസ്, പുല്ലൻ | ലഭ്യമല്ല |
| 44 | THSF 52 | അനിൽ ലാൽ കെ. കെ, കട്ടൻ | ലഭ്യമല്ല |
| 45 | THSF 53 | ജെസ്സ മെറിൻ ജേക്കബ് | ലഭ്യമല്ല |
| 46 | THSF 54 | ഷീല ഫ്രാൻസിസ് | ലഭ്യമല്ല |
| 47 | THSF 55 | സിജി ബാബു, കോട്ടക്കൽ | ലഭ്യമല്ല |
| 48 | THSF 56 | നോബിൾ ആന്റണി, ആന്നൂക്കൻ | ലഭ്യമല്ല |
| 49 | THSF 57 | ചന്ദ്രശേഖരൻ ഗുരുശക്തി എന്റർപ്രൈസസ് | ഗുരുശക്തി എന്റർപ്രൈസസ് |
| 50 | THSF 59 | ഷിന്റോ ചിറയത്ത്, കൊട്ടാട്ട് | ലഭ്യമല്ല |
| 51 | THSF 61,62 | ഷിജോ ചാക്കോ, പുതുശ്ശേരി | ലഭ്യമല്ല |
| 52 | THSF 63 | ഫെബിൻ തെവലപ്പിള്ളി | വെഡ്ഡിങ്ങ് എഡിറ്റിങ്ങ് സ്റ്റുഡിയോ |
| 53 | THSF 65 | എം. കെ പോൾ, മേത്തല | ലഭ്യമല്ല |
| 54 | THSF 66 | കെ. കെ ഡേവീസ്, കല്ലിങ്കൽ | അലുമിനിയം സ്റ്റെയ്ൻലസ് സ്റ്റീൽ |

| | | | |
|---|---|---|---|
| 55 | THSF 68 | ജെസി പോൾ, കല്ലിങ്കൽ | ലഭ്യമല്ല |
| 56 | THSF 69 | മേഴ്സി ഡേവിസ്, വച്ചളക്കൽ | ലഭ്യമല്ല |
| 57 | THSF 70 | അശോകൻ ടി. വി, തോപ്പിൽ | ലഭ്യമല്ല |
| 58 | THSF 71 | സുരേഷ് പുത്മ്പടത്തി | ലഭ്യമല്ല |
| 59 | THSF 72 | അഡ്വ. പി. എ വനജ, പേരമ്പ്രുത്ത് | ലഭ്യമല്ല |
| 60 | THSF 73 | ജിജി ടോജോ, കിഴക്കുടൻ | ലഭ്യമല്ല |
| 61 | THSF 74 | അൻസൺ പേരേപ്പാടൻ | ലഭ്യമല്ല |
| 62 | H NO.I,II XXI/ 460B, 460C | 1.തിമോത്തി എ. ടി, 2. ജോൺസൺ ടി. ഡി, 3. റോയ് പി. എ | ലഭ്യമല്ല |
| 63 | TH4th (77) Hall | ഡേവിസ് കെ. ആർ, കല്ലിങ്കൽ | ലഭ്യമല്ല |

മേൽ സൂചിപ്പിച്ച സ്ഥാപനങ്ങളിൽ നിന്നും വ്യാപാര സംരംഭക ലൈസൻസ്, സ്ഥാപന തൊഴിൽ നികുതി, ജീവനക്കാരുടെ തൊഴിൽ നികുതി എന്നിവ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

**1-12 ലൈസൻസ് ഫീ-സ്ഥാപനങ്ങളിൽ നിന്നും കഴിഞ്ഞ വർഷം ഈടാക്കിയതിനേക്കാൾ കുറവ് ഫീ ഡിമാൻഡ് ചെയ്ത് ഈടാക്കുന്നു.**

I) 2021-22 ലെയും 2022-23 ലെയും വ്യാപാര വാണിജ്യ വ്യവസായ സ്ഥാപനങ്ങൾക്കും മറ്റു സംരംഭപ്രവർത്തനങ്ങൾക്കുമുള്ള ലൈസൻസ് രജിസ്റ്ററുകൾ (വാർഡ് നം. 20, 21) പരിശോധിച്ചതിൽ താഴെ പറയുന്ന സ്ഥാപനങ്ങളുടെ ലൈസൻസ് ഫീസ് കഴിഞ്ഞ വർഷത്തേക്കാൾ കുറവായി ഡിമാൻഡ് ചെയ്യുകയും ഈടാക്കുകയും ചെയ്തിട്ടുള്ളതായി കാണുന്നു. നിലവിൽ സ്ഥാപനത്തിന്റെ മൂലധനനിക്ഷേപത്തിന്റെ അടിസ്ഥാനത്തിലാണ് ഈടാക്കേണ്ടത്. ഈ സാഹചര്യത്തിൽ, കഴിഞ്ഞ വർഷത്തേക്കാൾ കുറവായി ലൈസൻസ് ഫീ ഈടാക്കിയതിന്റെ കാരണം അറിയിക്കുവാൻ ഓഡിറ്റ് എൻക്വയറി നൽകിയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. (ഓഡിറ്റ് എൻക്വയറി നമ്പർ: 63 തീ. 17.01.2024).

| ക്രമ നം | കെട്ടിട നമ്പർ | സ്ഥാപനത്തിന്റെ പേര് | 2021-22 സാമ്പത്തിക വർഷം ഡിമാന്റ് ചെയ്ത് ഈടാക്കിയ ഫീസ് | 2022-23 സാമ്പത്തിക വർഷം ഡിമാന്റ് ചെയ്ത് ഈടാക്കിയ ഫീസ് |
|---|---|---|---|---|
| 1 | 21/1024, 1029 | നവ്യ ബേക്കറി | 2000 | 1000 |
| 2 | 21/1077 | സാന്ദ്ര മൊബൈൽസ് | 2500 | 500 |
| 3 | 21/1182 | മിസ്റ്റർ ബേക്കേഴ്സ് | 2600 | 1000 |
| 4 | 21/1420, 1420 A | സൂര്യ സൂപ്പർ ബസാർ | 10000 | 1000 |
| 5 | 21/1431, 1433 | ഫ്രണ്ട്സ് ഫുട്വെയർ | 1500 | 500 |

| | | | | |
|---|---|---|---|---|
| 6 | 21/1264,1265, 1266, 1267, 1270 | ഓറഞ്ച് ബേക്കറി | 1450 | 500 |
| 7 | 21/1214 | ഏഞ്ചൽ ഫുട്‌വെയേഴ്സ് & ബാഗ്സ് | 1500 | 500 |
| 8 | 20/324,325 | ചിറയത്ത് ഗോൾഡ് സൂപ്പർമാർക്കറ്റ് | 5000 | 1000 |
| 9 | 20/200, 200 AB, 201 | എം.സി.ആർ ടെക്സ്റ്റൈൽസ് | 3000 | 1000 |
| 10 | 20/1170 S | ജെ.ബി ട്രേഡേഴ്സ് | 2000 | 1000 |
| 11 | 20/54 | വോഫിൾ ഡേ-മേക്ക് യുർഡേ | 1500 | 1000 |
| 12 | 20/58 | ഡിവൈൻ കമ്പ്യൂട്ടേഴ്സ് & മൊബൈൽസ് | 1500 | 1000 |
| 13 | 20/101 A | KAV കിച്ചൺ ഇൻഡ്യ പ്രൈവറ്റ് ലിമിറ്റഡ് | 2000 | 1000 |
| 14 | 20/153 | ദൃശ്യം ചപ്പാത്തി സെന്റർ | 1200 | 500 |
| 15 | 20/193 | റിലയൻസ് റീറ്റെയിൽ ലിമിറ്റഡ് | 1500 | 1000 |

ഇത്തരത്തിൽ കുറവായി ഈടാക്കിയതിന് കാരണം അറിയിക്കേണ്ടതാണ്. മാത്രമല്ല കുറവ് വന്ന തുക ഈടാക്കി വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

II) ലൈസൻസ് എടുത്ത സ്ഥാപനങ്ങളുടെ എണ്ണം മുൻവർഷത്തേക്കാൾ കുറഞ്ഞു.

2021-22 സാമ്പത്തിക വർഷത്തിലെ I & E ഷെഡ്യൂൾ ഐ-4(B) പ്രകാരം വ്യാപാര വാണിജ്യ വ്യവസായ സ്ഥാപനങ്ങൾക്കും മറ്റു സംരഭപ്രവർത്തനങ്ങൾക്കുമുള്ള ലൈസൻസ് ഇനത്തിൽ നഗരസഭ 25,89,545/- രൂപ സ്ഥാപനങ്ങളിൽ നിന്നും ഡിമാന്റ് ചെയ്തിട്ടുണ്ട്.

എന്നാൽ 2022-23 സാമ്പത്തിക വർഷത്തിൽ സ്ഥാപനങ്ങളിൽ നിന്നുമായി 25,18,305/- രൂപ മാത്രമേ ഡിമാന്റ് ചെയ്തതായി കാണുന്നുള്ളൂ. ലഭ്യമാക്കിയ കണക്കുകൾ പ്രകാരം

(എ) 2021-22 ൽ ലൈസൻസ് ഫീസ് ഈടാക്കിയ സ്ഥാപനത്തിന്റെ എണ്ണം – 2687

ബി) 2022-23 ൽ ലൈസൻസ് ഫീസ് ഈടാക്കിയ സ്ഥാപനത്തിന്റെ എണ്ണം – 2509

മേൽ സൂചിപ്പിച്ച കണക്കുകളിൽ നിന്നും ലൈസൻസ് എടുത്തവരുടെ എണ്ണത്തിൽ മുൻവർഷത്തേക്കാൾ കുറവ് വന്നിട്ടുണ്ട്. നഗരസഭ പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളും ലൈസൻസ് എടുത്തിട്ടില്ലായെന്ന് ഇതിൽ നിന്ന് വ്യക്തമാകുന്നു. ആയത് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. മേൽ അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം. 63/16.01.2024)

## 1-13 തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

1. 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 3 പ്രകാരം അർദ്ധവാർഷിക വരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഈടാക്കാവുന്ന പരാമാവധി തൊഴിൽ നികുതി കണക്കാക്കിയത് പ്രകാരം ഈടാക്കേണ്ടതാണ്. തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ താഴെ ചേർത്തിരിക്കുന്ന ജീവനക്കാരുടെ 2022-23 വർഷത്തെ ഒന്നാം അർദ്ധവർഷത്തെ തൊഴിൽനികുതി ചട്ടപ്രകാരമുള്ള നിരക്കിൽ ഈടാക്കിയിട്ടില്ല.

**ഒന്നാമത്തെ അർദ്ധവർഷം**

| ക്രമ | ജീവനക്കാരന്റെ | അർദ്ധവാർഷിക | ഈടാക്കിയ | കുറവ് | ഈടാക്കേണ്ട |
|---|---|---|---|---|---|

| നമ്പർ | പേര്, സ്ഥാപനത്തിന്റെ പേര് | വരുമാനം | തൊഴിൽ നികുതി | വന്ന തൊഴിൽ നികുതി | തൊഴിൽ നികുതി |
|---|---|---|---|---|---|
| 1. | വിഷ്ണു വി.എസ്. അൺ സ്കിൽഡ് വർക്കർ അസിസ്റ്റന്റ് എൻജിനീയറുടെ കാര്യാലയം, കേരള വാട്ടർ അതോറിറ്റി. | 1,14,084 | 750 | 250 | 1000 |
| 2. | ഗീതാമണി എ, പാർട്ട് ടൈം സ്വീപ്പർ അസിസ്റ്റന്റ് എൻജിനീയറുടെ കാര്യാലയം, കേരള വാട്ടർ അതോറിറ്റി. | 1,16,579 | 750 | 250 | 1000 |
| 3. | ഷൈൻകുമാർ എൻ. കെ. ഡ്രൈവർ, റേഞ്ച് ഫോറെസ്റ്റ് ഓഫീസർ കാര്യാലയം, പരിയാരം | 1,70,130 | 1000 | 250 | 1250 |

2. 2022-23 ൽ താഴെ ചേർത്തിരിക്കുന്ന ജീവനക്കാരുടെ 2022-23 വർഷത്തെ രണ്ടാം അർദ്ധവർഷത്തെ തൊഴിൽനികുതി ചട്ടപ്രകാരമുള്ള നിരക്കിൽ ഈടാക്കിയിട്ടില്ല.

**രണ്ടാമത്തെ അർദ്ധവർഷം**

| **ക്രമ നമ്പർ** | **ജീവനക്കാരന്റെ പേര്, സ്ഥാപനത്തിന്റെ പേര്** | **അർദ്ധവാർഷിക വരുമാനം** | **ഈടാക്കിയ തൊഴിൽ നികുതി** | **ഈടാക്കേണ്ട തൊഴിൽ നികുതി** |
|---|---|---|---|---|
| 1. | ഷിനോബ് പി. ആർ., മാനേജർ , കൃഷ്ണ ജൂവല്ലറി. | 1,50,000 | 1000 | 1250 |
| 2. | രജിത് യു.ആർ., മാനേജർ , കൃഷ്ണ ജൂവല്ലറി. | 1,29,000 | 1000 | 1250 |
| 3. | ഷൈബു ഐ. വി. സെയിൽസ് | 1,32,000 | 1000 | 1250 |

| ക്രമ നമ്പർ | ജീവനക്കാരന്റെ പേര്, സ്ഥാപനത്തിന്റെ പേര് | അർദ്ധവാർഷിക വരുമാനം | ഈടാക്കിയ തൊഴിൽ നികുതി | ഈടാക്കേണ്ട തൊഴിൽ നികുതി |
|---|---|---|---|---|
| | മാനേജർ , കൃഷ്ണ ജൂവല്ലറി. | | | |
| 4. | ലീന പി.വി. രെജിസ്ട്രേഷൻ ധന്യ മിഷൻ ഹോസ്പിറ്റൽ, പോട്ട. | 89,100 | 600 | 750 |
| 5. | ലിഡിയ എഡിസൺ രെജിസ്ട്രേഷൻ ധന്യ മിഷൻ ഹോസ്പിറ്റൽ, പോട്ട. | 89,100 | 600 | 750 |
| 6. | നാൻസി കെ. വി. ഒ.പി. സ്റ്റാഫ് ധന്യ മിഷൻ ഹോസ്പിറ്റൽ, പോട്ട, | 78,000 | 600 | 750 |
| 7. | റെജി വി.ഒ. ഒ.പി. സ്റ്റാഫ് ധന്യ മിഷൻ ഹോസ്പിറ്റൽ, പോട്ട. | 78,000 | 600 | 750 |
| 8. | ഷീബ മാത്യൂ അറ്റെൻഡർ ധന്യ മിഷൻ ഹോസ്പിറ്റൽ, പോട്ട. | 89,100 | 600 | 750 |
| 9. | അശ്വതി ടി. എസ്. രെജിസ്ട്രേഷൻ ധന്യ മിഷൻ ഹോസ്പിറ്റൽ, പോട്ട , | 89,100 | 600 | 750 |
| 10. | മിഥുൻ മാനേജർ ആക്സിസ് ബാങ്ക് ചാലക്കുടി ബ്രാഞ്ച് | 1,24,968 | 600 | 1000 |

3. തൊഴിൽനികുതി രജിസ്റ്റർ പരിശോധിച്ചതിൽ താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ

തൊഴിൽനികുതി ഡിമാന്റ് ചെയ്യുകയോ ഈടാക്കുകയോ ചെയ്തിട്ടില്ല. ആയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | ഈടാക്കാത്ത അർദ്ധവർഷം | വാർഡിന്റെ നമ്പർ |
|---|---|---|---|
| 1 | ഓറോക്ലീൻ കംപ്ലീറ്റ്സ് ക്ളീനിംഗ് സൊല്യൂഷൻസ് പോട്ട | ഒന്നും രണ്ടും | 1 |
| 2 | വെസ്റ്റ് സർവീസ് കോ ഓപ്പറേറ്റീവ് ബാങ്ക് ലിമിറ്റഡ് | ഒന്നും രണ്ടും | 2 |
| 3 | ചാലക്കുടി സർവീസ് കോ ഓപ്പറേറ്റീവ് ബാങ്ക് ലിമിറ്റഡ് | ഒന്നും രണ്ടും | 5 |
| 4 | ഫാത്തിമ സിസ്റ്റേഴ്സ് പബ്ലിക് സ്കൂൾ | ഒന്നും രണ്ടും | 7 |
| 5 | വ്യാസ വിദ്യ നികേതൻ സെൻട്രൽ സ്കൂൾ | ഒന്നും രണ്ടും | 8 |
| 6 | ലക്ഷ്മി വിലാസ് ബാങ്ക് | ഒന്നും രണ്ടും | 10 |
| 7 | ബാങ്ക് ഓഫ് ഇന്ത്യ | ഒന്നും രണ്ടും | 10 |
| 8 | നീതി മെഡിക്കൽ സ്റ്റോർ എലിഞ്ഞിപ്ര സർവീസ് കോ ഓപ്പറേറ്റീവ് സൊസൈറ്റി | ഒന്നും രണ്ടും | 13 |
| 9 | ഹിൽ വേ ടൂറിസ്ററ് ഹോം | ഒന്നും രണ്ടും | 13 |
| 10 | പാരഡയസ് ഹോട്ടൽ | ഒന്നും രണ്ടും | 14 |
| 11 | ബിവറേജസ് | രണ്ട് | 14 |
| 12 | പീസീ ഹാർഡ്വെയർ | ഒന്നും രണ്ടും | 19 |
| 13 | IJK എയ്ഡഡ് പ്രൈമറി ടീച്ചേഴ്സ് സൊസൈറ്റി | ഒന്നും രണ്ടും | 19 |
| 14 | സ്കോളർസ് അക്കാദമി | ഒന്നും രണ്ടും | 19 |
| 15 | KSPPL | ഒന്നും രണ്ടും | ലഭ്യമല്ല |
| 16 | മലയാള മനോരമ ഓഫീസ് | ഒന്നും രണ്ടും | 19 |
| 17 | ചന്ത ഷാപ്പ് ടി. എസ്. നമ്പർ | രണ്ട് | 19 |
| 18 | സൗത്ത് മലബാർ ഗ്രാമീണ ബാങ്ക് | ഒന്നും രണ്ടും | 20 |
| 19 | ഹോട്ടൽ റോയൽ പാലസ് | ഒന്നും രണ്ടും | 20 |
| 20 | നിർമല കോളേജ് | ഒന്നും രണ്ടും | 20 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (18/09.01.2024) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ സൂചിപ്പിച്ച സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-14 തൊഴിൽ നികുതി അടവാക്കിയതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്

I) 2005 ലെ കേരള മുനിസിപ്പാലിറ്റി (തൊഴിൽ നികുതി ) ചട്ടങ്ങൾ , ചട്ടം 3 (2) പ്രകാരം സ്വയം തൊഴിൽ ചെയ്യുന്ന സ്വകാര്യ ഡോക്ടർമാർ, പാരാമെഡിക്കൽ വിദഗ്ധർ, അഭിഭാഷകർ , സഹകരണ സംഘം ആക്ട് പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള സംഘങ്ങൾ,കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾ, സഹകരണ ബാങ്കുകൾ, ബ്രാഞ്ചുകൾ, ബാങ്കിംഗ് സ്ഥാപനങ്ങൾ, ബ്രാഞ്ചുകൾ, പെട്രോൾ പമ്പുകൾ, സർവ്വീസ് സ്റ്റേഷനുകൾ, ടാക്സി വാഹന ഉടമകൾ (രണ്ടിലധികം കാർ, വാൻ, ജീപ്പ്, ലോറി, ട്രക്ക്, ബസ്സ് എന്നിവയും, മൂന്നിലധികം ഓട്ടോറിക്ഷകൾ ഉള്ളവർ), കരാറുകാർ തുടങ്ങിയവയർക്ക് നിശ്ചയിച്ച പരമാവധി അർദ്ധവാർഷിക തൊഴിൽ നികുതി 1250 രൂപയാണ്. എന്നാൽ ഈ ഗണത്തിൽപ്പെടുന്ന താഴെ പറയുന്നവരിൽ നിന്നും 2022 – 23 ൽ തൊഴിൽ നികുതി ഈടാക്കുകയോ ഡിമാൻഡ് ചെയ്യുകയോ ചെയ്തിട്ടില്ല. തൊഴിൽ നികുതി ഈടാക്കിയതിന്റെ വിവരം അറിയിക്കേണ്ടതാണ്.

| ക്രമ നമ്പർ | ഇനം | അടവാക്കാത്ത/ ഈടാക്കാത്ത അർദ്ധവർഷം |
|---|---|---|
| 1. | സഹകരണ ബാങ്കുകൾ, സഹകരണ സംഘങ്ങൾ | ഒന്നും രണ്ടും അർദ്ധവർഷം |
| 2. | അഭിഭാഷകർ | ഒന്നും രണ്ടും അർദ്ധവർഷം |
| 3. | അംഗീകൃത കരാറുകാർ | ഒന്നും രണ്ടും അർദ്ധവർഷം |
| 4. | സ്വകാര്യ ഡോക്ടർമാർ | ഒന്നും രണ്ടും അർദ്ധവർഷം |
| 5. | സ്വകാര്യ ധനകാര്യ സ്ഥാപനങ്ങൾ | ഒന്നും രണ്ടും അർദ്ധവർഷം |
| 6. | പെട്രോൾ , ഡീസൽ പമ്പുകൾ സർവീസ് സ്റ്റേഷൻ എന്നിവ നടത്തുന്നവർ | ഒന്നും രണ്ടും അർദ്ധവർഷം |
| 7. | ടാക്സി വാഹനങ്ങൾ, ബസുകൾ എന്നിവയുടെ ഉടമസ്ഥർ | ഒന്നും രണ്ടും അർദ്ധവർഷം |

II) 2022 – 23 ൽ നഗരസഭയിൽ മരാമത്ത് പ്രവൃത്തികളിൽ ഏർപ്പെട്ട കരാറുകാരുടെ പേരുകൾ ചുവടെ ചേർക്കുന്നു. കരാറുകാർ തൊഴിൽ നികുതി അടവാക്കിയതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്.

| ക്രമ നമ്പർ | കരാറുകാരന്റെ പേര് |
|---|---|
| 1. | കെ. എസ്. പോളി |
| 2. | സിജോൺ എൻ. ടി. |
| 3. | ജിജി മോൻ |
| 4. | കെ. എസ്. ഗോപി |
| 5. | ആൽബർട്ട് ജോൺസൺ |
| 6. | ബൈജു കെ. ടി. |
| 7. | കെ. പി. ജോയ് |
| 8. | ഡേവിസ് എം. ടി. |
| 9. | റിഡ്സൺ എൻ. ആർ. |
| 10. | ഷീജ കെ. ടി. |
| 11. | ഔസേഫ് എൻ. കെ. |
| 12. | ഗ്രിന്റോ വർഗീസ് |

| ക്രമ നമ്പർ | കരാറുകാരന്റെ പേര് |
|---|---|
| 13. | ബിജീഷ് എൻ. സി. |
| 14. | ജോസ് എൻ. പി. |
| 15. | ഷിജു കുട്ടാട്ടി |
| 16. | ജിജി മോൻ എൻ. എ. |

III) 2022– 23 ൽ മരാമത്ത് പ്രവൃത്തികളിൽ ഏർപ്പെട്ട അക്രഡിറ്റഡ് ഏജൻസിയായ ചാലക്കുടി റീജിയണൽ കോ ഓപ്പറേറ്റീവ് സൊസൈറ്റിയുടെ സ്ഥാപന തൊഴിൽനികുതി , ജീവനക്കാരുടെ തൊഴിൽ നികുതി എന്നിവ അടവാക്കിയതിന്റെ വിവരം അറിയിക്കേണ്ടതാണ്.

IV) നഗരസഭാ പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകൾ 20 എണ്ണം , ഓഡിറ്റോറിയങ്ങൾ 19 എണ്ണം എന്നിവ സ്ഥാപന തൊഴിൽ നികുതി , ജീവനക്കാരുടെ തൊഴിൽ നികുതി എന്നിവ അടവാക്കിയതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്.

V) നഗരസഭയിൽ പ്രവർത്തിക്കുന്ന താഴെ കൊടുത്തിട്ടുള്ള പ്രിന്റിങ് യൂണിറ്റുകൾ 2022-23 ൽ സ്ഥാപന തൊഴിൽ നികുതി, ജീവനക്കാരുടെ തൊഴിൽ നികുതി എന്നിവ അടവാക്കിയതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്. (ഫയൽ നമ്പർ : എച്ച് 2/ 23028/23).

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | കെട്ടിട നമ്പർ | സ്ഥാപന ഉടമയുടെ പേര് |
|---|---|---|---|
| 1. | എലഗന്റ് ഏജൻസീസ് | 21/126 | കോളിൻസ് പോൾ കെ |
| 2. | സൂര്യ സൈൻ ഇൻഡസ്ട്രീസ് | 21/ 557/558/559 | ലില്ലി തോമസ് |
| 3. | പ്രിയ പ്രിന്റേഴ്സ് | 21/572 | ഫ്രാൻസിസ് കെ. പോൾ |
| 4. | സൂര്യ പ്ലാസ്റ്റിക്സ് ആൻഡ് ഗ്രാഫിക്സ് | 21/568/569 | കെ. ഡി. തോമസ് |
| 5. | പ്രിന്റിങ് പ്രസ് | 21/1063 | ടി. കെ. തോമസ് |
| 6. | സിറ്റി പ്രസ് | 21/549 | സ്മിജി കെ. ആർ. |
| 7. | ദിയ ഡിസ്ട്രിബ്യൂട്ടേഴ്സ് | 34/265 എ | കോളിൻസ് പോൾ കെ |
| 8. | റോസറി ഓഫ് സെറ്റ് പ്രസ്സ് | 36/223 | മേരി ജോസ് |
| 9. | സുരഭി ഫ്ളക്സ് പ്രിന്റിങ് | 20/1039 | സാംസൺ ജോൺ |
| 10. | സുരഭി ഡിജിറ്റൽ പ്രസ് | 20/1041 | സാംസൺ ജോൺ |
| 11. | ബീന ഓഫ്സെറ്റ് പ്രിന്റേഴ്സ് | 20/247 | ലൂസി ജേക്കബ് |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ( നമ്പർ : 30 / 11.1.2024 ) മറുപടി ലഭ്യമാക്കിയിട്ടുണ്ട്. മേൽ സൂചിപ്പിച്ച ചില സ്ഥാപനങ്ങൾ തൊഴിൽ നികുതി അടവാക്കിയിട്ടുണ്ട് എന്ന് അറിയിച്ചിട്ടുണ്ടെങ്കിലും അടവാക്കിയതിന്റെ തുക, തീയതി, രസീത് നമ്പർ എന്നിവ ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ മറുപടിയുടെ വസ്തുതകൾ പരിശോധിക്കാൻ സാധിച്ചിട്ടില്ല. തുക അടവാക്കിയിട്ടുള്ള സ്ഥാപനങ്ങളുടെ വിശദവിവരം ഉൾപ്പെടുന്ന മറുപടി ലഭ്യമാക്കേണ്ടതാണ്. മേൽ സൂചിപ്പിച്ച മുഴുവൻ സ്ഥാപനങ്ങളിൽ നിന്നും സ്ഥാപനതൊഴിൽ നികുതിയും ജീവനക്കാരുടെ തൊഴിൽ നികുതിയും സമയബന്ധിതമായി അടവാക്കാത്തവരിൽ നിന്നും പിഴയോട് കൂടിയും നികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-15 ഒഴിഞ്ഞുകിടക്കുന്ന കടമുറികൾ ലേലം ചെയ്യാനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല

2022-23 വർഷത്തെ വാടക രജിസ്റ്റർ പരിശോധിച്ചതിൽ നഗരസഭ ഉടമസ്ഥതയിലുള്ള താഴെ ചേർത്തിരിക്കുന്ന കെട്ടിടമുറികൾ ഒഴിഞ്ഞു കിടക്കുന്നതായി കാണുന്നു.

വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | കെട്ടിടത്തിന്റെ പേര് | നമ്പർ | മുൻവർഷങ്ങളിലെ മാസവാടക | തറ വിസ്തീർണ്ണം (ച. മീ) |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 1. | മാർക്കറ്റ് ബിൽഡിങ് | X1X/ 219(1) | 788 | 15.06 |
| 2. | | X1X/ 219(2) | 788 | 15.06 |
| 3. | | X1X/ 219(3) | 788 | 15.06 |
| 4. | | X1X/ 219(4) | 788 | 15.06 |
| 5. | | X1X/ 219(5) | 788 | 15.06 |
| 6. | | FS 38 | 1000 | 13 |
| 7. | | FS 13 | 810 | 7.5 |
| 8. | | FS 14 | 810 | 7.5 |

മേൽ സൂചിപ്പിച്ച കെട്ടിട മുറികൾ നാളുകളായി ഒഴിഞ്ഞു കിടക്കുന്നു. ആയത് വരുമാനച്ചോർച്ചക്കു ഇട വരുത്തുന്നു. പ്രസ്തുത കെട്ടിടമുറികൾ വാടകയ്ക്ക് നൽകാൻ സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്. ഇതുസംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 68/17.01.24) മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-16 ലേലം നടത്തിയ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്

കണ്ടിജന്റ് ബില്ലുകൾ പരിശോധിച്ചതിൽ നിന്നും കൈമാറിക്കിട്ടിയ സ്ഥാപനങ്ങളിൽ നിന്നും നഗരസഭയുടെ ഉടമസ്ഥതയിലുള്ള ഭൂമിയിൽനിന്നും മരങ്ങൾ മുറിച്ചുമാറ്റിയതിന് തനത് ഫണ്ടിൽ നിന്നും ചുവടെ പരാമർശിച്ചിരിക്കുന്ന തുകകൾ ചെലവായിട്ടുണ്ട്.

| ക്രമ നം. | ഫയൽ നം./ വൗച്ചർ നം/ ചെക്ക്/ തീയതി | നഗരസഭാ ഫണ്ടിൽ നിന്നും ചെലവായ തുക (രൂപ) | മുറിച്ചുമാറ്റിയ തടികളുടെ ഇനം | അഭിപ്രായക്കുറിപ്പ് |
|---|---|---|---|---|
| 1 | ഫയൽ നം.H2-48617/22 ചെക്ക് നം.385984 തീയതി :2.9.2022 | 6800/- | ലഭ്യമല്ല | വൗച്ചറിൽ മരങ്ങളുടെ ഇന വിവരം ചേർത്തിട്ടില്ല. |
| 2 | ഫയൽ നം.H2-44553/22 ചെക്ക് നം.385984 തീയതി 2.9.2022 | 14,000/- | പ്ലാവ്, ബദാം, പാഴ്മരം | 3 ആം വാർഡിലെ പോട്ട സമീപം പ്ലാവിന്റെ കൊമ്പ്, മേലേപ്പുറം ബിൽഡിങ്ങിന് അടുത്തുള്ള ബദാം, മറ്റ് പാഴ്മരം |
| 3. | ഫയൽ നം.H2-3983/22 വൗച്ചർ നം. 52200267 തീയതി 20.5.2022 | 40,000/- (അഡ്വാൻസ്) | ലഭ്യമല്ല | ITI കോമ്പൗണ്ടിൽ മരങ്ങൾ മുറിച്ച നൽകുന്നതിന് HI പ്രസാദ് കെ. ആർ.നു അനുവദിച്ച അഡ്വാൻസ് |
| 4. | ഫയൽ നം.H2-136020/22 ചെക്ക് നം.832712 തീയതി 20.5.2022 | 3,000/- (അഡ്വാൻസ്) | ലഭ്യമല്ല | 21 ആം വാർഡിലെ ITI കോമ്പൗണ്ടിൽ മരങ്ങൾ മുറിച്ച നൽകുന്നതിന് HI പ്രസാദ് കെ. ആർ.നു അനുവദിച്ച അഡ്വാൻസ് |
| 5. | ഫയൽ | 15,000/- | മദിരാശി | താലൂക്ക് ഹോസ്പിറ്റലിൽ |

| | | | | |
|---|---|---|---|---|
| | നം.H2-47302/22 വൗച്ചർ നം. 42200554 തീയതി: 28.3.2023 | (അഡ്വാൻസ്) | മരം | അപകടാവസ്ഥയിലുള്ള മദിരാശി മരം മുറിച്ച് മാറ്റുന്നതിന് JHI മനോജ്കുമാർ സി. യു.വിന് അനുവദിച്ച അഡ്വാൻസ് |
| 6. | ഫയൽ നം.H2-46626/22 ജേർണൽ വൗച്ചർ നം.42200555 തീയതി: 28.3.2023 | 12,000/- (അഡ്വാൻസ്) | ലഭ്യമല്ല | 34 ആം വാർഡിലെ 364 ആം നമ്പർ വീടിന് അപകടഭീഷണിയായി രുന്ന മരം മുറിച്ച് മാറ്റുന്നതിന് JHI മനോജ്കുമാർ സി. യു.വിന് അനുവദിച്ച അഡ്വാൻസ് |
| 7. | ഫയൽ നം.H2-46600/22 ചെക്ക് നം. 42200556 തീയതി 28.3.2023 | 16,000/- (അഡ്വാൻസ്) | ആൽമരം | GHSS കോമ്പൗണ്ടിലെ ആൽമരം മുറിച്ച് മാറ്റുന്നതിന് JHI മനോജ്കുമാർ സി. യു.വിന് അനുവദിച്ച അഡ്വാൻസ് |

ടി മരങ്ങൾ ഏതിനത്തിൽപ്പെട്ടവയാണെന്നതും മുറിച്ചുമാറ്റിയ മരങ്ങളുടെ വിനിയോഗ വിവരം, ലേലപരസ്യം, ലേലഡയറി ഉൾപ്പടെയുള്ള വിവരങ്ങളും ഈ ഇനത്തിൽ നഗരസഭാ ഫണ്ടിലേക്ക് ഒടുക്കുവന്നിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശവും ഓഡിറ്റിനു ലഭ്യമാക്കേണ്ടതാണ്.(ഓഡിറ്റ് എൻക്വയറി നം. 51/16.01.24).

## 1-17 ലേലം ഫയൽ ലഭ്യമാക്കേണ്ടതാണ്

2022-23 ലെ വാർഷിക കണക്കിലെ ആർ.പി - 5 പ്രകാരം താഴെ പറയും പ്രകാരം വരവ് വന്നിട്ടുണ്ട്. ആയതുമായി ബന്ധപ്പെട്ട ഫയൽ, രജിസ്റ്റർ, ലേല ഡയറികൾ എന്നിവ പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.

1. Sale Of Manure - 68,185/-
2. Sale Of Other Products - 29,100/-
3. Sale Of Scrap - 8,09,421/-
4. Receipts From Auction Of Obsolete Assets --5,04,334/-
5. Miscellaneous Sales - 4,600/-

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ : 36 തീയതി 12.01.2024) മുഴുവൻ രേഖകളും ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ മേൽ സൂചിപ്പിച്ച വരവുകളുടെ കൃത്യത പരിശോധിക്കാൻ ആവശ്യമായ രേഖകൾ ഹാജരാക്കേണ്ടതാണ്.

## 1-18 വസ്തുനികുതി- ഓഡിറ്റിന് ആവശ്യമായ രേഖകൾ ലഭ്യമാക്കിയില്ല.

2022-23 വർഷത്തെ വസ്തുനികുതി നിർണ്ണയം, ഡിമാന്റ്, കളക്ഷൻ, ബാലൻസ് മുതലായവ പരിശോധിക്കുന്നതിനായി വസ്തുനികുതി ഡിമാന്റ് രജിസ്റ്ററുകൾ, കുടിശ്ശിക ഡിമാന്റ് രജിസ്റ്ററുകൾ, പുതിയ കെട്ടിടങ്ങളുടെ നികുതി നിർണ്ണയം, അനധികൃത കെട്ടിടങ്ങളുടെ വിവരങ്ങൾ, വസ്തുനികുതി ഇളവ് ചെയ്ത് കൊടുത്ത കെട്ടിടങ്ങളുടെ വിവരങ്ങൾ, പൊളിച്ച് കളഞ്ഞ കെട്ടിടങ്ങളുടെ വിവരങ്ങൾ മുതലായവയുടെ റിപ്പോർട്ടുകൾ ലഭ്യമാക്കുകയോ സഞ്ചയയിൽ (കെ-സ്മാർട്ടിൽ) പരിശോധിക്കുന്നതിനുള്ള സൗകര്യങ്ങൾ ചെയ്തു തരികയോ ചെയ്യേണ്ടതാണെന്ന് ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണം (നം.17/08.01.24) നൽകിയിരുന്നെങ്കിലും യാതൊരു രേഖകളും ലഭ്യമാക്കിയില്ല. മുനിസിപ്പാലിറ്റിയിൽ 01.01.2024 മുതൽ കെ-സ്മാർട്ട് സോഫ്റ്റ് വെയർ ഉപയോഗിക്കുന്നതിനാൽ സഞ്ചയ സോഫ്റ്റ്‌വെയറിൽ വസ്തുനികുതി വിവരങ്ങൾ ലഭ്യമാക്കുന്നതിന് സാങ്കേതിക

തടസ്സം ഉണ്ടെന്നും വസ്തുനികുതിയുടെ 31.03.2023ലെ ഡി.സി.ബി., ഡിമാന്റ്, കുടിശ്ശിക രജിസ്റ്ററുകൾ മുതലായവ സഞ്ചയയിൽ നിന്നും പ്രിന്റ് ചെയ്ത് സൂക്ഷിച്ചിട്ടില്ല എന്നുമാണ് റവന്യ വിഭാഗത്തിൽ നിന്നും നേരിൽ അറിയിച്ചത്. ആയതിനാൽ 2022-23 വർഷത്തിൽ നഗരസഭയിലെ വസ്തുനികുതി നിർണ്ണയം, വസ്തുനികുതി ഡിമാന്റ്, കുടിശ്ശിക വിവരങ്ങൾ, പൊളിച്ച് കളഞ്ഞ കെട്ടിടങ്ങളുടെ വിവരങ്ങൾ, വസ്തുനികുതി ഇളവ് ചെയ്ത് കൊടുത്ത കെട്ടിടങ്ങളുടെ വിവരങ്ങൾ മുതലായവ സഞ്ചയയിൽ പരിശോധിക്കാൻ സാധിച്ചിട്ടില്ല.

## 1-19 വേക്കൻസി റമിഷൻ അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കുന്നില്ല.

2011 ലെ കേരള മുനിസിപ്പാലിറ്റി (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ ചട്ടം 21 പ്രകാരം ഏതെങ്കിലും കെട്ടിടം ഒരു അർദ്ധവർഷത്തിൽ തുടർച്ചയായി ഒഴിഞ്ഞ് കിടന്നിട്ടുണ്ടെങ്കിൽ, ആവശ്യമായ അന്വേഷണം നടത്തി ബോദ്ധ്യപ്പെട്ട ശേഷം ആ അർദ്ധ വർഷത്തേക്കുള്ള വസ്തുനികുതി 239-ാം വകുപ്പ് പ്രകാരം സെക്രട്ടറിക്ക് ഇളവ് ചെയ്ത് കൊടുക്കാവുന്നതാണ്. 2-ാം ഉപചട്ടപ്രകാരം കെട്ടിട ഉടമയോ, അയാളുടെ ഏജന്റോ, ആ കെട്ടിടം ഒഴിഞ്ഞ് കിടക്കുകയാണെന്നോ, അല്ലെങ്കിൽ ആ കെട്ടിടം ഏത് തീയതി മുതൽ ഒഴിഞ്ഞ് കിടക്കുമെന്നോ ഉള്ളതിലേക്ക് സെക്രട്ടറിക്ക് നോട്ടീസ് കൊടുത്തിട്ടില്ലായെങ്കിൽ 1-ാം ഉപചട്ടപ്രകാരം സെക്രട്ടറി നികുതി ഇളവ് ചെയ്ത് കൊടുക്കുവാൻ പാടില്ലാത്തതാകുന്നു.

2-ാം ഉപചട്ടം (ബി) പ്രകാരം " മുകളിൽ പരാമർശിച്ചിട്ടുള്ള (എ) ഖണ്ഡ പ്രകാരമുള്ള ഏതൊരു നോട്ടീസിന്റെയും കാലാവധി അത്, ഏത് അർദ്ധവർഷത്തെ സംബന്ധിച്ചാണോ നൽകുന്നത്, ആ അർദ്ധവർഷത്തോടു കൂടി അവസാനിക്കുന്നതും അതിന് ശേഷം അതിന് യാതൊരു പ്രാബല്യവും ഇല്ലാതിരിക്കുന്നതും ആകുന്നു.” . അതായത് നോട്ടീസ് നൽകിയ അർദ്ധവർഷം അവസാനിച്ച് കഴിഞ്ഞാൽ ആ നോട്ടീസിന്റെ അടിസ്ഥാനത്തിൽ വസ്തുനികുതി ഇളവ് ചെയ്യുന്നത് അനുവദനീയമല്ല എന്ന് കരുതാവുന്നതാണ്.

എന്നാൽ ചാലക്കുടി നഗരസഭയിലെ ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി മിനുട്സ് പ്രകാരം മുൻവർഷങ്ങളിൽ ഒഴിഞ്ഞ് കിടക്കുന്ന കെട്ടിടങ്ങൾക്ക് വസ്തുനികുതി ഇളവ് ചെയ്ത് കൊടുത്തിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി തീയതി | വേക്കൻസി റമിഷൻ നൽകിയ അപേക്ഷകളുടെ എണ്ണം | കെട്ടിടം ഒഴിഞ്ഞ് കിടന്ന കാലയളവ് |
|---|---|---|
| 28.04.22 | 26 | 2021-22 |
| 21.07.22 | 88 | 2021-22 II |
| 27.04.23 | 36 | 2019-20 I |
| | 95 | 2019-20 II |
| | 64 | 2017-18 II |

മുൻവർഷങ്ങളിൽ ഒഴിഞ്ഞ് കിടന്ന കെട്ടിടങ്ങൾക്ക് വസ്തുനികുതി ഇളവ് ലഭ്യമാക്കുന്നതിനുള്ള അപേക്ഷകളിൽ സമയബന്ധിതമായി തീരുമാനം എടുക്കാൻ സാധിക്കാതിരുന്നതിന്റെ കാരണം അറിയിക്കേണ്ടതും, മുൻവർഷങ്ങളിലെ കെട്ടിട നികുതി ഇളവിനുള്ള അപേക്ഷകൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണെന്നും ഇപ്രകാരം മുൻവർഷങ്ങളിലെ വസ്തുനികുതി ഒഴിവ് ചെയ്ത് കൊടുക്കുമ്പോൾ അതത് വർഷങ്ങളിൽ ഡിമാന്റിൽ എത്ര രൂപ കുറവ് വന്നു എന്നും ആയത് വാർഷിക കണക്കിൽ എപ്രകാരം ക്രമീകരിച്ചു എന്നും വ്യക്തമാക്കേണ്ടതാണെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയില്ല. അപാകങ്ങൾക്ക് മറുപടി ലഭ്യമാക്കേണ്ടതും അപാകം വരുംവർഷങ്ങളിൽ ആവർത്തിക്കാതിരിക്കേണ്ടതുമാണ് (ഓഡിറ്റ് എൻക്വയറി നം. 41/12.01.24).

## 1-20 അനധികൃത കെട്ടിടനിർമ്മാണം- ചട്ടവിരുദ്ധമായ നിർമ്മാണങ്ങൾക്കെതിരെ നടപടികൾ സ്വീകരിക്കേണ്ടതാണ്.

തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുടെ അധികാരപരിധിക്കുള്ളിൽ നടക്കുന്ന നിർമ്മാണ പ്രവൃത്തികളിൽ വാണിജ്യകെട്ടിടങ്ങളിലും ചില വാസഗൃഹങ്ങളുടെയും മറ്റും നിയമാനുസൃതം ഒഴിച്ചിടേണ്ട മുൻവശത്തെ തുറസ്സായ സ്ഥലങ്ങൾ, മുൻകൂർ അനുമതിയില്ലാതെ ഇരുമ്പ് പൈപ്പ്, ലൈറ്റ് റൂഫിംഗ് ഷീറ്റ് എന്നിവ ഉപയോഗിച്ച്

അനധികൃത ഷെഡ് നിർമ്മിച്ച് വിവിധ ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്നത് വഴി കെട്ടിടനിർമ്മാണ ചട്ടപ്രകാരം റോഡിൽ നിന്നുള്ള അകലം, ലഭ്യമാക്കേണ്ടുന്ന പാർക്കിംഗ് ഏരിയ എന്നിവ ഇല്ലാതാകുന്ന സ്ഥിതി വിശേഷം ഉണ്ടാകുന്നുവെന്നും ആയതിനാൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അധികാരപരിധിയിലുള്ള സ്ഥലങ്ങളിൽ നിർമ്മിക്കുന്ന വാണിജ്യമോ, വാസഗൃഹമോ എപ്രകാരമുള്ള കെട്ടിടങ്ങളുടെയായാലും അവയ്ക്ക് കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾക്കനുസൃതമായി ഒഴിച്ചിടേണ്ടുന്ന തുറസ്സായ സ്ഥലം മുൻകൂർ അനുമതിയില്ലാതെ അനധികൃതമായി കെട്ടിയടച്ച് ഷെഡോ, മറ്റ് നിർമ്മാണങ്ങളോ നടത്തി ഉപയോഗിക്കുന്നത് തടയേണ്ടതും, അഥവാ ഇത്തരത്തിലുള്ള നിർമ്മാണം നടത്തിയതായി ശ്രദ്ധയിൽ വരുന്ന പക്ഷം ആയത് പൊളിച്ച് നീക്കേണ്ടതുമാണെന്ന് എല്ലാ തദ്ദേശഭരണ സ്ഥാപനസെക്രട്ടറിമാർക്കും 20.06.2022 ലെ ആർ.ബി. 3/178/2020-തസ്വഭവ നമ്പർ നമ്പർ സർക്കുലർ പ്രകാരം സർക്കാർ നിർദ്ദേശം നൽകിയിട്ടുള്ളതാണ്.

മേൽ സർക്കുലർ പ്രകാരമുള്ള പരിശോധനകൾക്കായി ഫീൽഡ് സന്ദർശനം നടത്തുകയോ ചട്ടവിരുദ്ധമായി തുറസ്സായ സ്ഥലം കെട്ടിയടച്ച് നടത്തുന്ന നിർമ്മാണങ്ങൾക്കെതിരെ നടപടി സ്വീകരിക്കുകയോ ചെയ്തിട്ടുണ്ടോയെന്നും ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാനും ആവശ്യപ്പെട്ടു കൊണ്ടുള്ള ഓഡിറ്റ് അന്വേഷണത്തിന് (17/08.01.24)മറുപടി ലഭ്യമാക്കിയില്ല.

2022-23 വർഷത്തിൽ ഒക്യുപൻസി സർട്ടിഫിക്കറ്റ് നൽകിയ കെട്ടിടങ്ങളിൽ ഇത്തരത്തിൽ നിയമലംഘനങ്ങൾ ഉണ്ടോ എന്നത് സംബന്ധിച്ച സാംപിൾ ഓഡിറ്റിൽ താഴെ പറയുന്ന അപാകം കണ്ടെത്തി.

ചാലക്കുടി നഗരസഭ രണ്ടാം വാർഡിൽ പേരാമ്പ്ര വില്ലേജിൽ സർവ്വെ നമ്പർ 70/1-3, 70/1-2 ൽ ശ്രീ. ഹരി S/O രാമചന്ദ്രൻ നായർ, കുണ്ടൂർ ഇക്കോണത്ത് എന്നയാളുടെ ഉടമസ്ഥതയിലുള്ള 702 ച.മീ. സ്ഥലത്ത് നിർമ്മിച്ചിരിക്കുന്ന 878.61 ച.മീ. നിർമ്മിത വിസ്തൃതിയുള്ള വാണിജ്യ കെട്ടിടത്തിന് E2-43152/22 തീയതി. 08/03/22 നമ്പരായി ഒക്യുപൻസി സർട്ടിഫിക്കറ്റ് അനുവദിച്ചിട്ടുണ്ട്. ഫയലിൽ ഉള്ള ഒക്യുപൻസി സർട്ടിഫിക്കറ്റ്, പൂർത്തീകരണ പ്ലാൻ എന്നിവ പ്രകാരമുള്ള കെട്ടിടത്തിന്റെ അളവുകൾ താഴെ ചേർക്കുന്നു.

ഗ്രൗണ്ട് ഫ്ലോർ (പാർക്കിംഗ്) - 145.15 ച.മീ.

ഗ്രൗണ്ട് ഫ്ലോർ - 163.18 ച.മീ.

ഒന്നാം നില - 372.00 ച.മീ.

രണ്ടാം നില - 175.50 ച.മീ.

സ്റ്റെയർ റൂം - 22.78 ച.മീ.

------------

ആകെ 878.61 ച.മീ.

------------

എന്നാൽ ഓഡിറ്റ് ടീം 12.01.2024 ൽ നടത്തിയ സ്ഥലപരിശോധനയിൽ ടി കെട്ടിടത്തിന്റെ ഗ്രൗണ്ട് ഫ്ലോറിൽ പൂർത്തീകരണ പ്ലാൻ പ്രകാരം 6 കാർ പാർക്കിംഗ് + ടു വീലർ പാർക്കിംഗ് ആയി കാണിച്ച കെട്ടിടഭാഗത്ത് സെറാമിക് ടൈൽ ഉപയോഗിച്ച് ഫ്ലോറിംഗ് നടത്തിയതായും റോളിംഗ് ഷട്ടർ സ്ഥാപിച്ച് കെട്ടിടനിർമ്മാണ ചട്ടപ്രകാരമുള്ള പാർക്കിംഗ് സ്ഥലം കടമുറികളായി ഉപയോഗിക്കാവുന്ന തരത്തിൽ നിയമവിരുദ്ധമായി മാറ്റം വരുത്തിയിരിക്കുന്നതായും കണ്ടു.

കേരള മുനിസിപ്പാലിറ്റി കെട്ടിടനിർമ്മാണ ചട്ടം 29 പ്രകാരം മതിയായ പാർക്കിംഗ് സൗകര്യം ഇല്ലാതെ കെട്ടിടത്തിന് ഒക്യുപൻസി അനുവദിച്ചത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (നം.38/12.01.24) മറുപടി ലഭ്യമാക്കിയില്ല.

കേരള മുനിസിപ്പാലിറ്റി കെട്ടിടനിർമ്മാണ ചട്ടങ്ങൾ 2019, ചട്ടം 21 പ്രകാരം രണ്ട് നില വരെയുള്ള താമസകെട്ടിടങ്ങളും, 50 ച.മീ. വരെയുള്ള വാണിജ്യ കെട്ടിടങ്ങളും, മതപരമായ കെട്ടിടങ്ങളും, ഗ്രൂപ്പ് ജി1, ജി2, ഐ എന്നിവയിൽ ഉൾപ്പെട്ട കെട്ടിടങ്ങളും ഒഴികെയുള്ള എല്ലാ കെട്ടിടങ്ങൾക്കും ഒക്യുപൻസി സർട്ടിഫിക്കറ്റ് നൽകി 2 വർഷത്തിനുള്ളിൽ സെക്രട്ടറി പോസ്റ്റ് ഒക്യുപൻസി ഓഡിറ്റ് നടത്തേണ്ടതാണെന്നും ഒക്യുപൻസി സർട്ടിഫിക്കറ്റ് നൽകി രണ്ട് വർഷത്തിന് ശേഷം ഏത് സമയത്തും പോസ്റ്റ് ഒക്യുപൻസി ഓഡിറ്റ് നടത്താവുന്നതാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ ചാലക്കുടി നഗരസഭയിൽ മേൽ ചട്ട പ്രകാരം പോസ്റ്റ് ഒക്യുപൻസി ഓഡിറ്റ് നടത്തിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

മേൽ ചട്ട പ്രകാരമുള്ള പോസ്റ്റ് ഒക്യുപൻസി ഓഡിറ്റ് നടത്തി അനധികൃത നിർമ്മാണങ്ങൾ കണ്ടെത്തേണ്ടതും അനധികൃത നിർമ്മാണങ്ങൾ പൊളിച്ച് നീക്കുന്നത് വരെ മേൽ സൂചിപ്പിച്ച കെട്ടിടം ഉൾപ്പെടെയുള്ള അനധികൃത കെട്ടിടങ്ങൾക്ക് കേരള മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 242 പ്രകാരം അനധികൃത കെട്ടിടങ്ങൾക്ക് ബാധകമായ വസ്തുനികുതി ചുമത്തി അവയിൽ നിന്നും നിയമാനുസൃത വസ്തു നികുതി ഈടാക്കിയതിന്റെയും തുടർനടപടി സ്വീകരിച്ചതിന്റെയും വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-21 ഒക്യുപൻസി സർട്ടിഫിക്കറ്റ് അനുവദിച്ചതിൽ അപാകം

ശ്രീ.ഡേവിസ് ജോൺ, ത്രേസ്യ, ഡോൺ ഡേവിസ് പൈനാടത്ത് എന്നിവരുടെ ഉടമസ്ഥതയിൽ ചാലക്കുടി നഗരസഭ വാർഡ് 18 ൽ താലൂക്ക് ആശുപത്രിക്ക് സമീപം പാലസ് റോഡ് $1^{st}$ Street Corner ൽ ഇ3-107936/20 തീയതി 15.09.20 നമ്പർ പെർമിറ്റ് പ്രകാരം കിഴക്കേ ചാലക്കുടി വില്ലേജ് സർവ്വെ നമ്പർ 651/1 ൽ ഉൾപ്പെട്ട 507 ച.മീ. വിസ്തൃതിയുള്ള സ്ഥലത്ത് നിർമ്മിച്ചിട്ടുള്ളതും 15/09/22 ലെ ഇ3- 107936/20 നമ്പർ പ്രകാരം ഒക്യുപൻസി സർട്ടിഫിക്കറ്റ് അനുവദിച്ചതുമായ റെസിഡൻഷ്യൽ/കമേഴ്സ്യൽ കെട്ടിടത്തിന്റെ പൂർത്തീകരണ പ്ലാൻ പ്രകാരം ടുവീലർ പാർക്കിംഗ് കാണിച്ചിട്ടുള്ളത് പ്ലോട്ടിൽ നിലവിലുള്ളതായി കാണിച്ചിരിക്കുന്ന 18/181 നമ്പർ വാസഗൃഹത്തോട് ചേർന്നാണ്. നിലവിൽ പണി പൂർത്തീകരിച്ചിട്ടുള്ള കമേഴ്സ്യൽ/റെസിഡൻഷ്യൽ കെട്ടിടത്തിൽ നിന്നും ടു വീലർ പാർക്കിംഗിലേക്കുള്ള ഡ്രൈവ് വേയിൽ മതിൽ കെട്ടിയിരിക്കുന്നതിനാൽ സുഗമമായ പ്രവേശനം സാധ്യമല്ല. പൂർത്തീകരണ പ്ലാൻ പ്രകാരം മതിൽ " Existing Compound Wall To Be Demolished “ എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ 17.01.2024 ൽ നടത്തിയ സ്ഥല പരിശോധനയിൽ നിലവിലുള്ള വാസഗൃഹത്തിനും പണി പൂർത്തീകരിച്ചിട്ടുള്ള കമേഴ്സ്യൽ/റെസിഡൻഷ്യൽ കെട്ടിടത്തിനും ഇടയിൽ മാത്രമാണ് മതിൽ പൊളിച്ച് നീക്കിയതായി കണ്ടത്. പണി പൂർത്തീകരിച്ചിട്ടുള്ള കെട്ടിടത്തിന്റെ കാർപാർക്കിംഗിനും, വാസഗൃഹത്തിന്റെ കോമ്പൗണ്ടിൽ കാണിച്ചിരിക്കുന്ന പാർക്കിംഗ് ഏരിയയ്ക്കും ഇടയിൽ സ്ഥിതി ചെയ്യുന്ന മതിലിന്റെ ഭാഗം പൊളിച്ച് നീക്കിയിട്ടില്ല. മറ്റ് ഭാഗങ്ങളിൽ മതിലും ഗേറ്റുമുള്ള വാസഗൃഹത്തിന്റെ ഗേറ്റ് വഴി മാത്രമാണ് ഇപ്പോൾ ടു വീലർ പാർക്കിംഗ് ഏരിയയിലേക്കും ഒരു കാർപാർക്കിംഗ് ഏരിയയിലേക്കും പ്രവേശനമുള്ളത്. മേൽ കെട്ടിട നിർമ്മാണം സംബന്ധിച്ച നോട്ട് ഫയൽ പ്രകാരം ടി കെട്ടിടത്തിന്റെ പാർക്കിംഗ് ഏരിയ തൊട്ടടുത്ത വീടിനു മുന്നിൽ രേഖപ്പെടുത്തിയിരിക്കുന്ന ഭാഗത്തേക്ക് Easy Access ലഭ്യമാകുന്നില്ല എന്നും ടി ഭാഗത്തെ മതിൽ പൊളിച്ച് മാറ്റി Drive Way സൗകര്യങ്ങൾ ലഭ്യമാക്കിയതിന് ശേഷം ഒക്യുപൻസിക്കായി പരിഗണിക്കാവുന്നതാണെന്നും ഓവർസിയറുടെ 01/07/22 ലെ കുറിപ്പിൽ രേഖപ്പെടുത്തിയിട്ടുണ്ട്. പാർക്കിംഗ് ഏരിയയിലേക്ക് മതിയായ പ്രവേശന സൗകര്യമില്ലാതെ ഒക്യുപൻസി അനുവദിച്ചത് സംബന്ധിച്ച് മറുപടി ലഭ്യമാക്കേണ്ടതാണ് (ഓഡിറ്റ് എൻക്വയറി നം. 71/17.01.24).

## 1-22 പൊതുടാപ്പുകളുടെ കുടിവെള്ള ചാർജ് ഇനത്തിൽ ഭീമമായ കുടിശ്ശിക

R3 22946/23 നമ്പർ ഫയലും, E2 10787/06 നമ്പർ ഫയലും പരിശോധിച്ചതിൽ പൊതുടാപ്പുകളുടെ കുടിവെള്ള ചാർജ് ഇനത്തിൽ 2009 മുതലുള്ള കുടിശ്ശിക കണക്കാക്കി ആകെ 655 വാട്ടർ ടാപ്പുകൾക്ക് 34,76,881,189/- രൂപ അടവാക്കുന്നതിനായി ചാലക്കുടി ഡെപ്യൂട്ടി തഹസിൽദാർ 09.10.2023 ലെ 2023/11058/08നമ്പർ റവന്യൂ റിക്കവറി നോട്ടീസ് പ്രകാരം റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 14.03.2023 ലെ 23 ആം നമ്പർ കൗൺസിൽ തീരുമാനപ്രകാരം 55 പൊതുടാപ്പുകൾ നിലനിർത്തി 600 പൊതുടാപ്പുകൾ ഒഴിവാക്കുന്നതിന് തീരുമാനിക്കുകയും അടങ്കൽ തുകയായ 1260000/- രൂപ DD ആയി അടവാക്കിയിട്ടുള്ളതാണ്. എന്നാൽ കേരള വാട്ടർ അതോറിറ്റി നിലവിൽ 655 പൊതുടാപ്പുകളുടെ വെള്ളക്കരമാണ് കണക്കാക്കി വരുന്നത്. 27.12.2019 ലെ E2/10787/2006നമ്പർ കത്ത് പ്രകാരം 06.01.2020ലും, 06.02.2020ലെ E2/10787/2006നമ്പർ കത്ത് പ്രകാരം 05.02.2020മുതൽ പൊതുടാപ്പുകളുടെ സംയുക്ത പരിശോധന നടത്തുന്നതിന് കേരള വാട്ടർ അതോറിറ്റി പി.എച്ച് ഡിവിഷൻ ഇരിഞ്ഞാലക്കുട എക്സി.എഞ്ചിനീയർക്ക് കത്ത് നൽകിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ സംയുക്ത പരിശോധന നടത്തിയിട്ടുണ്ടെങ്കിൽ പ്രസ്തുത പരിശോധന റിപ്പോർട്ട് ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (64/15.01.24) മറുപടി ലഭ്യമാക്കിയിട്ടില്ല. 30.11.2023ലെ 6ാം നമ്പർ കൗൺസിൽ തീരുമാനത്തിൽ നിലവിൽ നഗരസഭയുടെ സാമ്പത്തികസ്ഥിതി മോശമെന്ന് രേഖപ്പെടുത്തിയിട്ടുള്ള സാഹചര്യത്തിൽ കേരള വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി ആവശ്യമില്ലാത്ത ടാപ്പുകൾ ഡിസ്മാന്റിൽ ചെയ്യേണ്ടതും, ഭീമമായ കുടിശ്ശിക ഒഴിവാക്കാൻ അടിയന്തിരമായ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-23 തെരുവ് വിളക്കുകളുടെ അറ്റകുറ്റപ്പണികൾ (AMC)-രേഖകൾ ഹാജരാക്കിയില്ല ചെലവുതുക 29,95,771/- രൂപ തടസ്സപ്പെടുത്തുന്നു

2021-22 വർഷത്തിൽ തെരുവ് വിളക്കുകളുടെ അറ്റകുറ്റപ്പണികൾക്കായി താഴെപ്പറയും പ്രകാരം കരാറുകാരൻ ശ്രീ എം പി മനോജിന് തുക നൽകിയിട്ടുണ്ട്.

| ക്രമ നം. | വൗച്ചർ നം/തിയതി | തുക | ഏതു മാസത്തേയ്ക്ക് |
|---|---|---|---|
| 1 | 124/30.04.2022 | 3,66,160 | 12/21, 01/22 |
| 2 | 43/07.06.2022 | 1,99,810 | 4/22 |
| 3 | 44/07.06.22 | 3,78,692 | 2/22, 3/22 |
| 4 | 78/16.08.22 | 1,99,810 | 5/22 |
| 5 | 128/22.09.22 | 2,24,276 | 6/22 |
| 6 | 126/21.10.22 | 2,32,432 | 7/22 |
| 7 | 60/10.11.22 | 2,32,432 | 8/22 |
| 8 | 148/17.12.22 | 2,32,431 | 9/22 |
| 9 | 105/ 20.01.23 | 4,64,864 | 10/22, 11/22 |
| 10 | 124/ 20.02.23 | 2,32,432 | 12/22 |
| 11 | 83/ 10.03.23 | 2,32,432 | 01/23 |
| | ആകെ | 29,95,771 | |

തെരുവ് വിളക്കുകളുടെ അറ്റകുറ്റപ്പണികൾ (AMC) എന്ന പ്രവൃത്തി പ്രൊജക്ട് വെച്ച് ഡി പി സി അംഗീകാരം വാങ്ങിയിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ഹാജരാക്കണമെന്നും, പ്രസ്തുത പ്രവൃത്തി നടപ്പിലാക്കുന്നതിനായി കരാറുകാരനായ ശ്രീ എം പി മനോജിനെ തെരഞ്ഞെടുത്തിരിക്കുന്നത് ഇ-ടെണ്ടർ നടപടികളിലൂടെയാണെങ്കിൽ ആയതിന്റെ രേഖകളും, കരാർ ഉടമ്പടിയും ഹാജരാക്കണമെന്നും, തെരുവ് വിളക്കുകളുടെ എണ്ണം, ഇനം എന്നിവ രേഖപ്പെടുത്തിയ രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിൽ പ്രസ്തുത രജിസ്റ്റർ ലഭ്യമാക്കണമെന്നും, ഈ പ്രവൃത്തിയുമായി ബന്ധപ്പെട്ട E2-13173/21 നമ്പർ ഫയൽ ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല. ഓഡിറ്റ് ആവശ്യപ്പെട്ട രേഖകൾ ഹാജരാക്കുന്നതുവരെ ചെലവ് തുകയായ 29,95,771/- രൂപ തടസ്സപ്പെടുത്തുന്നു.

## 1-24 എച്ച് എം സി കണക്കുകൾ ഓഡിറ്റിന് സമർപ്പിയ്ക്കേണ്ടതാണ്

14.03.2013ലെ ജി.ഒ (എം.എസ്) 91/2013/തസ്വഭവ (SRO നമ്പർ 199/2013), 2013ലെ കേരള മുനിസിപ്പാലിറ്റി (പൊതുജനാരോഗ്യ സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള മാനേജിംഗ് കമ്മിറ്റികൾ) ചട്ടങ്ങളിലെ ചട്ടം 9(i) എന്നിവ പ്രകാരം ആരോഗ്യ സ്ഥാപനങ്ങളിൽ (പി എച്ച് സി/സി എച്ച് സി, ഹോമിയോ, ആയുർവേദം) ആശുപത്രി മാനേജിങ്ങ് കമ്മിറ്റി രൂപീകരിച്ച് ആയതിന്റെ കണക്കുകൾ ഓഡിറ്റിന് സമർപ്പിക്കേണ്ടതാണെന്ന് നിഷ്കർഷിക്കുന്നു. ചാലക്കുടി നഗരസഭയ്ക്ക് കീഴിലുള്ള ആരോഗ്യ സ്ഥാപനങ്ങളിൽ ആശുപത്രി മാനേജിങ്ങ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ ഏതു വർഷം വരെയുള്ള കണക്കുകൾ ഓഡിറ്റിന് സമർപ്പിച്ചിട്ടുണ്ട് എന്നീ വിശദാംശങ്ങൾ ലഭ്യമാക്കുവാൻ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 69/17.01.2024) മറുപടി ലഭ്യമാക്കിയില്ല. ഓഡിറ്റിനു സമർപ്പിക്കാത്ത ആശുപത്രി മാനേജിങ്ങ് കമ്മിറ്റിയുടെ വാർഷികകണക്കുകൾ ലഭ്യമാക്കേണ്ടതാണ്.

## 1-25 KMSCL ന് തുക മുൻകൂർ നൽകി-മരുന്നുകൾ ലഭ്യമായിട്ടില്ല

ചാലക്കുടി താലൂക്ക് ആശുപത്രി സൂപ്രണ്ട് നടപ്പിലാക്കിയ താഴെപ്പറയുന്ന പ്രൊജക്ടുകൾ പ്രകാരം മരുന്നു വാങ്ങുന്നതിനായി കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷന് (KMSCL) തുക മുൻകൂർ നൽകിയിട്ടുണ്ടെങ്കിലും മരുന്നുകൾ ലഭിച്ച ഇൻവോയ്സുകൾ ഫയലിൽ ലഭ്യമല്ല. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

1. ജീവിതശൈലീ രോഗനിയന്ത്രണപരിപാടിയും മരുന്ന് വാങ്ങലും ലാബ് റീഏജന്റ്സ് വാങ്ങലും

പ്രോജക്ട് നമ്പർ-8/23

| ക്രമനമ്പർ | വൗച്ചർ നം, തിയതി, തുക, ഫണ്ട് | പ്രൊഫോർമ ഇൻവോയ്സ് നമ്പർ,തിയതി |
|---|---|---|
| 1 | 22200310/ 7.6.2022-12914 (മെയിന്റനൻസ് ഗ്രാന്റ്-നോൺ റോഡ്) | PRF 235/1.6.2022-12914 |
| 2 | 22202088/5.12.2022-157136 (മെയിന്റനൻസ് ഗ്രാന്റ്-നോൺ റോഡ്) | PRF 2520/23.11.2022-73920 |

II. പാലിയേറ്റീവ് ഹോംകെയർ ചെലവുകൾ

പ്രോജക്ട് നമ്പർ-2/23

| ക്രമനമ്പർ | വൗച്ചർ നം, തിയതി, തുക, ഫണ്ട് | പ്രൊഫോർമ ഇൻവോയ്സ് നമ്പർ, തിയതി |
|---|---|---|
| 1 | 22202070/19.11.2022-349790 (വികസനഫണ്ട്, ജനറൽ) | PRF2407/19.11.2022 -349790 |

III. പാലിയേറ്റീവ് കെയർ മരുന്ന് വാങ്ങൽ

പ്രോജക്ട് നമ്പർ-7/23

| ക്രമനമ്പർ | വൗച്ചർ നം, തിയതി, തുക, ഫണ്ട് | പ്രൊഫോർമ ഇൻവോയ്സ് നമ്പർ, തിയതി |
|---|---|---|
| 1 | 22200289/20.04.2022-68665 (വികസനഫണ്ട്, ജനറൽ) | PRF7246/23.03.2023 -68665 |

IV. VR Puram അർബൻ ഹെൽത്ത് സെന്ററിലേയ്ക്ക് മരുന്നും ഉപകരണങ്ങളും ലാബ് റീഏജന്റ്സ് വാങ്ങലും

പ്രോജക്ട് നമ്പർ-12/23

| ക്രമനമ്പർ | വൗച്ചർ നം, തിയതി, തുക, ഫണ്ട് | പ്രൊഫോർമ ഇൻവോയ്സ് നമ്പർ, തിയതി |
|---|---|---|
| 1 | 22202065/19.11.2022-4,80,000 (മെയിന്റനൻസ് ഗ്രാന്റ്-നോൺ റോഡ്) | PRF2260/15.11.2022 -4,80,000 |
| 2 | 22200311/7.6.2022-5096(മെയിന്റനൻസ് ഗ്രാന്റ്-നോൺ റോഡ്) | PRF196/30.5.2022-5096 |

മരുന്നുകൾ ലഭ്യമായ ടാക്സ് ഇൻവോയ്സുകൾ ഹാജരാക്കുവാൻ നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 23/11.01.2024) മറുപടി ലഭ്യമാക്കിയില്ല. മരുന്നുകൾ ലഭ്യമാക്കി സ്റ്റോക്കിലെടുത്ത് അറിയിക്കേണ്ടതാണ്.

## 1-26 പെൻഷൻ വിഹിതം സെൻട്രൽ പെൻഷൻ ഫണ്ടിൽ ഒടുക്കുന്നില്ല

1996 ലെ കേരള മുനിസിപ്പാലിറ്റി (ജീവനക്കാരുടെ ഡെത്ത് - കം- റിട്ടയർമെന്റ് ബെനഫിറ്റ് ) ചട്ടങ്ങളിലെ ചട്ടം 7(2) പ്രകാരം ഓരോ ജീവനക്കാരന്റേയും മൊത്ത വേതനത്തിന്റെ 15% പെൻഷൻ വിഹിതമായി സെൻട്രൽ പെൻഷൻ ഫണ്ടിൽ ഒടുക്കേണ്ടതാണ്. പെൻഷൻ വിഹിതം അതത് മാസത്തെ ശമ്പള ബില്ലിനൊപ്പം മുനിസിപ്പൽ ഫണ്ടിൽ നിന്നും പിൻവലിച്ച് അതത് മാസം 15-ാം തീയതിക്കുമുമ്പ് സെൻട്രൽ പെൻഷൻ ഫണ്ടിൽ വരവ് വക്കുന്നതിന് ഡയറക്ടറുടെ പേരിൽ സെക്രട്ടറി അയച്ചു നൽകേണ്ടതാണ്. ചട്ടം 8(2) പ്രകാരം ഏതെങ്കിലും ജീവനക്കാരന് കുടിശ്ശിക ഇനത്തിലോ മറ്റോ വേതനം നൽകേണ്ടി വരികയോ ചെയ്യുന്ന സാഹചര്യത്തിൽ അപ്രകാരം ഉള്ള ബില്ലിൽ തന്നെ ബന്ധപ്പെട്ട ജീവനക്കാരുടെ പെൻഷൻ വിഹിതം ഉൾപ്പെടുത്തി ബില്ല് പാസ്സാക്കേണ്ടതും ബില്ല് മാറി 15 ദിവസത്തിനകം പെൻഷൻ വിഹിതം 1-ാം ഉപചട്ടത്തിൽ പറഞ്ഞ വിധം സെൻട്രൽ പെൻഷൻ ഫണ്ടിൽ ഒടുക്കേണ്ടതാണ്. എന്നാൽ നഗരസഭ ഇപ്രകാരം പെൻഷൻ വിഹിതം അടവാക്കുന്നില്ല. ഫയൽ നം. A2/21961/17 പ്രകാരം 2022-23ൽ മാത്രം സെൻട്രൽ പെൻഷൻ ഫണ്ടിൽ ഒടുക്കുവാനുള്ള തുക 39,52,214/- രൂപയാണ്. 1996 ലെ കേരള മുനിസിപ്പാലിറ്റി (ജീവനക്കാരുടെ ഡെത്ത് - കം- റിട്ടയർമെന്റ് ബെനഫിറ്റ് ) ചട്ടങ്ങളിലെ ചട്ടം 8(4) 1ഉം 2ഉം ഉപചട്ടത്തിൽ നിഷ്കർഷിച്ച സമയപരിധിക്കുള്ളിൽ ഡിമാന്റ് ഡ്രാഫ്റ്റ് ഡയറക്ടർക്ക് അയക്കാത്ത പക്ഷം വീഴ്ച വരുത്തിയ കാലയളവിലേക്ക് സേവിങ്സ് ബാങ്ക് നിക്ഷേപത്തിന് തൽസമയം പ്രാബല്യത്തിലുള്ള നിരക്കിൽ പലിശ നൽകുവാൻ മുനിസിപ്പാലിറ്റിക്ക് ബാദ്ധ്യത ഉണ്ടായിരിക്കുന്നതാണ്. ചട്ടം 8(6) ൽ പെൻഷൻ വിഹിതവും പലിശയും നിശ്ചിത സമയത്തിനുള്ളിൽ അടവാക്കുവാൻ വീഴ്ച വരുത്തുന്ന പക്ഷം ആക്റ്റിലെ 309- ാം വകുപ്പ് പ്രകാരം തുക ഈടാക്കുവാൻ നടപടി സ്വീകരിക്കാവുന്നതാണ് എന്ന് വ്യക്തമാക്കിയിട്ടുള്ളതാണ്.

തദ്ദേശ സ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 02.06.2023 ലെ LSGD/PD/18628/2023-PEN A7(1) നമ്പർ കത്ത് പ്രകാരം നഗരസഭക്ക് സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്ന് കുടിശ്ശിക ഇനത്തിൽ 31.03.2023 വരെ 3,81,88,234/-രൂപ ലഭിക്കുവാനുണ്ട്. നഗരസഭ നിലവിൽ തനത് ഫണ്ടിൽ നിന്നാണ് ജീവനക്കാരുടെ പെൻഷൻ വിഹിതം നൽകിക്കൊണ്ടിരിക്കുന്നത്.

കുടിശ്ശിക തുക അടവാക്കുന്നതിനും നഗരസഭക്ക് ലഭിക്കേണ്ട അലോട്ട്മെന്റ് ലഭ്യമാക്കുന്നതിനും അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം. 33/11.01.2024)

## 1-27 DLR തൊഴിലാളികളുടെ നിയമനം- സർക്കാർ അനുമതി ലഭ്യമാക്കേണ്ടതാണ്

ഫയൽ നം.H4-8662/2019, ഫയൽ നം.H4-4585/18 എന്നിവ പ്രകാരം 2022-23 ൽ നഗരസഭയിലെ 28 സാനിറ്റേഷൻ വർക്കർമാർ, 5 Substitute Workers എന്നിവർക്ക് പുറമേ തൊഴിലാളികളെ DLR വ്യവസ്ഥയിൽ താഴെപ്പറയും പ്രകാരം നിയമിച്ചിട്ടുണ്ട്.

| മാസം | DLR തൊഴിലാളികളുടെ എണ്ണം | വേതനം (തുക) | വൗച്ചർ നം.,തിയതി | മഴക്കാലപൂർവ ശുചീകരണം DLR തൊഴിലാളികളുടെ | വേതനം (തുക) | വൗച്ചർ നം.,തിയതി |
|---|---|---|---|---|---|---|

| | | | | എണ്ണം | | |
|---|---|---|---|---|---|---|
| 4/22 | 5 | 94500 | 40/5/22 തി.6.5.22 | 16 | 105300 | 120/5/22 തി.23.5.22 |
| 5/22 | 5 | 81000 | 46/.6./22 തി.7.6.22 | 11 | 102600 | 126/6/22 തി.15.6.22 |
| 6/22 | 4 | 71550 | 55./7./22 തി.7.7.22 | 10 | 126225 | 66/7./22- തി.8.7.22 |
| 7/22 | 4 | 78300 | 47/.8/.22 തി.6.8.22 | 9 | 118800 | 45/8/22 തി.5.8.22 |
| 8/22 | 4 | 66875 | 66/.9/.33 തി.5.9.22 | 9 | 130950 | 71/9/22 തി.5.9.22 |
| 9/22 | 4 | 66150 | 40/.10/.22 തി.10.10.22 | 9 | 118125 | 45/10/22 തി.11.10.22 |
| 10/22 | 4 | 62775 | 51/.11/.22 തി.8.11.22 | 8 | 112050 | 38/11/22 തി.5.11.22 |
| 11/22 | 4 | 69525 | 33/.12/.22 തി.6.12.22 | 9 | 135675 | 46/12/22 തി.6.12.22 |
| 12/22 | 12 | 203175 | 28/.1/.23 തി.7.1.23 | | | |
| 1/23 | 12 | 178875 | 46/.2/.23 തി.9.2.23 | | | |
| 2/23 | 11 | 166525 | 56/.3/.23 തി.7.3.23 | | | |
| | | 11,39,250 | | | 949725 | |
| | | | | | | 20,88,975 |

26/2/2016 തീയ്യതിയിലെ സ.ഉ.(പി) നം.28/2016/ധന ഉത്തരവിൽ ദിവസ വേതന/കരാർനിയമനങ്ങൾ സർക്കാരിന്റെ മുൻകൂർ അനുമതിയോടെ മാത്രമേ നടത്താവൂ എന്നും ഇത്തരത്തിൽ 179 ദിവസത്തേക്ക് മാത്രമേ തുടർച്ചയായി നിയമനം നടത്താവൂ എന്നും നിഷ്കർഷിച്ചിട്ടുണ്ട്. തുടർന്ന് ധനവകുപ്പ് 11/01/2019 ൽ പുറപ്പെടുവിച്ച 03/2019/ധന. സർക്കുലറിൽ ഈ ഉത്തരവ് കർശനമായി പാലിക്കണമെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്. മേൽനിയമനങ്ങൾക്ക് സർക്കാർ അംഗീകാരം ലഭ്യമായിട്ടുണ്ടോ എന്നതിൽ മറുപടി ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.55/16.01.2024) മറുപടി ലഭ്യമാക്കിയില്ല. താല്ക്കാലിക നിയമനങ്ങൾക്ക് സർക്കാർ അനുമതി ലഭ്യമാക്കി അറിയിക്കേണ്ടതാണ്.

## 1-28 സുലേഖ സ്റ്റേറ്റ്മെന്റിൽ നിർവഹണോദ്യോഗസ്ഥരെ തെറ്റായി രേഖപ്പെടുത്തി

സുലേഖ സ്റ്റേറ്റ്മെന്റിൽ നിർവഹണോദ്യോഗസ്ഥനായി പ്രിൻസിപ്പാൾ, ഗവ.ഹയർ സെക്കന്ററി സ്കൂൾ എന്ന് രേഖപ്പെടുത്തിയ പ്രൊജക്ടുകൾ നിർവഹണം നടത്തിയത് ഗവ.വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂൾ പ്രിൻസിപ്പാളും, ഗവ.വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂൾ പ്രിൻസിപ്പാൾ നിർവഹണോദ്യോഗസ്ഥനായി രേഖപ്പെടുത്തിയ പ്രൊജക്ടുകൾ നിർവഹണം നടത്തിയത് ഗവ.ഹയർ സെക്കന്ററി സ്കൂൾ പ്രിൻസിപ്പാളുമാണ്. അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.25/11.01.2024) മറുപടി ലഭ്യമാക്കിയില്ല. അപാകത പരിഹരിച്ച് അറിയിക്കേണ്ടതാണ്.

## 1-29 ഇൻഡോർ സ്റ്റേഡിയം സ്ഥലം ഏറ്റെടുത്തതിലെ വിധിക്കടം നഗരസഭക്ക് ബാധ്യത

ഫയൽ നം. R3/12195/2010

ചാലക്കുടി നഗരസഭ ഇൻഡോർ സ്റ്റേഡിയം വികസനത്തിനായി ലാന്റ് അക്വിസിഷൻ നടപടികളനുസരിച്ച് അവാർഡ് നമ്പർ 1/2010/തീയതി 22.2.2010 പ്രൊസീഡിംഗ്സ് പ്രകാരം 3.07 ഏക്കർ സ്ഥലം ഏറ്റെടുത്തിട്ടുള്ളതാണ്. നഗരസഭ ഏറ്റെടുത്ത സ്ഥലത്തിന്റെ വില വർദ്ധിപ്പിച്ച് നൽകുന്നതിന് സ്ഥലം ഉടമകൾ ഇരിങ്ങാലക്കുട സബ് കോടതിയിൽ കേസ് ഫയൽ ചെയ്യുകയും 13.3.2013 ലെ ഉത്തരവ് പ്രകാരം സ്ഥലവില സെന്റിന് 52000/- രൂപ എന്നത് 400000/- രൂപയാക്കി വർദ്ധിപ്പിച്ച് ഉത്തരവാവുകയും ചെയ്തിട്ടുള്ളതാണ്. ഇതിനെതിരെ നഗരസഭ ബഹു.ഹൈക്കോടതിയിൽ ലാന്റ് അക്വിസിഷൻ അപ്പീൽ ഫയൽ ചെയ്തെങ്കിലും അപ്പീൽ തള്ളി ബഹു.ഹൈക്കോടതി ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്.

സ്ഥലം ഉടമകൾ നൽകിയ LAR No.22/2010, 23/2010 നമ്പർ കേസുകളിലെ 30.09.2021 വരെയുള്ള ബാദ്ധ്യത വിവരം താഴെ ചേർക്കുന്നു.

| LAR No. | തുക(പലിശയടക്കം) |
|---|---|
| 22/2010 | 16,81,35,822/- |
| 23/2010 | 6,87,75,751/- |
| | 23,69,11,573/- |

തുക കൃത്യമായി അടവാക്കാനാവാത്തതിനാൽ തുകയിന്മേൽ പലിശ തുക ഭീമമായ തോതിൽ വർദ്ധിക്കുന്നത് നഗരസഭയുടെ സാമ്പത്തിക ബാദ്ധ്യത വർദ്ധിപ്പിച്ചിട്ടുണ്ട്. ജപ്തി നടപടികൾ ഒഴിവാക്കുന്നതിനായി ജില്ലാ കളക്ടറുടെ തീരുമാനപ്രകാരം അഡീഷണൽ ഡിസ്ട്രിക്ട് മജിസ്ട്രേറ്റിന്റെ ചേമ്പറിൽ കൂടിയ യോഗത്തിൽ കൊച്ചി അന്താരാഷ്ട്ര വിമാന കമ്പനി (CIAL) യുടെ കേരള സർക്കാരിലേക്കുള്ള ഡിവിഡന്റ് തുകയിൽ നിന്നും LAR 22/10 നമ്പർ കേസിലേയ്ക്ക് 19 കോടി രൂപയും LAR 23/10 നമ്പർ കേസിലേയ്ക്ക് 8 കോടി രൂപയും അടക്കം ഒട്ടാകെ 27 കോടി രൂപ ജപ്തി ചെയ്ത് പ്രസ്തുത കേസിലെ വിധികട തുകയിലേക്ക് ഡെപ്പോസിറ്റ് ചെയ്യുന്നതിന് 26.9.2023 തിയതിയിൽ കോടതി ഉത്തരവായിട്ടുള്ളതാണ് എന്ന് അഡീ. ഗവ. പ്ലീഡർ യോഗത്തെ അറിയിച്ചു. ആയതുപ്രകാരം 4.11.2023 തിയതിയിൽ LAR 22/10 നമ്പർ കേസിലേയ്ക്ക് 19 കോടി രൂപയും LAR 23/10 നമ്പർ കേസിലേയ്ക്ക് 8 കോടി രൂപയും CIAL ബഹു. കോടതിയിൽ കെട്ടി വെച്ചിട്ടുള്ളതാണ്.
നഗരസഭാ കൗൺസിലിന്റെ 18.12.2023 തിയതിയിലെ 16ാം നമ്പർ തീരുമാനപ്രകാരം നഗരസഭ വലിയ സാമ്പത്തിക പ്രതിസന്ധി നേരിടുന്ന അവസ്ഥയിൽ ഇൻഡോർ സ്റ്റേഡിയം സർക്കാരിന്റെയും നഗരസഭയുടെയും സംയുക്ത സംരംഭമായതിനാൽ നിലവിൽ സർക്കാർ അടച്ച തുക തിരിച്ച് നൽകുന്ന നടപടിയിൽ നിന്നും കൗൺസിലിന് ഇളവ് നൽകണമെന്നും സർക്കാരിനോട് അഭ്യർത്ഥിക്കാൻ തീരുമാനിച്ചിട്ടുണ്ട്. തിരിച്ചു നൽകേണ്ട സാഹചര്യം ഉണ്ടായാൽ ആയതിന് സാവകാശം നൽകണമെന്ന് ആവശ്യപ്പെടാനും പദ്ധതി വിഹിതത്തിൽ നിന്നും ഓരോ വർഷവും 1 കോടി രൂപ കുറവ് വരുത്താവുന്നതാണെന്നും സർക്കാരിനോട് അഭ്യർത്ഥിക്കുവാനും തീരുമാനിച്ചിട്ടുണ്ട്. സർക്കാരിൽ നിന്നും ഇതുവരെ തുടർ നിർദേശങ്ങളൊന്നും തന്നെ ലഭ്യമായിട്ടില്ല. സർക്കാർ അടച്ച തുക തിരിച്ച് നൽകേണ്ട സാഹചര്യം ഉണ്ടായാൽ അത് നഗരസഭയുടെ വികസനപ്രവർത്തനങ്ങളെ ബാധിക്കുന്നതാണ്. 31.11.2023ലെ 6-ാം നമ്പർ കൗൺസിൽ തീരുമാനത്തിൽ നിലവിൽ നഗരസഭയുടെ സാമ്പത്തികസ്ഥിതി മോശമെന്ന് രേഖപ്പെടുത്തിയിട്ടുള്ള സാഹചര്യത്തിൽ, ഭീമമായ തുക സാമ്പത്തികബാധ്യത വരുന്ന അവസ്ഥ അനഭിലഷണീയമാണ്. ഇൻഡോർ സ്റ്റേഡിയം ഇതുവരെ പ്രവർത്തനക്ഷമമല്ലെന്നും വുഡൻ ഫ്ളോറിംഗ് നടത്താനുണ്ടെന്നും സ്റ്റേഡിയം പ്രവർത്തിക്കുന്നത് സംബന്ധിച്ചുള്ള ബൈലോ ഇതുവരെ തയ്യാറാക്കിയിട്ടില്ലെന്നും ഓഡിറ്റ് എൻക്വയറിക്ക് (നം. 54/16.01.2024) മറുപടിയായി അറിയിച്ചു. Director Of Sports Affairs, നഗരസഭാ സെക്രട്ടറി എന്നിവർ 25.10.2018 ൽ ഒപ്പു വെച്ച MoU പ്രകാരം (നിബന്ധന Xii) വരുമാനം ലഭിക്കാനുള്ള Rules And Regulations ഉണ്ടാക്കുവാനുള്ള ചുമതല നഗരസഭാ സെക്രട്ടറിയ്ക്കോ Joint Management Committee യ്ക്കോ ആയിരിക്കുന്നതാണ്. ഇൻഡോർ സ്റ്റേഡിയം പ്രവർത്തനക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും സ്റ്റേഡിയത്തിൽ നിന്നും നഗരസഭയ്ക്ക് വരുമാനം ലഭിക്കാനുള്ള സാധ്യതകൾ പരിശോധിക്കേണ്ടതുമാണ്.

**1-30 അമൃതം ഫുഡ് വാങ്ങിയതിന് ജി എസ് ടി ടി.ഡി.എസ് ഈടാക്കിയിട്ടില്ല.**

ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണോദ്യോഗസ്ഥയായ01/23 -അങ്കൺവാടി പോഷകാഹാര പദ്ധതി എന്ന പ്രൊജക്ട് പ്രകാരം താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും താഴെ പറയും പ്രകാരം അമൃതം ഫുഡ് 2.5% CGSTയും, 2.5% SGSTയും നല്കി വാങ്ങിയിട്ടുള്ളതാണ്.

| സ്ഥാപനം | ഇൻവോയ്സ് നമ്പർ , തീയതി | തുക | CGST | SGST | വൗച്ചർനമ്പർ തീയതി, തുക,ഫണ്ട് |
|---|---|---|---|---|---|
| അമൃതം ഫുഡ് സപ്ലിമെന്റ്,അതുല്ല്യ യൂണിറ്റ്,കാട്ടുകുറ്റി | 63/-. 03.2022-110911/- 80/-. 03.2022-32040/ - | 142951 | 3573.76 | 3573.76 | 22200304 / 18.05.22-479614/- (വികസനഫണ്ട്, ജനറൽ) |
| | A1/-. 07.2022-88200/ - P1/-07.2022 21840/- | 110040 | 2751 | 2751 | 22201193/06.**08**.22 **128070**/- (വികസനഫണ്ട്, ജനറൽ) |
| | A6/-. 08.2022-83569/ - P5/-08.2022 22050/- | 105619 | 2640 | 2640 | 22202028 /03.09.22 122409/- (വികസനഫണ്ട്,ജനറൽ) |
| | A11/-. 09.2022-105729/ - P11/-09.2022 23730/- | 129459 | 3236 | 3236 | 22202047/19.10.22 -235857/- (വികസനഫണ്ട്, ജനറൽ) |
| | A16/-. 11.2022-103929/- P5/-11.2022 23940/- | 127869 | 3196.72 | 3196.72 | 22202068/22.11.2022- 275304/- (വികസനഫണ്ട്,ജനറൽ) |
| | A22/-. 12.2022-85113/- P19/-12.2022 21420/- | 106533 | 2663 | 2663 | 22202105/14.12.2022 - 107240/- (വികസനഫണ്ട്, ജനറൽ) |
| | A/-. 02.2023-91287/- P28/-02.2023 24150/- | 115437 | 2885.93 | 2885.93 | 22202467/25.02.2023 – 147763/- (വികസനഫണ്ട്,ജനറൽ) |
| | A39/-. 03.2023-93271/- P42/-03.2023 24570/- | 117841/ - | 2946 | 2946 | 22202554/17.03.2023 - 118622/- (വികസനഫണ്ട്, ജനറൽ) |
| | ആകെ | 955749 | 29877.72 | 29877.72 | |

CGST ആക്ട് 2017ലെ വകുപ്പ് 51(1) പ്രകാരം വിതരണത്തിന്റെ ആകെ മൂല്യം 2½ ലക്ഷത്തിൽ അധികരിക്കുന്ന

സാധനങ്ങളുടെയോ സേവനങ്ങളുടേയോ രണ്ടിന്റേയോ കരാറുകാരുടെ ബില്ലിൽ നിന്നും 1% ടിഡിഎസ് പിടിക്കണമെന്ന് നിഷ്കർഷിച്ചിട്ടുള്ളതാണ്. SGST ആക്ട് 2017ലെ വകുപ്പ് 51(1) പ്രകാരവും സമാനമായ നിർദ്ദേശമുള്ളതാണ്. ആയതിനാൽ ആകെ മൂല്യം 2½ ലക്ഷത്തിൽ അധികരിക്കുന്ന ബില്ലുകളിൽ നിന്നും CGST, SGSTഇനങ്ങളിൽ 1% വീതം ആകെ 2% നികുതി സ്രോതസിൽ നിന്നും ഈടാക്കേണ്ടതാണ്. എന്നാൽ മേൽ പട്ടിക പ്രകാരം **അമൃതം ഫുഡ് സപ്ലിമെന്റ്,അതുല്ല്യ യൂണിറ്റ്,കാട്ടുകുറ്റി** എന്ന സ്ഥാപനത്തിൽ നിന്നും അമൃതം ഫുഡ് വാങ്ങിയപ്പോൾ CGST, SGSTഇനങ്ങളിൽ ടി.ഡി.എസ് ഈടാക്കിയിട്ടില്ല. തുടർ വർഷങ്ങളിൽ ഇക്കാര്യം ശ്രദ്ധിക്കേണ്ടതാണ്.(ഓഡിറ്റ് എൻക്വയറി നം . 40/12.01.2024)

## 1-31 കന്നുകുട്ടി പരിപാലനം-വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.

എ) വെറ്ററിനറി സർജൻ നിർവഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ കന്നുകുട്ടി പരിപാലനം എന്ന പ്രൊജക്ടിനായി (103/23) വൗച്ചർ നം. 22202280/28.01.2023 പ്രകാരം 40 ഗുണഭോക്താക്കൾക്കായി 12,500/- രൂപ വീതം ( സംസ്ഥാന വിഹിതം ഉൾപ്പെടെ) 500000/- രൂപ SLBP ഡെപ്യൂട്ടി ഡയറക്ടർക്ക് കൈമാറിയിട്ടുണ്ട്. വിനിയോഗ സാക്ഷ്യപത്രം പ്രൊജക്ട് പൂർത്തീകരിക്കുന്ന മുറയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

അടങ്കൽ

1. വികസനഫണ്ട് (ജനറൽ) - 5,00,000/-

2.ഗുണഭോക്തൃവിഹിതം(നേരിട്ട്)-5,00,000/-

ആകെ – 10,00,000/-

ബി) കാലിത്തീറ്റ വിതരണം സംബന്ധിച്ച രജിസ്റ്റർ പരിശോധിച്ചപ്പോൾ താഴെ പറയുന്ന ഗുണഭോക്താക്കൾ പ്രൊജക്ടിൽ നിന്നും വിട്ടുപോയതായി കണ്ടു. വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

| ഗുണഭോക്താവിന്റെ പേര് | തീറ്റ വാങ്ങിയതിന്റെ വിവരം |
|---|---|
| വിനയകുമാരി | 04/2023 ൽ മാത്രം നൽകിയിട്ടുള്ളു. |
| ബീന അശോകൻ | 03/2023 ൽ മാത്രം നൽകിയിട്ടുള്ളു. |
| ആതിര | 07/2023 ൽ മാത്രം നൽകിയിട്ടുള്ളു. |

ഇത്തരത്തിൽ പ്രൊജക്ട് പൂർത്തീകരിക്കാതെ വിട്ടുപോയ ഗുണഭോക്താക്കൾക്ക് വേണ്ടി അടവാക്കിയ പദ്ധതി വിഹിതം പ്രൊജക്ട് പൂർത്തീകരിക്കുന്ന മുറയ്ക്ക്, എസ്.എൽ.ബി.പി ഡെപ്യൂട്ടി ഡയറക്ടറിൽ നിന്നും തിരികെ ഈടാക്കി സർക്കാരിലേക്ക് അടവാക്കേണ്ടതാണ് (ഓഡിറ്റ് എൻക്വയറി നം .56/16.01.2024).

## 1-32 മുൻകൂർ കൈപ്പറ്റിയ ഗുണഭോക്താക്കൾ നാളിതുവരെ പണി പൂർത്തികരിച്ചിട്ടില്ല.

പ്രൊജക്ട് ഓഫീസർ (നഗര ദാരിദ്ര്യ നിർമ്മാർജ്ജന സെൽ) നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ താഴെ പറയുന്ന വിവിധ പ്രൊജക്ടുകളുടെ രജിസ്റ്റർ പരിശോധിച്ചതുപ്രകാരം തുക മുൻകൂർ കൈപ്പറ്റിയ ഗുണഭോക്താക്കൾ നാളിതുവരെ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടില്ല. ആയത് പൂർത്തീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു. (ഓഡിറ്റ് എൻക്വയറി-നം.60/16.01.2024)

| **പദ്ധതിയുടെ പേര്/ നം.** | **ഗുണഭോക്താക്കൾ** | **പ്രൊജക്ട് പ്രകാരം അർഹത പ്പെട്ട തുക** | **കൈപ്പറ്റിയ തുക** | **കൈപ്പറ്റിയ തിയതി** |
|---|---|---|---|---|
| പഠനമുറി (പട്ടികജാതി) | സുനിൽകുമാർ (നിരഞ്ജന) | 200000/- | 50000/- | 22.03.2023 |

| | | | | |
|---|---|---|---|---|
| | | | | |
| | രാമകൃഷ്ണൻ (നന്ദിനി.കെ.ആർ) | ” | 50000/- | 25.03.2023 |
| 174/23 | വള്ളിയമ്മ | ” | 50000/- | 25.03.2023 (സ്കൂൾ സർട്ടിഫിക്കറ്റ് ഫയലിൽ ലഭ്യമല്ല. ആയതിനാൽ വിദ്യാർത്ഥിയുടെ പേരുവിവരം ലഭ്യമല്ല. കൂടാതെ പട്ടികജാതി വികസന ഓഫീസറുടെ 22.02.2023 സാക്ഷ്യപത്ര പ്രകാരം ഭവന പുനരുദ്ധാരണ ത്തിനാണ് തുക നൽകിയിട്ടില്ല എന്ന് സാക്ഷ്യപ്പെടു ത്തിയി ട്ടുള്ളത്.) |
| വീട് വാസ്യയോഗ്യ മാക്കൽ (ജനറൽ), 209/23 | മറിയൻകുട്ടി നെല്ലിപ്പിള്ളി | 25000/- | 12500/- | 17.03.2023 |
| | ഗീത വേലായുധൻ | ” | 12500/- | 17.03.2023 |
| | സജിനി ഉഇമ്പത്തിക്കാരൻ | ” | 12500/- | 17.03.2023 |
| | മനോജ് ആർ.ബി | ” | 12500/- | 24.02.2023 |
| | മണി വേലായുധൻ പേരുക്കുട്ടി | ” | 12500/- | 24.02.2023 |
| | മേരി ഔസേഫ് | ” | 12500/- | 31.03.2023 |
| | ജയചന്ദ്രൻ കണ്ണൻപുഴ | ” | 12500/- | 31.03.2023 |
| വീട് വാസ്യയോഗ്യമാക്കൽ (പട്ടികജാതി),173/23 | ഗോപി മുല്ലശ്ശേരി | 50000/- | 25000/- | 15.03.2023 |
| | ഗിരിജ വാസു | ” | 25000/- | 22.03.2023 |
| | ദേവകി തെക്കേടത്ത് | ” | 25000/- | 21.03.2023 |
| | രമണി കിടങ്ങത്ത് | ” | 25000/- | 15.03.2023 |
| | നിത്യ അനിൽ | ” | 25000/- | 21.03.2023 |

| | | | | |
|---|---|---|---|---|
| വീട് വാസ്യയോഗ്യ മാക്കൽ (പട്ടികജാതി), 15/23 | മണി കരുണാകരൻ | 50000/- | 25000/- | 07.03.2023 |
| കിണർ നിർമ്മാണം (പട്ടികജാതി), 176/23 | വേലായുധൻ | 35000/- | 17500/- | 10.03.2023 |
| | അമ്മിണി | ” | 17500/- | 28.03.2023 |
| കിണർ നിർമ്മാണം (ജനറൽ), 176/23 | ചന്ദ്രിക മഠത്തിപ്പറമ്പിൽ | 17500/- | 8750/- | 21.02.2023 |
| കിണർ നിർമ്മാണം (ജനറൽ), 17/23 (സ്റ്റീൽ ഓവർ) | ജോർജ്ജ്.വി.ഐ | 15000/- | 7500/- | 06.01.2022 |
| | അനിത ബാബു | ” | 7500/- | 03.03.2022 |
| | പുഷ്പ രമേഷ് | ” | 7500/- | 25.03.2022 |
| | സുകുമാരൻ | ” | 7500/- | 16.05.2022 |

**1-33 ബാലസഭ:അധികം നൽകിയ 22098/- രൂപ തടസ്സപ്പെടുത്തുന്നു**

അടങ്കൽ – 100000/-(വികസനഫണ്ട്,ജനറൽ)

പ്രൊജക്ട് ഓഫീസർ(നഗര ദാരിദ്ര്യ നിർമ്മാർജ്ജന സെൽ),നടപ്പിലാക്കിയ ബാലസഭ എന്ന പ്രൊജക്ടിൽ (നം. 179/23) വൗച്ചർ നം.22202489/06.03.2023 പ്രകാരം 76098/- രൂപ സി.ഡി.എസ് ന് നൽകിയിട്ടുണ്ട്. പതിനാലാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖ ഉത്തരവ് (കൈ)നം.115/2022/തസ്വഭവ/28.05.2022 ഖണ്ഡിക 7.7.10 പ്രകാരം വാർഡ് ഒന്നിന് 1500/- രൂപയാണ് നഗരസഭ കുടുംബശ്രീയ്ക്ക് കൈമാറേണ്ടത്.മറ്റ് പ്രവർത്തനങ്ങൾ നടത്തേണ്ട തുക വകയിരുത്തേണ്ടത് കുടുംബശ്രീയുടെ പ്രവർത്തന ഫണ്ടിൽ നിന്നുമാണ്.എന്നാൽ 36 വാർഡ് മാത്രമുള്ള ചാലക്കുടി നഗരസഭ 54000/-രൂപ കൈമാറേണ്ടതിനു പകരം 76098/- രൂപ കൈമാറിയിട്ടുണ്ട്.

ഇക്കാര്യം ചൂണ്ടിക്കാട്ടി നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് ലഭ്യമാക്കിയ മറുപടിയിൽ അറിവില്ലായ്മമൂലം സംഭവിച്ചതാണെന്ന് അറിയിച്ചിട്ടുണ്ട്. സർക്കാർ ഉത്തരവിന് വിരുദ്ധമായ ചെലവായതിനാൽ അധികം നൽകിയ 22098/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

(ഓഡിറ്റ് എൻക്വയറി നം . 62 /16.01.2024)

**1-34 ഷീസ്കിൽസ്-ചാലക്കുടി വനിതകൾക്ക് നൈപുണ്യ പരിശീലന പരിപാടി:ചെലവ് തുക 977700/- തടസ്സപ്പെടുത്തുന്നു**

അടങ്കൽ – 1000000/-വികസനഫണ്ട് (ജനറൽ)

പ്രൊജക്ട് ഓഫീസർ (നഗര ദാരിദ്ര്യ നിർമ്മാർജ്ജന സെൽ), നടപ്പിലാക്കിയ ഷീസ്കിൽസ്-ചാലക്കുടി വനിതകൾക്ക് നൈപുണ്യ പരിശീലന പരിപാടി എന്ന പ്രൊജക്ടിൽ (നം.321/23) വൗച്ചർ നം. 22202337/23.02.2023 പ്രകാരം 977700/- രൂപ ജില്ലാ പ്രൊഗ്രാം മാനേജർ,അഡീഷണൽ സ്കിൽ അക്വസിഷൻ പ്രൊഗ്രാം(ASAP),തൃശ്ശൂരിന് കൈമാറിയിട്ടുണ്ട്.(ഇൻവോയ്സ് No.ASAPTSR/LSGD-GEN/37/22.02.2023)(കരാർ തിയതി.17.02.2023). എന്നാൽ എന്ന് പരിശീലനം നടത്തിയെന്നോ,ആർക്കൊക്കെ പരിശീലനം നൽകിയെന്നോ എന്നുള്ള വിവരങ്ങളും സർട്ടിഫിക്കറ്റ് വിതരണം നടത്തിയതിന്റെ വിവരങ്ങളും ഫയലിൽ ലഭ്യമല്ല.ഇക്കാര്യം ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. മുകളിൽ പറഞ്ഞ രേഖകൾ ഹാജരാക്കാത്തതിനാൽ ചെലവ് തുക 977700/- തടസ്സപ്പെടുത്തുന്നു. (ഓഡിറ്റ് എൻക്വയറി നം . 65 /16.01.2024)

**1-35 കിണർ റീച്ചാർജ്ജിംങ്ങ്(മഴപ്പൊലിമ):വിനിയോഗവിവരം ലഭ്യമാക്കാത്തതിനാൽ ₹4,00,000 രൂപ തടസ്സപ്പെടുത്തുന്നു**

അടങ്കൽ – 2000000/-(ധനകാര്യ കമ്മീഷൻ അവാർഡ്)

പ്രൊജക്ട് ഓഫീസർ (നഗര ദാരിദ്ര്യ നിർമ്മാർജ്ജന സെൽ), നടപ്പിലാക്കിയ കിണർ റീച്ചാർജ്ജിംങ്ങ് (മഴപ്പൊലിമ) എന്ന പ്രൊജക്ടിൽ (നം.245/23) 200 ഗുണഭോക്താക്കൾക്ക് പ്രൊജക്ട് നടപ്പിലാക്കുന്നതിന്റെ

ഭാഗമായി വൗച്ചർ നം.22202681/30.03.2023 പ്രകാരം 4,00,000/- രൂപ അഡ്വാൻസായി അംഗീകൃത ഏജൻസിയായ മഴപ്പൊലിമ ടീം മെമ്പറായ ശ്രീ. കെ.എം.രാംദാസിന് കൈമാറിയിട്ടുണ്ട്. (കരാർ തിയതി. 17.02.2023). ഇത് നടപ്പിലാക്കിയതിന്റെ വിവരങ്ങൾ, വിനിയോഗസാക്ഷ്യപത്രം എന്നിവ ഫയലിൽ ലഭ്യമല്ല. ഇവ പരിശോധനയ്ക്ക് ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. വിനിയോഗ വിവരം ലഭ്യമാക്കാത്തതിനാൽ ചെലവ് തുക 4,00,000/- രൂപ തടസ്സപ്പെടുത്തുന്നു. (ഓഡിറ്റ് എൻക്വയറി നം . 66/16.01.2024

## 1-36 വയബിലിറ്റി ഗ്യാപ്പ് ഫണ്ട് അനുവദിക്കുന്നത് മാർഗ്ഗരേഖ പാലിക്കേണ്ടതാണ്.

പ്രൊജക്ട് നം.196/23

ഹരിതകർമ്മസേന വയബിലിറ്റി ഗ്യാപ്പ് ഫണ്ട് 2022-23.

അടങ്കൽ തുക - 8,34,000/- (വികസനഫണ്ട് -ജനറൽ)

ചെലവ് - 8,34,000/-

വൗച്ചർ നം - 22202590/05.01.2023

ചാലക്കുടി നഗരസഭയിലെ 36 വാർഡുകളിലായി 6 മാസത്തേക്ക് വയബിലിറ്റി ഗ്യാപ്പ് ഫണ്ട് നൽകിയിട്ടുണ്ട്. ഹരിതകർമ്മസേന ആദ്യഘട്ടത്തിൽ (2019 ഒക്ടോബർ 2ന്) 72 പേർ ഉണ്ടായിരുന്നത് വരുമാനക്കുറവു മൂലം 51 പേരായി കുറഞ്ഞിട്ടുണ്ട്. 2021 നവംബർ 1 മുതൽ ഹരിതകർമ്മസേനയുടെ പ്രവർത്തനങ്ങൾ പുനരുജ്ജീവിപ്പിച്ചു. എല്ലാ മാസവും 1 മുതൽ 10-ാം തീയ്യതി വരെ 1 മുതൽ 10 വരെയുള്ള വാർഡുകൾ എന്ന ക്രമത്തിൽ മാലിന്യങ്ങൾ ശേഖരിച്ചു വരുന്നതായി ഫയലിൽ (എച്ച് 2-55401/22 പേജ് നം.1) രേഖപ്പെടുത്തിയിട്ടുണ്ട്. വീടുകളിൽ നിന്ന് 40 രൂപ വീതവും വ്യാപാരസ്ഥാപനങ്ങളിൽ നിന്ന് 100 രൂപ വീതവും വാങ്ങുന്നു. ഒരു മാസം 4,50,000 രൂപ യൂസർ ഫീ ഇനത്തിലും 20,000 രൂപ വിൽപ്പന വഴിയും സമാഹരിക്കുന്നു. 600 രൂപ പ്രതിഫലമായും നൽകുന്ന രീതിയിലാണ് പ്രൊജക്ട് ലക്ഷ്യവും പ്രവർത്തനങ്ങളും വിഭാവനം ചെയ്തിരിക്കുന്നത്. ഹരിതകർമ്മസേനയുടെ പ്രവർത്തനം മാർഗ്ഗരേഖ സർക്കാർ ഉത്തരവ് (സാധാ)നം.2774/2017/ത.സ്വ.ഭ.വ തീയ്യതി 12.08.2017 പ്രകാരവും ഗ്യാപ് ഫണ്ട് അനുവദിക്കേണ്ടത് സർക്കാർ ഉത്തരവ് (സാധാ)നം.1250/2021/ത.സ്വ.ഭ.വ തീയ്യതി 2.07.2021 പ്രകാരവുമാണ്. 2022-23 കാലയളവിൽ പ്രവർത്തന മാർഗ്ഗരേഖ ഉത്തരവുപ്രകാരം നഗരപ്രദേശങ്ങളിൽ നിന്ന് കുറഞ്ഞത് 70 രൂപയാണ് യൂസർ ഫീ ഈടാക്കേണ്ടത്. നിലവിൽ 40 രൂപയാണ് നിശ്ചയിച്ച് ഈടാക്കുന്നത്. ആയത് കൃത്യമായി ഈടാക്കാത്ത സാഹചര്യം നിലവിലുണ്ട്. ഇപ്രകാരം വർദ്ധിപ്പിച്ച നിരക്കിൽ ഈടാക്കിയാൽ പോലും തൊഴിലാളികൾക്ക് കൂലി വർദ്ധിപ്പിച്ചതിനാൽ കൺസോർഷ്യം ഫണ്ടിൽ വരുമാനം കുറവായിരിക്കും. മാർഗ്ഗരേഖപ്രകാരമുള്ള യൂസർഫീ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. മേൽപ്പറഞ്ഞ പ്രകാരം യൂസർ ഫീ വർധിപ്പിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ ഭരണസമിതി തീരുമാനത്തിന്റെ വിശദവിവരം ലഭ്യമാക്കേണ്ടതാണ് (ഓഡിറ്റ് എൻക്വയറി നം. 20/06.01.24).

## 1-37 ഹോമിയോ ആശുപത്രിക്ക് മരുന്നു വാങ്ങൽ - അപാകത

നിർവ്വഹണോദ്യോഗസ്ഥൻ - മെഡിക്കൽ ഓഫീസർ (ഹോമിയോ)

പ്രൊജക്ട് നം./പേര് - 192/23 – ഹോമിയോ ആശുപത്രിക്ക് മരുന്നു വാങ്ങൽ.

അടങ്കൽ തുക - 3,00,000/- (മെയിന്റനൻസ് ഫണ്ട്-റോഡിതരം)

വൗച്ചർ നം. - 22202522/14.03.2022.

മേൽപ്പറഞ്ഞ പ്രൊജക്ട് പ്രകാരം ഹോമിയോ മരുന്നുകൾ ഹോംകോ, പാതിരപ്പള്ളി, ആലപ്പുഴ എന്ന സ്ഥാപനത്തിൽ നിന്ന് വാങ്ങിയിട്ടുണ്ട്. എന്നാൽ വാങ്ങലിനു മുൻപ് ചാലക്കുടി എ.പി.എച്ച്.സി (ആയുഷ് പ്രൈമറി ഹെൽത്ത് സെന്റർ) യിൽ നിന്നു ലഭ്യമാക്കിയ നോൺ അവയിലബിലിറ്റി സർട്ടിഫിക്കറ്റിൽ മരുന്നുകളുടെ വിവരം ചേർത്തത് ഇനം, അളവ് പ്രകാരമല്ല പിന്നീട് ഹോംകോയിൽ നിന്ന് ലഭ്യമാക്കിയത്. വിശദവിവരം താഴെച്ചേർക്കുന്നു.

| നോൺ അവയിലെബിലിറ്റി സർട്ടിഫിക്കറ്റ് | അളവ് | ഇൻവോയ്സ് നം. എൽ.എഫ്-2129/ 20.11.23 | അളവ് |
|---|---|---|---|

| | | | |
|---|---|---|---|
| പ്രകാരം ലഭ്യമാക്കേണ്ട മരുന്ന് | | പ്രകാരം ലഭ്യമാക്കിയ മരുന്ന് | |
| ബയോകെമിക്ക് ടാബ്ലറ്റ് & പൗഡേഴ്സ് 12X നാട്രം സൾഫ്യൂറിക്കം | 500 ഗ്രാം ടാബ്ലറ്റുകൾ 30 എണ്ണം.@200രൂപ ജി.എസ്.ടി -5%, ആകെ - 6300 രൂപ. | ഡി.എൽനാട്രം സൾഫ്യൂറിക്കം 1M 100ML@65 ആകെ 65രൂപ + 3.25 (5% ജി.എസ്.ടി) = 68.25 രൂപ | 100ML 1 എണ്ണം. |
| ബയോകെമിക്ക് ടാബ്ലറ്റ് & പൗഡേഴ്സ് 6X കാൽസറിയ ഫ്ളൂറിക്കം | 500 ഗ്രാം ടാബ്ലറ്റുകൾ 50എണ്ണം.@195രൂപ ജി.എസ്.ടി -5%, ആകെ - 10237.5 രൂപ. | 3000 എണ്ണം @5 രൂപ = ആകെ 15000രൂപ + 750(5% ജി.എസ്.ടി)രൂപ = 15750 രൂപ | 3000 എണ്ണം |
| കാൽസറിയ ഫ്ളൂറിക്കം 1M | 100ML Bottle 1എണ്ണം@ 65 +3.25 (5%Gst) = 68.25 രൂപ. | 100ML Bottle 2 എണ്ണം@ 65 +3.25 (5%Gst) = 136.50 രൂപ. | 2 എണ്ണം |
| ബയോകെമിക്ക് ടാബ്ലറ്റ് & പൗഡേഴ്സ് 6X ഫെറം ഫോസ്ഫോറിക്കം | 500 ഗ്രാം ടാബ്ലറ്റ് 50 എണ്ണം@195രൂപ (9750 രൂപ)+ 487.5രൂപ(5%ജി.എസ്.ടി)= 10237.5 രൂപ. | 3000എണ്ണം @5രൂപ നിരക്കിൽ 15000 രൂപ+ 750 രൂപ(5% ജി.എസ്.ടി) =15750 രൂപ. | 3000എണ്ണം |
| ബയോകെമിക്ക് ടാബ്ലറ്റ് & പൗഡേഴ്സ് 6X കാലി മ്യൂറിയാറ്റിക്കം | 500 ഗ്രാം ടാബ്ലറ്റ് 40 എണ്ണം@195രൂപ (7800 രൂപ)+ 390രൂപ (5%ജി.എസ്.ടി) =8190 രൂപ. | 2500എണ്ണം @5രൂപ നിരക്കിൽ 12500 രൂപ+625രൂപ(5% ജി.എസ്.ടി)=13125 രൂപ. | 2500എണ്ണം |

ഭാവിയിൽ മരുന്നുകൾ ലഭ്യമാക്കുന്നതിന് നോൺ അവയിലബിലിറ്റി സർട്ടിഫിക്കറ്റ് ലഭ്യമാക്കുമ്പോൾ മരുന്നുകൾ ഇൻഡന്റിൽ നിഷ്കർഷിക്കുന്ന അതേ തരത്തിലും, അളവിലും ലഭിച്ചുവെന്ന് സാക്ഷ്യപ്പെടുത്തൽ വരുത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്. ഓഡിറ്റ് എൻക്വയറി നം.9/6.01.2024 നൽകിയെങ്കിലും ആയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല .

**1-38 പദ്ധതി മോണിറ്ററിംഗ് ചെലവുകൾ -അപാകതകൾ**

നിർവ്വഹണോദ്യോഗസ്ഥൻ - സെക്രട്ടറി

പ്രോജക്ട് നം./പേര് - 83/23 – പദ്ധതി രൂപീകരണം മോണിറ്ററിംഗ് ചെലവുകൾ

അടങ്കൽ - വികസന ഫണ്ട് – ജനറൽ - 7,00,000രൂപ.

വൗച്ചർ നം - 22201707/12.08.22, തുക – 2,23,018 രൂപ.

മേൽപ്പറഞ്ഞ വൗച്ചർ പ്രകാരം പദ്ധതി രൂപീകരണത്തിന്റെ മോണിറ്ററിംഗ് ചെലവുകൾക്കായി താഴെ പറയുംപ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

| ക്രമ നം | തുക നൽകിയത് | തുക |
|---|---|---|
| 1 | അജി പോൾ, നോർത്ത് ചാലക്കുടി, പതിനാലാം പഞ്ചവത്സര പദ്ധതി ഡാറ്റാ എൻട്രി | 17,250 രൂപ |
| 2 | ജെ.ജെ.ഇലക്ട്രിക്കൽസ് | ഓണപ്പൊലിമ 2022, 7.4.22 ലെ പൊതു യോഗത്തിന് ഫാൻ - 5, ജനറേറ്റർ, വണ്ടി വാടക ഉൾപ്പടെ നൽകിയത് ബിൽ നം. 179/8.04.22 – 6,000/- രൂപ.<br>ഓണപ്പൊലിമ 2022, 7.4.22 ലെ പൊതുയോഗത്തിന് സൗണ്ട് സിസ്റ്റം, സ്റ്റേജ് ലൈറ്റ്, ജനറേറ്റർ, വണ്ടി വാടക ഉൾപ്പടെ നൽകിയത്<br>ബിൽ നം.202/6.07.22 – 2,500/- രൂപ |
| 3 | ഡൈനേസ്റ്റ് ചോയ്സ്, ചാലക്കുടി | 1,04,664 രൂപ |
| 4 | ഡിജിടെക് ഡിസൈൻസ് ചാലക്കുടി | 82,798 രൂപ |
| 5 | ബീറ്റ്സ് മീഡിയ, ചാലക്കുടി | 6,000 രൂപ |
| | ആകെ | 2,19,212 രൂപ |

ഡിജിടെക് സുന്ദർ ആർക്കേഡ്, കൊരട്ടി, തൃശ്ശൂർ എന്ന സ്ഥാപനത്തിന്റെ (DDA22-025/26.02.2021 നമ്പർ) ഇൻവോയ്സാണ് ഫയലിൽ അടക്കം ചെയ്തിട്ടുള്ളത്. ആയത് പ്രകാരം 2,19,212 രൂപയാണ് നൽകേണ്ടത്. എന്നാൽ വൗച്ചർ നം. 22201707/12.08.22 പ്രകാരം 2,23,018/- രൂപ നൽകിയിട്ടുണ്ട്. 3,806 രൂപ അധികം നൽകിയത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. വിശദീകരണത്തിന്റെ അഭാവത്തിൽ അധികം നൽകിയ തുക 3,806/- രൂപ തടസ്സപ്പെടുത്തുന്നു (നം.53/16.02.23).

## 1–39 പതിനാലാം പഞ്ചവത്സര പദ്ധതി രൂപീകരണം സംബന്ധിച്ചുള്ള പഠനം റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല.

നിർവ്വഹണോദ്യോഗസ്ഥൻ - സെക്രട്ടറി
പ്രൊജക്ട് നം. /പേര് - 163/23 - പതിനാലാം പഞ്ചവത്സര പദ്ധതി രൂപീകരണം സംബന്ധിച്ചുള്ള പഠനം.
ധനകാര്യകമ്മീഷൻ അവാർഡ് - 1,00,000 രൂപ

ചെലവ് - 94,777 രൂപ

വൗച്ചർ നം. 22200749/ 12.08.2022 - 85,045 രൂപ (86781- 1736 (ഇൻകം ടാക്സ്))

വൗച്ചർ നം. 22200750/30.08.2022 - 7,996 രൂപ

മേൽ പ്രൊജക്റ്റ് പ്രകാരം 14-ാം പഞ്ചവത്സര രൂപീകരണം സംബന്ധിച്ചുള്ള പഠനറിപ്പോർട്ട് പ്രിന്റ് ചെയ്യുന്നതിന്

85,045 രൂപ പ്രിയാ പ്രിന്റേഴ്സ്, ചാലക്കുടിക്ക് നൽകിയിട്ടുള്ളതാണ്. എന്നാൽ പ്രിന്റിംഗ് പൂർത്തീകരിച്ച് പഠനറിപ്പോർട്ട് ലഭ്യമാക്കി സ്റ്റോക്കിലെടുത്തതിന്റെ വിവരം ഹാജരാക്കിയിട്ടില്ല. ഇതുസംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയില്ല (നം.61/16.01.24). മറുപടിയുടെ അഭാവത്തിൽ ചെലവഴിച്ച തുക 85,045 രൂപ തടസ്സപ്പെടുത്തുന്നു.

**1-40 എസ്.സി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വിതരണം - അപാകതൾ.**

നിർവ്വഹണോദ്യോഗസ്ഥൻ - സെക്രട്ടറി

പ്രോജക്ട് നം./ പേര് - 115/23 – പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്പ്ടോപ്പ് നൽകുന്നത്.

അടങ്കൽ - 20,00,000 രൂപ

ചെലവ് - 8,94,576 രൂപ

വൗച്ചർ നം. /തീയ്യതി - 22202327/20.02.23

മേൽപ്പറഞ്ഞ പ്രൊജക്ട് പ്രകാരം കെൽട്രോണിൽ നിന്നും ഇൻവോയ്സ് നം. 11518/ITP/22-23 തീയതി 03.04.2023 പ്രകാരം ലാപ്ടോപ്പ് ഒന്നിന് 37,274/- രൂപ നിരക്കിൽ 24 ലാപ്ടോപ്പുകൾ (37274x24 = 8,94,576/-) മേൽ വൗച്ചർ പ്രകാരം വാങ്ങി വിതരണം നടത്തിയിട്ടുണ്ട്.

ബിരുദ/ബിരുദാനന്തര/പോളിടെക്നിക് ഡിപ്ലോമ, എഞ്ചിനീയറിംഗ് അടക്കമുള്ള പ്രൊഫഷണൽ കോഴ്സ്, മെഡിക്കൽ, കമ്പ്യൂട്ടർ സയൻസ് (ഡിപ്ലോമ, ബിരുദാനന്തര ബിരുദം), ചാർട്ടേർഡ് അക്കൗണ്ടന്റ് ആർട്ടിക്കിൾഷിപ്പ് എന്നീ കോഴ്സുകൾക്ക് സർക്കാർ/എയ്ഡഡ്/സ്വാശ്രയ സ്ഥാപനങ്ങളിലോ സർവ്വകലാശാല അഫിലിയേഷൻ ഉള്ള സ്ഥാപനങ്ങളിലോ പഠിക്കുന്ന പട്ടികജാതി/പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് ലാപ്പ്ടോപ്പ് നൽകാം. സ്ഥാപനമേധാവിയുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ നിശ്ചിത സ്പെസിഫിക്കേഷൻ പ്രകാരമുള്ള ലാപ്പ്ടോപ്പ് ആണ് നൽകേണ്ടത്. (പതിനാലാം പഞ്ചവൽസര പദ്ധതി സബ്സിഡി മാർഗ്ഗരേഖ സ.ഉ (കൈ) നം.115/2022/ എൽ.എസ്.ജി.ഡി തീയ്യതി.28.05.2022. ഖ.7.2.7 പ്രകാരം ആണ് മേൽ തുക അനുവദിക്കാവുന്നത്. (ലാപ്പ്ടോപ്പിന്റെ സ്പെസിഫിക്കേഷൻ ഇതേ ഉത്തരവിന്റെ അനുബന്ധം 4 പ്രകാരമുള്ളതാണ്). ഒരു വിദ്യാർത്ഥിക്ക് ഒരു തവണ മാത്രമേ ഈ ആനുകൂല്യം നൽകാവൂ. ലാപ്പ്ടോപ്പ് പട്ടികജാതി/പട്ടികവർഗ്ഗ വകുപ്പിൽ നിന്ന് നൽകിയിട്ടില്ലെന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തണം. എന്നാൽ എല്ലാ വിദ്യാർത്ഥികൾക്കും പട്ടികജാതി വികസന ഓഫീസറുടെ മുൻപ് ആനുകൂല്യം നൽകിയിട്ടില്ല എന്ന സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടില്ല. സ്ഥാപന മേധാവി നൽകുന്ന സാക്ഷ്യപത്രത്തിന് പകരം തിരിച്ചറിയൽ കാർഡിന്റെ അടിസ്ഥാനത്തിലും ലാപ്പ്ടോപ്പ് നൽകിയിട്ടുണ്ട്. സ്റ്റോക്ക് എൻട്രി നടത്തിയത് ഇഷ്യൂ വിവരങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. വിതരണ ലിസ്റ്റ് ഫയലിൽ ഉള്ളടക്കം ചെയ്തിട്ടില്ല. വിശദാംശങ്ങൾ താഴെച്ചേർക്കുന്നു. ഇതുസംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 31/11.1.23) മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ ചെലവഴിച്ച തുക 8,94,576 രൂപ തടസ്സപ്പെടുത്തുന്നു.

| വിദ്യാർത്ഥികളുടെ പേര് | അപാകത |
|---|---|
| വിഷ്ണു ഉണ്ണികൃഷ്ണൻ, എടാരത്ത് ഹൗസ്, വി.ആർ. പുരം, ചാലക്കുടി. | സ്ഥാപനമേധാവിയുടെ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. |
| അഭിനന്ദ് കൃഷ്ണൻ വെട്ടിയാട്ടിൽ ഹൗസ്, ചാലക്കുടി. | സ്ഥാപനമേധാവിയുടെ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. സ്ഥാപന ഐ.ഡി.കാർഡ് പകർപ്പാണ് വച്ചിട്ടുള്ളത്. |
| അഭിജിത്ത്.കെ.എ, കിടങ്ങയത്ത് ഹൗസ്, ആര്യൻകാല, ചാലക്കുടി. | സ്ഥാപനമേധാവിയുടെ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. |

**1-41 വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.**

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായ താഴെപ്പറയുന്ന പ്രോജക്ടുകൾക്ക് ധനവിനിയോഗ/പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. ആയത് ലഭിക്കുന്ന മുറയ്ക്ക് ഓഡിറ്റിന് ഹാജരാക്കേണ്ടതാണ് (ഓഡിറ്റ് എൻക്വയറി നം.47/15.1.24).

| പ്രൊജക്ട് നം | പ്രൊജക്ടിന്റെ പേര് | അടങ്കൽ തുക | ചെലവു തുക/ വൗച്ചർ നം | തുക/കൈപ്പറ്റിയ ഏജൻസി/ സ്ഥാപനം |
|---|---|---|---|---|
| 84/23 | ഐ.കെ.എം വിഹിതം നൽകൽ | വികസന ഫണ്ട് ജനറൽ -2,55,775 രൂപ | 214400 രൂപ 22201704/12.08.22 41375 രൂപ 22202533/15.03.23 | 255775 രൂപ എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ |
| 222/23 | വിവിധ വാർഡു കളിലേക്ക് സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ | ധനകാര്യ കമ്മീഷൻ അവാർഡ് 15,00,000 രൂപ | 10,75,216 രൂപ 22202664/8.02.2023 4,24,784 രൂപ 22202726/30.03.23 | 15,00,000 രൂപ അസിസ്റ്റന്റ് എൻജിനിയർ, കെ.എസ്.ഇ.ബി, ചാലക്കുടി |
| 227/23 | ചാലക്കുടിയിലെ വെള്ളക്കെട്ട് സംബന്ധിച്ച് ഡി.പി.ആർ തയ്യാറാക്കൽ. | വികസന ഫണ്ട് (ജനറൽ) - 6,00,000രൂപ | 590000 രൂപ 22202631/28.03.23 | 5,90,000 രൂപ ഡയറക്ടർ, സെന്റർ ഫോർ സോഷ്യൽ & റിസോഴ്സ് ഡവലപ്പ്മെന്റ്, പുതുക്കാട് |

**1-42 ഹെൽത്ത് വെൽനെസ്സ് സെന്ററുകൾക്ക് തുക നൽകിയത് - രേഖകൾ ഹാജരാക്കിയിട്ടില്ല,**

2022-23 കാലയളവിൽ സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ താഴെപ്പറയുന്ന പ്രൊജക്ടുകളുടെ ഫയലുകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. മേൽപ്രൊജക്ടുകൾ ഹാജരാക്കാത്ത സാഹചര്യത്തിൽ ചെലവഴിച്ച തുക 11,12,616 രൂപ തടസ്സപ്പെടുത്തുന്നു.

| പ്രൊജക്ട് നം | വിഷയം | അടങ്കൽ തുക | സുലേഖ സ്റ്റേറ്റ്മെന്റ് പ്രകാരം ചെലവു തുക |
|---|---|---|---|
| 306/23 | ചാലക്കുടി നഗരസഭയിൽ അർബൻ ഹെൽത്ത് വെൽനെസ്സ് സെന്റർ പ്രവർത്തിക്കുന്നതിനാവശ്യ മായ സൗകര്യമൊരുക്കൽ (ഹെൽത്ത് ഗ്രാന്റ്) | 7,50,000 രൂപ | 3,66,277 രൂപ |
| 307/23 | ചാലക്കുടി നഗരസഭയിൽ നോർത്ത് ചാലക്കുടി അർബ്ബൻ ഹെൽത്ത് വെൽനെസ്സ് സെന്റർ പ്രവർത്തിക്കുന്നതിനാവശ്യമായ സൗകര്യ മൊരുക്കൽ (ഹെൽത്ത് ഗ്രാന്റ്) | 7,50,000 രൂപ | 3,74,062 രൂപ |
| 308/23 | ചാലക്കുടി നഗരസഭയിൽ പോട്ടയിൽ അർബ്ബൻ ഹെൽത്ത് വെൽനെസ്സ് സെന്റർ പ്രവർത്തിക്കുന്നതിനാവശ്യമായ സൗകര്യ | 7,50,000 രൂപ | 3,72,277 രൂപ |

| | | | |
|---|---|---|---|
| | മൊരുക്കൽ (ഹെൽത്ത് ഗ്രാന്റ്) | | |
| | ആകെ | | 11,12,616 രൂപ |

ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി (നം.57/16.01.24) യ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-43 സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം കെൽട്രോണിൽ നിന്ന് തുക തിരികെ ലഭ്യമാക്കുന്നത്.

നിർവ്വഹണോദ്യോഗസ്ഥൻ – സെക്രട്ടറി

പ്രോജക്ട് നം./ പേര് – 026/23 – സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം നടപ്പാക്കൽ

അടങ്കൽ - ധനകാര്യകമ്മീഷൻ അവാർഡ് - 90000 രൂപ

ചെലവ് - 90,000 രൂപ.

വൗച്ചർ നം - 22200180/02-06-2022, തുക – 90,000 രൂപ.

കെൽട്രോൺ കമ്മ്യൂണിക്കേഷൻ കോംപ്ലക്സ്, കമ്മ്യൂണിക്കേഷൻ പ്രൊജക്ട് ഗ്രൂപ്പ്, മൺവിള, കുളത്തൂർ പി.ഒ, തിരുവനന്തപുരം - 695583 എന്ന സ്ഥാപനത്തിന് (ഇൻവോയ്സ് നം.SGMS-A/2110/22-23 തീയ്യതി 23.05.22) 42500 എണ്ണം ക്യൂ.ആർ കോഡ് അച്ചടിക്കുന്നതിന് 33,898 രൂപ നിരക്കിൽ (18% ജി.എസ്.ടി 7628 രൂപ ഉൾപ്പടെ) 90,000 രൂപയിൽപ്പെടുത്തി ഉൾപ്പെടുത്തി നൽകിയിരുന്നു. 29.12.2022 ലെ കെൽട്രോണിന്റെ KCC/CPG/CR-386/2022-23/665 കത്തിൽ 42500 എണ്ണം ക്യൂ.ആർ കോഡിന് എൻറോൾമെന്റിന് 40000 രൂപയാണ് ലഭ്യമാക്കിയിരുന്നതെന്നും സ്ഥാപനത്തിന് സപ്ലൈ ചെയ്യാൻ കഴിഞ്ഞിട്ടുള്ളത് 23000 എണ്ണമാണെന്നും ആയതിന്റെ തുക 21,647 രൂപ കുറവു ചെയ്തതിനു ശേഷം ബാക്കി തുകയായ 18,353 രൂപ തിരികെ നഗരസഭയ്ക്ക് റീഫണ്ട് ചെയ്യുന്നതിന് ബാങ്ക് അക്കൗണ്ട് വിവരം നൽകുവാനും ആവശ്യപ്പെട്ടിരുന്നു. ആയതനുസരിച്ച് സെക്രട്ടറിയുടെ പേരിലുള്ള എച്ച്.ഡി.എഫ്.സി ബാങ്കിന്റെ അക്കൗണ്ട് വിവരം (A/C No.50100376759830, Ifsc – HDFC 0000402) 06.01.23 ലെ എച്ച് 2-93/22 കത്തിൽ സെക്രട്ടറി കെൽട്രോണിനെ അറിയിച്ചിരുന്നു. എന്നാൽ തുക തിരികെ ലഭ്യമായതിന്റെ വിവരങ്ങളൊന്നും ഫയലിൽ ലഭ്യമല്ല. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. തുക തിരികെ ലഭ്യമായതിന്റെയോ അനന്തരനടപടികൾ സ്വീകരിച്ചതിന്റെയോ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്. ആയതു ലഭ്യമാക്കും വരെ 18,353 രൂപ തടസ്സപ്പെടുത്തുന്നു. (ഓഡിറ്റ് എൻക്വയറി നം.67/17.01.24).

## 1-44 സാധനസാമഗ്രികളുടെ ഗുണനിലവാരം ഉറപ്പുവരുത്തിയിട്ടില്ല

2012 ലെ കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ 2214 വകുപ്പ്, 10/9/15 ലെ GO(Rt)1339/15/PWD ഉത്തരവുപ്രകാരമുള്ള ക്വാളിറ്റി കൺട്രോൾ മാന്വൽ, 10/9/15 ലെ സർക്കുലർ നം.10434/C3/14/PWD എന്നിവകളിലെ നിബന്ധനകൾ പ്രകാരം പതിനഞ്ച് ലക്ഷത്തിന്മേൽ അടങ്കലുള്ള പ്രവൃത്തികളുടെ കാര്യത്തിൽ ഏതെല്ലാം അവസരങ്ങളിൽ ബിൽ സമർപ്പിച്ചാലും ഉപയോഗിക്കുന്ന സാമഗ്രികളുടെ ഫസ്റ്റ് ടയർ ക്വാളിറ്റി കൺട്രോൾ ടെസ്റ്റിങ് സർട്ടിഫിക്കറ്റ് സമർപ്പിക്കേണ്ടതാണെങ്കിലും നഗരസഭാ എഞ്ചിനീയർ, അസി. എൻജിനീയർ എന്നിവർ നിർവ്വഹണോദ്യോഗസ്ഥരായി നടപ്പിലാക്കിയ താഴെപ്പറയുന്ന പ്രവൃത്തികളുടെ കാര്യത്തിൽ കരാറുകാർ ആയത് സമർപ്പിച്ചിട്ടില്ല.

1.

| | |
|---|---|
| പ്രൊജക്റ്റ് നം. | 30/23 |
| പ്രവൃത്തി | കിഴക്കുമാലിക്കുളം നവീകരണം |
| അടങ്കൽ, ഫണ്ട് | 3000000/- രൂപ സി. എഫ്. സി ഗ്രാന്റ് |
| നിർവഹണോദ്യോഗസ്ഥൻ | നഗരസഭാ എൻജിനീയർ |
| കരാറുകാരൻ | ബൈജു കെ. റ്റി |
| കരാർ | 34/21-22/10/2/22 |
| ബിൽ സാങ്ങ്ഷൻ നം, | 551/30/3/22, 905130/ |

| | |
|---|---|
| തുക | 448/10/3/23, 1648210/ |

2.

| | |
|---|---|
| പ്രൊജക്റ്റ് നം. | 470/21, 92 /23 |
| പ്രവൃത്തി | റിസോഴ്സ് റിക്കവറി ഫെസിലിറ്റി കെട്ടിടം നിർമാണം |
| അടങ്കൽ, ഫണ്ട് | 2813400/- മൊത്തം അടങ്കൽ സാമ്പത്തിക വർഷത്തെ അടങ്കൽ താഴെ 839570/ സി. എഫ്. സി ഗ്രാന്റ്<br>283804/ കേന്ദ്രാവിഷ്കൃത ഫണ്ട്<br>175243/ സംസ്ഥാനാവിഷ്കൃതഫണ്ട്<br>ആക 1298617/ രൂപ |
| നിർവഹണോദ്യോഗസ്ഥൻ | നഗരസഭാ എൻജിനീയർ |
| കരാറുകാരൻ | അനീഷ് കുമാർ റ്റി |
| കരാർ | 35/20-21/22/3/21 |
| അളവുപുസ്തകം | 170/20-21. 51/22-23 |
| ബിൽ സാങ്ങ്ഷൻ നം., തുക/ ചെക്ക് നമ്പർ, തുക | 223795/4/8/21, 435525/<br>223797/7/9/21, 634414/<br>303/7/3/22, 961381/<br>449/6/3/23, 695558/ |

3.

| | |
|---|---|
| പ്രൊജക്റ്റ് നം. | 469/21, 232/22, 93/23 |
| പ്രവൃത്തി | ഖരമാലിന്യസംസ്കരണ പ്ലാന്റ് നവീകരണം |
| മൊത്തം അടങ്കൽ, ഫണ്ട് | 3336000/ സി.എഫ്.സി ഗ്രാന്റ്<br>4664000/കേന്ദ്രാവിഷ്കൃത, സംസ്ഥാനാവിഷ്കൃതഫണ്ട് |
| സാമ്പത്തികവർഷത്തെ അടങ്കൽ | 5440000/ സി.എഫ്.സി. ഗ്രാന്റ് |
| നിർവഹണോദ്യോഗസ്ഥൻ | നഗരസഭാ എൻജിനീയർ |
| കരാറുകാരൻ | കെ. എസ്. പോളി |
| കരാർ | 7/21-22/26/7/21 |
| അളവുപുസ്തകം | 10/21-22, 30/21-22,140/21-22 |
| ബിൽ സാങ്ങ്ഷൻ നം., തുക | 223798/13/9/21, 571440/<br>223816/14/12/21, 1442267/<br>362/7/3/22, 752924/<br>117/1/9/22, 282469/<br>നോട്ട് ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല-664406/നോട്ട് ഫയലിൽ |

| | |
|---|---|
| | രേഖപ്പെടുത്തിട്ടില്ല-381937/ |

4

| | |
|---|---|
| പ്രൊജക്റ്റ് നമ്പർ | 79/23 |
| പ്രവൃത്തി | അർബൻ ആശുപത്രി കെട്ടിടനിർമാണം |
| അടങ്കൽ, ഫണ്ട് | 1200000/വികസനഫണ്ട് ജനറൽ<br>1700000/സി.എഫ്.സി ഗ്രാന്റ്<br>ആകെ 2700000/ രൂപ |
| നിർവ്വഹണോദ്യോഗസ്ഥൻ | നഗരസഭാ എൻജിനീയർ |
| ചെലവുവിവരം-സുലേഖ പത്രിക പ്രകാരം | 1124960/ വികനഫണ്ട് ജനറൽ<br>1500000/ സി.എഫ്.സി ഗ്രാന്റ്<br>ആകെ 2624960/ രൂപ |

ഈ പ്രവൃത്തി സംബന്ധിച്ച ഫയൽ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. ഫയൽ ലഭ്യമാക്കാത്ത സാഹചര്യത്തിൽ ചെലവഴിച്ച തുകയുടെ കൃത്യത, 15,00,000/- രൂപയ്ക്ക് മുകളിൽ അടങ്കൽ വരുന്ന പ്രവൃത്തികളുടെ കാര്യത്തിൽ സാധനസാമഗ്രികളുടെ ഗുണനിലവാര പരിശോധന ഉറപ്പുവരുത്തിയിട്ടാണോ കരാറുകാരന് തുക അനുവദിച്ചത് എന്നീകാര്യങ്ങൾ വിലയിരുത്തുവാൻ കഴിഞ്ഞിട്ടില്ല.

പ്രവൃത്തി സംബന്ധിച്ച ഫയൽ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ് (ഓഡിറ്റ് എൻക്വയറി നമ്പർ 3/8/1/24).

5.

| | |
|---|---|
| പ്രൊജക്റ്റ് നം. | 224/23 |
| പ്രവൃത്തി | നഗരസഭാപ്രദേശങ്ങളിൽ മാലിന്യനിക്ഷേപം തടയുന്നതിനായി സി. സി. ടി. വി. ക്യാമറ സ്ഥാപിക്കൽ |
| അടങ്കൽ, ഫണ്ട് | 2500000/ |
| കരാറുകാർ | M/S സിൽക്ക് |
| കരാർ | 34/22-23/13/1/23 |
| ബിൽ സാങ്ഷൻ നം., തുക | 394/303/23, 2487896/ |

6.

| | |
|---|---|
| പ്രൊജക്റ്റ് നം. | 252 /23 |
| പ്രവൃത്തി | ഖരമാലിന്യ സംസ്കരണ പ്ലാന്റ് നവീകരണം |
| അടങ്കൽ, ഫണ്ട് | 2000000/ |
| നിർവഹണ ഉദ്യോഗസ്ഥൻ | അസി. എൻജിനീയർ |
| കരാറുകാരൻ | കെ. എസ്. ഗോപി |
| കരാർ | 67/22-23/3/2/23 |

| | |
|---|---|
| അളവുപുസ്തകം | LSGD/CELSGD/86253/2022 5 1 1 |
| ബിൽ സാങ്ഷൻ നം, തുക | 419/14/3/23, 1073316/ |

പ്രസ്തുത പ്രവൃത്തികളിൽ സാധനസാമഗ്രികളുടെ ഗുണനിലവാരപരിശോധന നടത്താത്തതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്. ഇത്തരത്തിലുള്ള അപാകതകൾ ഭാവിയിൽ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധ ചെലുത്തേണ്ടതുമാണ് ( ഓഡിറ്റ് എൻക്വയറി നമ്പർ 43/18/1/24 ക്രമനമ്പർ 1 മുതൽ 3 വരെ), (ഓഡിറ്റ് എൻക്വയറി നമ്പർ 3/8/1/24), (ക്രമനമ്പർ 4, ഓഡിറ്റ് എൻക്വയറി നമ്പർ 42/15/1/24), (ഓഡിറ്റ് എൻക്വയറി നമ്പർ 46/16/1/24 ).

**1-45 കുഴിച്ചെടുത്ത മണ്ണിന്റെ വിനിയോഗം വ്യക്തമായി അളവുപുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടില്ല**

പ്രൊജക്റ്റ് സംബന്ധിച്ച വവിരങ്ങൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| പ്രൊജക്റ്റ് നം. | 30/23 |
| പ്രവൃത്തി | കിഴക്കുമാലിക്കുളം നവീകരണം |
| അടങ്കൽ, ഫണ്ട് | 3000000/ രൂപ സി.എഫ്.സി ഗ്രാന്റ് |
| കരാറുകാരൻ | ബൈജു കെ. റ്റി |
| കരാർ | 34/21-22/10/2/22 |
| അളവുപുസ്തകം | |
| ബിൽ സാങ്ഷൻ നം, തുക | 551/30/3/22, 905130/<br>448/10/3/23, 1648210/ |

അളവുപുസ്തകം 122/2020-21 പേജ് 4 ൽ ഇനം 2 പ്രകാരം കുഴിച്ചെടുത്ത 479.266 ഘനമീറ്റർ മണ്ണിൽ ഫില്ലിങിന് ഉപയോഗിച്ച ശേഷം കൂടുതലായി വന്ന മണ്ണ് ഗ്രൗണ്ടിൽ നിക്ഷേപിച്ചതായും രേഖപ്പെടുത്തിയിട്ടുണ്ട്, എങ്കിലും ഗ്രൗണ്ടിന്റെ പേര് വ്യക്തമല്ല. എത്ര ഘനമീറ്റർ മണ്ണ് ഫില്ലിങ്ങിനായി ഉപയോഗിച്ചു, ബാക്കി എത്ര ഘനമീറ്റർ മണ്ണ് ഗ്രൗണ്ടിൽ നിക്ഷേപിച്ചു എന്ന് വ്യക്തമായി അളവുപുസ്തകത്തിൽ രേഖപ്പെടുത്തേണ്ടതാണ്. കുഴിച്ചെടുക്കുന്ന മണ്ണ് ഫില്ലിങ്ങിന് ഉപയോഗിച്ചശേഷം ബാക്കി മണ്ണ് ലേലനടപടികൾക്കായി നഗരസഭാ സെക്രട്ടറിക്ക് കൈമാറുകയാണ് യഥാർത്ഥത്തിൽ ചെയ്യേണ്ടിയിരുന്നത്. ഇപ്രകാരം ചെയ്യാതിരുന്നതിന്റെ കാരണം വിശദമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 43/15.0124) യ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. മറുപടി ലഭ്യമാക്കേണ്ടതാണ്.

**1-46 ടൗൺ ഹാൾ പൂർത്തീകരണം-അളവുപുസ്തകം,ബിൽ എന്നിവ ഹാജരാക്കിയില്ല - 15,93,377 രൂപ തടസ്സപ്പെടുത്തുന്നു**

നഗരസഭാ എഞ്ചിനീയർ തൻവർഷം നിർവ്വഹണം നടത്തിയ പ്രസ്തുത പ്രൊജക്റ്റ് സംബന്ധിച്ച വിവരങ്ങൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| പ്രൊജക്റ്റ് നം. | 184/21, 303/22, 81 /23 |
| മൊത്തം അടങ്കൽ | 1,84,90,000/ |
| സാമ്പത്തികവർഷത്തെ അടങ്കൽ, ഫണ്ട് | 32,55,759/, സി.എഫ്.സി ഗ്രാന്റ് |
| കരാറുകാർ | ഊരാളുങ്കൽ ലേബർ കോൺട്രാക്റ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി |
| കരാർ | 6/20-21/2/11/20 |
| അളവുപുസ്തകം | ഹാജരാക്കിയിട്ടില്ല |

| | |
|---|---|
| വൗച്ചർ നം./തീയതി/ തുക | 22202721/31.03.2021 15,93,377/- |

അളവുപുസ്തകം ബിൽ സഹിതം പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ് (ഓഡിറ്റ് എൻക്വയറി നമ്പർ 43/15/1/24).

അളവുപുസ്തകം, ബിൽ എന്നിവ ഹാജരാക്കാത്തതിനാൽ തൻവർഷത്തെ ചെലവ് തുകയായ 15,93,377 രൂപ തടസ്സപ്പെടുത്തുന്നു.

## 1-47 നഗരസഭ ടൗൺഹാളിന്റെ പരിപാലന ചെലവ് പരിമിതപ്പെടുത്തുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്

ഫയൽ നം. E1-12841/17,
ഫയൽ നം. R4-8907/23

2/5/11 ലെ 1 നമ്പർ കൗൺസിൽ തീരുമാനമനുസരിച്ച് പൊതുജനങ്ങളിൽനിന്നും പരിധിയില്ലാതെ സംഭാവന സ്വീകരിച്ച് അവരുടെ പങ്കാളിത്തത്തോടെ നഗരസഭയ്ക്കായി ടൗൺഹാൾ നിർമ്മാണം 2011ൽ തന്നെ തുടങ്ങി 2013ൽ പൂർത്തീകരിക്കുവാനാണ് ലക്ഷ്യമിട്ടതെങ്കിലും സാങ്കേതിക കാരണങ്ങളാൽ നിർമ്മാണം വൈകി. പിന്നീട് സർക്കാർ അംഗീകാരത്തോടെ ഊരാളുങ്കൽ ലേബർ കോൺട്രാക്റ്റ് സൊസൈറ്റിയുമായി 1/17/1213 നമ്പർ പ്രകാരം 5,31,27,049/- രൂപ സാങ്കേതികാനുമതി തുകയിൽ കരാർ ചമച്ചു.

31/12/2016 വരെ 4,09,84,872/- രൂപ ചെലവഴിച്ചു (2015-16 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-20). പുതിയ ഷെഡ്യൂൾ ഓഫ് റേറ്റ് വന്നതിനെ തുടർന്ന് പ്രവൃത്തി പൂർത്തീകരണത്തിനായി E1-12841/17 നമ്പർ ഫയൽ ആരംഭിച്ചു. നഗരസഭാ കൗൺസിലിന്റെ 1/27/9/19 നമ്പർ തീരുമാനപ്രകാരം 1,90,00,000/- രൂപയ്ക്ക് ഭരണാനുമതി ലഭിച്ച പൂർത്തീകരണ പ്രവൃത്തിയുടെ എസ്റ്റിമേറ്റിന് സൂപ്രണ്ടിങ്ങ് എഞ്ചിനീയറുടെ LSGD/TS/2020-21/123390/10/10/20 നമ്പർ പ്രകാരം 1,84,90,000/- രൂപയ്ക്ക് സാങ്കേതികാനുമതി ലഭിച്ചു.

കൂടാതെ ടൗൺ ഹാളിൽ കൂടുതൽ അടിസ്ഥാനസൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനായി 75,00,000/- രൂപയുടെ പ്രൊജക്റ്റ് ആരംഭിക്കുകയും 231/22 നമ്പർ പ്രൊജക്റ്റ് പ്രകാരം ആയതിന് മൊത്തം 59,08,534/- രൂപ 2023-24 വരെ ചെലവാക്കുകയുമുണ്ടായി. ഇലക്ട്രിഫിക്കേഷൻ പ്രവൃത്തിയ്ക്കായി 74,00,000/- രൂപയ്ക്ക് പ്രൊജക്റ്റ് ആവിഷ്കരിക്കുകയും 90/23 നമ്പർ പ്രൊജക്റ്റ് പ്രകാരം 2023-24 വരെ 69,13,309/- രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. പ്രൊജക്റ്റ് സംബന്ധിച്ച വിവരങ്ങൾ നോട്ട് ഫയലിലും കറസ്പോണ്ടന്റ് ഫയലിലും ചിട്ടയായി രേഖപ്പെടുത്തി സൂക്ഷിക്കാത്തതിനാൽ ചെലവഴിച്ച തുകയുടെ ബിൽ നമ്പർ, വൗച്ചർ നമ്പർ, ചെക്ക് നമ്പർ, ബിൽ സാങ്ങ്ഷൻ നമ്പർ എന്നിവ ശേഖരിക്കുവാൻ കഴിഞ്ഞിട്ടില്ല.

ഓഡിറ്റിനായി ലഭ്യമാക്കിയ രേഖകൾ പ്രകാരം ടൗൺ ഹാളിനുവേണ്ടി ചെലവഴിച്ച തുക സംബന്ധിച്ച വിവരം താഴെ കൊടുക്കുന്നു.

| | |
|---|---|
| ടൗൺ ഹാൾ നിർമ്മാണം ആദ്യഘട്ടം 31/12/2016 വരെയുള്ള ചെലവ് | 4,09,84,872/- |
| ടൗൺ ഹാൾ പൂർത്തീകരണ ചെലവ് | 1,76,01,203/- |
| ടൗൺ ഹാൾ അടിസ്ഥാനസൗകര്യ വികസന ചെലവ് | 59,08,534/- |
| വൈദ്യുതീകരണ ചെലവ് | 69,13,309/- |
| ആകെ | 7,14,07,918/- |
| ടൗൺ ഹാളിലേക്ക് ഫർണീച്ചർ വാങ്ങുന്നതിനായി നഗരസഭാ സെക്രട്ടറി നടപ്പിലാക്കിയ പ്രൊജക്റ്റ് പ്രകാരമുള്ള ചെലവ് | 26,74,954/- |

| | |
|---|---|
| ആകെ ചെലവ് | 7,40,82,872/- |

കെട്ടിടനിർമ്മാണത്തിനായി വിഭാവനം ചെയ്ത മൂന്ന് കോടി രൂപയുടെ 2.38 മടങ്ങ് തുക ചെലവഴിച്ചിട്ടാണ് പ്രസ്തുത നിർമ്മാണം പൂർത്തീകരിച്ചതെന്ന് കാണാവുന്നതാണ്, അതായത് വിഭാവനം ചെയ്ത തുക കെട്ടിടനിർമമാണത്തിന് വേണ്ടി വന്ന ആകെ തുകയുടെ 42% മാത്രമേ ആകുന്നുള്ളൂ.

ഈ പ്രവൃത്തിയ്ക്കായി പൊതുജനങ്ങളിൽ നിന്നും സംഭാവനയായി ലഭിച്ച തുകയുടെ വിവരം നഗരസഭയിൽ നിന്നും ലഭ്യമായ വിവരങ്ങൾ പ്രകാരം താഴെ കൊടുക്കുന്നു.

| വർഷം | ലഭിച്ച തുക |
|---|---|
| 2011 | 10,00,000/- |
| 2012 | 40,99,000/- |
| 2013 | 93,05,000/- |
| 2014 | 48,50,000/- |
| 2015 | 75,75,000/- |
| രൂപ | 2,68,29,000/- |

